# വ്യാപാരകേരളം

**ഓണപ്പതിപ്പ്**

പുസ്തകം 2 ലക്കം 5 പേജുകൾ 62 ആഗസ്റ്റ് 2021





കെ.പി.ശങ്കരൻ

## ഭാഷയുടെ നിർമ്മല താരകങ്ങൾ



കെ.ബി.ശ്രീദേവി

- രാവുണ്ണി
- ടി.സി.മാത്യു
- വി.പി.ജോൺസ്
- സുകുമാർ കൂർക്കഞ്ചേരി
- പി.കെ.ഭരതൻ

- കവിതാ പുരസ്കാര ജേതാക്കളുടെ കവിതകൾ
- ഓർമ്മകളിൽ ഓണം
- കാർട്ടൂൺ കേരളം

കഥ | കവിത | കഥവിത | ലേഖനം | കാർട്ടൂൺ | അഭിമുഖം






ആഗസ്റ്റ് ലക്കം ഓണപ്പതിപ്പാണ്, ലബ്ധപ്രതിഷ്ഠരും എഴുത്തിൽ ശുഭസൂചനകൾ നൽകി കഴിഞ്ഞ പുതുതലമുറ എഴുത്തുകാരും ഈ ലക്കത്തെ സമ്പന്നമാക്കിയിരിക്കുന്നു. 'കാർട്ടൂൺ കേരളം' എന്ന പംക്തിക്കും തുടക്കം കുറിക്കുകയാണ് ഓണപ്പതിപ്പ്.

ആഘോഷിക്കാൻ കാരണങ്ങളില്ലാതെയാണ് ഈ ഓണക്കാലം കടന്നുപോകുക. ആശങ്കകളേറി നിൽക്കുന്ന മനസുകളിൽ ഒരാഘോഷത്തിനും ഇടം കിട്ടിയേക്കില്ല. ഏറെ കേട്ടുകഴിഞ്ഞ സാന്ത്വനം തന്നെ ഒരിക്കൽകൂടി ഉദ്ധരിക്കട്ടെ: "ഈ കാലവും കടന്നുപോകും. വസന്തങ്ങൾ ഇനിയുമെത്തും. ഭയരഹിതമായ സ്പർശങ്ങൾ ഇനിയും നാമറിയും.'

ഭാഷയുടെ നൈർമല്യം എന്നു വിശേഷിപ്പിക്കാവുന്ന രണ്ട് പ്രതിഭകൾ ഓണപ്പതിപ്പിന് അലങ്കാരമായിട്ടുണ്ട്. പ്രൊഫ. കെ.പി.ശങ്കരനും കെ.ബി.ശ്രീദേവിയും. രണ്ടുപേരും ഒരപൂർവ്വ അവസരത്തിൽ എന്റെ ഒരെഴുത്തിനെ വാഴ്ത്തിയവരാണ്. ദേശാഭിമാനി വാരികയിൽ പ്രസിദ്ധീകൃതമായ എന്റെ കഥ 'വി.പി.', വി.ടി. സാഹിത്യ പുരസ്കാരത്തിന് തെരഞ്ഞെടുത്തത് ഇവരായിരുന്നു. ഭാഷാ നിരീക്ഷകനായ ശങ്കരൻ മാഷോടും, മനുഷ്യബന്ധങ്ങളിലെ കുരുക്കുകളഴിക്കാൻ കഥ മാധ്യമമാക്കിയ ശ്രീദേവി എന്ന എഴുത്തുകാരിയോടും വളരെമുമ്പേ, വായനാബന്ധം എനിക്കുണ്ടായിരുന്നു. ശങ്കരൻ മാഷോട് അതിലേറെയും. ഇരുവരുടെയും സാന്നിധ്യം ഓണപ്പതിപ്പിന് ധന്യത പകരുന്നു.

മാധ്യമരംഗത്തെ അതികായനായ ടി.സി.മാത്യുവിന്റെ ലേഖനം, കഥയും കവിതയും സമന്വയിപ്പിച്ച് പി.കെ.ഭരതൻ എഴുതിയ 'കഥവിത', കവിതയെന്നപോലെ സാമൂഹിക ഇടപെടലുകളിലൂടെയും ശ്രദ്ധേയനായ രാവുണ്ണിയുടെ കവിത, കഥപറച്ചിലിൽ ഒരിടം സ്വന്തമാക്കിയ വി.പി.ജോൺസിന്റെ കഥ, 'വ്യാപാരകേരളം' പ്രഥമ കവിതാപുരസ്കാരജേതാക്കളുടെ കവിത എന്നിങ്ങനെ എടുത്തുപറയാവുന്ന വിശേഷങ്ങളോടെയാണ് ഓണപ്പതിപ്പ് പ്രസിദ്ധീകൃതമാകുന്നത്. സമകാലികം, റിഥം ഓഫ് ലൈഫ് എന്നീ പംക്തികളും ശ്രദ്ധാർഹമായ രചനകളാകുന്നു.

ഒത്തുചേർന്നുള്ള ഓണാഘോഷം അസാധ്യമാണെങ്കിലും ഓൺലൈൻ വായന ആഘോഷമാക്കുന്നതിനുതകുന്ന വിഭവങ്ങൾ ഏറെക്കുറെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നാണ് പിന്നണിപ്രവർത്തകരുടെ വിശ്വാസം. വായനക്കാർക്ക് പ്രതികരണങ്ങൾ അറിയിക്കാം. വാട്സ്അപ് നമ്പർ: 6238553602. ഇമെയിൽ: vyaparakeralam@gmail.com

**-സി.ആർ.രാജൻ,**
എഡിറ്റർ


ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

# കാർട്ടൂൺ കേരളം:



**രാജേശ്വരി തുളസി**




## അകത്താളുകളിൽ

**ലേഖനം/പംക്തി**
ടി.സി. മാത്യു: പേജ് 5
ഫ്രാങ്കോ ലൂയിസ്: പേജ് 16
തേജശ്രീ: പേജ് 22
കാരൂർ സോമൻ: പേജ് 30
കൃഷ്ണകുമാർ മാപ്രാണം: പേജ് 42

**അഭിമുഖം**
സുകുമാർ കൂർക്കഞ്ചേരി/ ഹരിത വി. കുമാർ പേജ്: 50

**കാർട്ടൂൺ കേരളം**
രാജേശ്വരി തുളസി: പേജ് 3

**കഥ**
വി.പി. ജോൺസ്: പേജ് 9
പി. രഘുനാഥ്: പേജ് 25
അനിത ശ്രീജിത്ത്: പേജ് 33
കെ.കെ. കുമാരൻ: പേജ് 58

**കഥവിത**
പി.കെ. ഭരതൻ: പേജ് 14

**കവിത**
രാവുണ്ണി: പേജ് 4
സ്റ്റെല്ല മാത്യു: പേജ് 20
ജയപ്രകാശ് എറവ്: പേജ് 21
ശാന്തി പാട്ടത്തിൽ: പേജ് 27
ആർ. ശ്രീലതാവർമ്മ: പേജ് 28
സോണി വർഗീസ് വരനാട്: പേജ് 29
കെ. വി. സുമിത്ര: പേജ് 39
നിഖിൽ തങ്കപ്പൻ: പേജ് 40
എ.കെ. അനിൽകുമാർ: പേജ് 41
ലക്ഷ്മി പി.: പേജ് 46
ആദി: പേജ് 48
രേഖ തോപ്പിൽ: പേജ് 49
രാജു കാഞ്ഞിരങ്ങാട്: പേജ് 54
ടി.പി. രാധാകൃഷ്ണൻ: പേജ് 55
അസ്‌ലം തൈപ്പറമ്പിൽ: പേജ് 56
ഉണ്ണികഷ്ണൻ മുതുകുളം: പേജ് 57
കണ്ടല്ലൂർ ലാഹിരി: പേജ് 61
രാജീവ് മാമ്പുള്ളി: പേജ് 62

# ഉണ്മ



രാവുണ്ണി

കവിതയുണ്ടെമ്പാടും
ശിലയിൽ ശില്പം പോലെ
നമ്മളിലുണ്ട് സ്നേഹം
ദീപത്തിൽ ദീപ്തി പോലെ

സുഗന്ധമുണ്ടെമ്പാടും
എന്നിൽ നീയെന്ന പോലെ
നിറങ്ങളുണ്ടെമ്പാടും
നിന്നിൽ ഞാനെന്ന പോലെ


സ്ഥൂലത്തിൽ വളർന്നാലും
സൂക്ഷ്മമാണെന്തുമേതും
സൂക്ഷ്മാണു ഭാവത്തിലും
ബ്രഹ്മാണ്ഡപ്പരപ്പുണ്ടാം



# ചെണ്ട കൊട്ടാം; ട്വീറ്റ് ചെയ്യരുത്



**അഭിപ്രായ സ്വാതന്ത്ര്യം വീണ്ടും സർക്കാരുകളുടെ നിയന്ത്രണത്തിലേക്കു വീഴുമ്പോൾ**



ടി.സി.മാത്യു

മനുഷ്യൻ സാമൂഹിക സമ്പർക്കത്തിനും വിവര വിനിമയത്തിനും ഉപയോഗിച്ച ആദ്യകാല ഉപകരണങ്ങളിൽ പ്രധാനമാണു ചെണ്ട. ചെണ്ടകൊട്ടി നാലഞ്ചു മൈൽ അകലെ വരെ വിവരങ്ങൾ കൈമാറാൻ കഴിഞ്ഞിരുന്നു. ആദിമ സമൂഹങ്ങളിലെ മറ്റു സാങ്കേതിക വിദ്യകൾ പോലെ ഈ സാങ്കേതിക വിദ്യക്കും പ്രത്യേക നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ പറയുന്നില്ല.

സഹസ്രാബ്ദങ്ങൾക്കു ശേഷമാണു മനുഷ്യന് അച്ചടിവിദ്യ വശമായത്. ജർമനിയിലെ മെയിൻസ് പട്ടണത്തിലെ ഒരു സ്വർണ്ണപ്പണിക്കാരൻ യൊഹാന്നസ് ഗുട്ടൻബർഗ് 1440–50 കാലത്താണ് അച്ചടിവിദ്യ ആവിഷ്കരിക്കുന്നത്. മാറ്റി വയ്ക്കാവുന്ന അച്ചുകൾ ഉപയോഗിച്ചുള്ള അച്ചടി സാമൂഹ്യസമ്പർക്കത്തിലും വിവരവിനിമയത്തിലും വലിയ വിപ്ലവമാണു വരുത്തിയത്. തുടർന്നുള്ള അഞ്ചു നൂറ്റാണ്ടുകാലം മനുഷ്യരുടെ വിവരവിനിമയത്തിന്റെയും സാമൂഹിക സമ്പർക്കത്തിന്റെയും ഏറ്റവും വലിയ ഉപാധി അച്ചടിയായിരുന്നു.

## അച്ചടി വരുത്തിയ വിപ്ലവം


അച്ചടിയുടെ വിപ്ലവം മനസിലാക്കാൻ ഒരു ചെറിയ കണക്ക്. അച്ചടിവിദ്യ വരും മുമ്പ് യൂറോപ്പിൽ ഉണ്ടായിരുന്ന കൈയെഴുത്തു പുസ്തകങ്ങളുടെ എണ്ണം ആയിരങ്ങളിൽ ഒതുങ്ങിയിരുന്നു. അച്ചടിവിദ്യ വന്ന് അൻപതു വർഷമായപ്പോഴേക്ക് യൂറോപ്പിലുള്ള പുസ്തകങ്ങളുടെ എണ്ണം 90 ലക്ഷത്തിലധികമായി.

വിവരങ്ങളും ആശയങ്ങളും ബഹുജനങ്ങൾക്കു സുഗമമായും കുറഞ്ഞചെലവിലും കിട്ടുന്ന അവസ്ഥ സാക്ഷരതയും അറിവും ദേശീയബോധവും അവകാശബോധവും വ

ഉർത്തി. രണ്ടാം സഹസ്രാബ്ദത്തെ മാറ്റിമറിച്ച വലിയ ആവിഷ്കാരമായി അച്ചടിവിദ്യ.

## നിയന്ത്രണം വരുന്നു

ഇത്രയേറെ വലിയ സാങ്കേതിക വിപ്ലവം യൂറോപ്പ് മുഴുവൻ വ്യാപകമായി ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടു മാത്രമാണ് അതിനു സർക്കാർ നിയന്ത്രണം ഉണ്ടാകുന്നത്. നിയന്ത്രണം തുടങ്ങിയപ്പോൾ രാജ്യദ്രോഹം, കലാ




പശ്രമം, ദൈവദൂഷണം, മതവിരുദ്ധത തുടങ്ങിയവയും അവയെ പിന്തുണയ്ക്കുന്നവയും പ്രസിദ്ധീകരിക്കുന്നതാണ് ആദ്യം വിലക്കപ്പെട്ടത്. പിന്നീടാണ് അശ്ലീലം തുടങ്ങിയവയൊക്കെ നിരോധിതമായത്.

## പോരാടി നേടിയ വിജയം

നൂറ്റാണ്ടുകളിലൂടെ ഈ വിലക്കുകളിൽ അയവു വരുത്താൻ മാധ്യമങ്ങളുടെയും എഴുത്തുകാരുടെയും പോരാട്ടങ്ങൾക്കു കഴിഞ്ഞു. മികച്ച ജനാധിപത്യം നിലനിൽക്കുന്ന നാടുകളിൽ അഭിപ്രായ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുന്നതിന് എതിരെയാണു നീതിപീഠങ്ങളും പൊതുജനാഭിപ്രായവും. രാജ്യദ്രോഹമെന്നൊക്കെ പറഞ്ഞു കേസ് എടുക്കുന്നതു പരിഷ്കൃതരാജ്യങ്ങളിൽ ഇല്ലാതായെന്നു പറയാം. 1970 കളുടെ തുടക്കത്തിൽ വിയറ്റ്നാം യുദ്ധം സംബന്ധിച്ച യുഎസ് പ്രതിരോധ കാര്യാലയ (പെന്റഗൺ) ത്തിലെ അതീവ രഹസ്യരേഖകൾ പുറത്തുവിട്ട കേസിൽ മുഖ്യപ്രതി ഡാനിയൽ എൽസ്ബർഗിനെ വെറുതേ വിട്ടപ്പോൾ മാധ്യമ സ്വാതന്ത്ര്യത്തിനു പുതിയ മാനങ്ങൾ കൈവരുകയായിരുന്നു. പ്രസിദ്ധീകരണത്തിനു മുമ്പ് വിലക്കാൻ (Prior restraint) പാടില്ലെന്നു യുഎസ് സുപ്രീം കോടതി നിരവധി തവണ വിധിച്ചു. മാധ്യമ സെൻസർഷിപ്പ് ഭരണഘടനാ വിരുദ്ധമാണെന്നു യുഎസ് നീതിപീഠം 1931-ൽ തന്നെ വിധിച്ചിരുന്നതാണ്.

## ഡിജിറ്റലായപ്പോൾ പിന്നോട്ട്

എന്നാൽ ഇപ്പോൾ ഡിജിറ്റൽ യുഗത്തിൽ പുതിയ മാധ്യമങ്ങൾ വന്നതോടെ ഒളിഞ്ഞും തെളിഞ്ഞും നിയമപരമായും അല്ലാതെയും ഈ നിയന്ത്രണങ്ങളും വിലക്കുകളും സെൻസർഷിപ്പും തിരിച്ചു വരികയാണ്. ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ സാങ്കേതിക ഭീമന്മാരെയും സമൂഹമാധ്യമങ്ങളെയും നിയന്ത്രിക്കാൻ ശ്രമിക്കുന്നതിനെ ചരിത്രത്തിന്റെ പിന്നോട്ടു നടത്തമായി കാണാൻ വലിയ പ്രയാസമില്ല. ലോകമെങ്ങും ഇതു നടന്നു വരികയാണ്.

ഭരണകൂടങ്ങളും സമൂഹത്തിലെ തൽപരവിഭാഗങ്ങളും സാങ്കേതിക വിദ്യയെയും അതുവഴി വരുന്ന വിപണന - മാധ്യമ ശക്തിയെയും നിയന്ത്രിക്കാൻ ശ്രമിക്കുന്നു. നവ മാധ്യമങ്ങളിലെ ചില അപായ പ്രവണതകൾ എടുത്തു കാണിച്ച് ആ മാധ്യമങ്ങൾക്കെതിരേ ജനാഭിപ്രായം രൂപപ്പെടുത്തുന്നവർ ഈ ഭരണകൂടങ്ങൾക്കും തൽപര വിഭാഗങ്ങൾക്കും വിടുപണി ചെയ്യുകയാണ്. ചിലതു ചെയ്യുമ്പോൾ ചിലർ കൈയടിക്കുന്നു. മറ്റു ചിലർ അസ്വസ്ഥരാകുന്നു. മറ്റു ചിലർ മറ്റു ചിലതു ചെയ്യുമ്പോൾ വേറെ ചിലർ കൈയടിക്കുന്നു. അസ്വസ്ഥരാകുന്നതു വേറേ ചിലരാകും. തനിക്ക് അഹിതമായതൊന്നും ലോകത്തു നടക്കരുതെന്ന ചിന്തയാണ് ഭൂരിപക്ഷമാൾക്കാർക്കും. ഇഷ്ടമുള്ളതും ഇഷ്ടമില്ലാത്തതും പ്രിയവും അപ്രിയവും ഹിതവും അഹിതവും ഒരേ പോലെ നിലനിൽക്കാൻ അനുവദിക്കുന്നതാണു. ലിബറൽ ജനാധിപത്യത്തിന്റെ കാതൽ എന്നത് എല്ലാവരും വിസ്മരിക്കുന്നു.

## ചൈന ചെയ്യുന്നത്

ചൈന അമേരിക്കൻ - പാശ്ചാത്യ നിയന്ത്രണത്തിലുള്ള വെബ് സൈറ്റുകളും സമൂഹ മാധ്യമങ്ങളും വർഷങ്ങളായി വിലക്കിയിരിക്കുന്നതിനെ എല്ലാവരും വിമർശിക്കും. ഏകാധിപത്യ ഭരണകൂടം എതിർപ്പിനെയും വിമത ശബ്ദങ്ങളെയും ഇല്ലാതാക്കുന്നതിന്റെ ഉദാഹരണം ആയി ഇതിനെ വിശേഷിപ്പി



ക്കും. അത് അങ്ങനെയാണു താനും.

ചൈനയിൽ ഇപ്പോഴും നിരോധനമുള്ളവയുടെ ഒരു പട്ടിക നോക്കുക: ഗൂഗിൾ, യൂട്യൂബ്, ഫേസ് ബുക്ക്, വിക്കിപീഡിയ, റെഡ്ഡിറ്റ്, ബ്ലോഗ് സ്പോട്ട്, വാട്സാപ്, മെസഞ്ചർ, ടിറ്റർ, പിന്ററസ്റ്റ്, സ്കൈപ്, ടംബ്ലർ, സ്നാപ്ചാറ്റ്, ഇൻസ്റ്റാഗ്രാം, ബിബിസി, ന്യൂയോർക്ക് ടൈംസ് ...

ഈ പട്ടിക അപൂർണമാണ്. ഇപ്പോഴും ഔദ്യോഗികമായി നിരോധിത പട്ടികയിൽ ഉള്ളവയിൽ ഏറ്റവും വലിയവ മാത്രമേ ഇതിലുള്ളു. സ്ഥിരമായി നിരോധിക്കപ്പെട്ടതും ഇടയ്ക്കിടെ നിരോധിക്കപ്പെടുന്നതുമായ ചെറിയ സൈറ്റുകളും ആപ്പുകളും മറ്റും അസംഖ്യമാണ്.

## നിരോധനത്തിനപ്പുറം

ഈ നിരോധിത സൈറ്റുകൾ ഉപയോഗിക്കാൻ ചൈനക്കാരെ സഹായിക്കുന്ന വർചൽ പ്രൈവറ്റ് നെറ്റ് വർക്കുകൾ (VPN) ചൈനയിൽ ധാരാളം ഉണ്ടെന്നതു സാങ്കേതികവിദ്യ നിയമത്തിനു വളരെ മുൻപേ പായുന്നതിന്റെ ഉദാഹരണം.

ചൈനയുടെ നിരോധനം അതൊരു കമ്യൂണിസ്റ്റ് ഏകാധിപത്യ ഭരണകൂടമായതു കൊണ്ടാണെന്നു പറയാൻ ആർക്കും മടിയില്ല.

## സ്വദേശിയായാലും പിടികൂടും

ഇപ്പോൾ വിദേശ കമ്പനികൾക്കെതിരേ മാത്രമല്ല സ്വദേശ ടെക് ഭീമന്മാർക്കെതിരെയും ചൈന തിരിഞ്ഞിരിക്കുന്നു. ആലിബാബ, ടെൻ സെന്റ്, ഡീഡി, മെയ് ടുവാൻ, ബൈറ്റ് ഡാൻസ് തുടങ്ങിയ വമ്പന്മാർ വളർന്നത് ചൈനീസ് സർക്കാരിന്റെ തണലിലാണ്. ഇപ്പോൾ അതേ സർക്കാർ അവയെ വരിഞ്ഞുമുറുക്കുന്നു. ചില കമ്പനികൾ സ്വദേശത്തും വിദേശത്തും ഓഹരി വിൽപ്പന നടത്താൻ തുടങ്ങിയപ്പോഴും ചിലർ വിദേശത്ത് ഓഹരി വിറ്റ ശേഷവും ആയിരുന്നു നടപടികൾ.

ഇതിനു പറയുന്ന ന്യായങ്ങൾ പലതാണ്. കുത്തക അനുവദിക്കാതിരിക്കാൻ, അനുചിത ബിസിനസ് രീതികൾ തടയാൻ, വ്യക്തികളുടെ ഡാറ്റാ ദുരുപയോഗം തടയാൻ, ഡാറ്റാ രാജ്യത്തിനു പുറത്തേക്കു പോകുന്നതും കൊടുക്കുന്നതും തടയാൻ എന്നിങ്ങനെ പല കാര്യങ്ങളാണു പറയുന്നത്.

## ഭരണകൂടത്തിനു കീഴിൽ മാത്രം

ഒരു കാര്യം മാത്രം വ്യക്തം. രാജ്യത്തേക്കാളും ഭരണകൂടത്തേക്കാളും വലുതാകാൻ ഒന്നിനെയും അനുവദിക്കില്ല. ജനങ്ങൾ എന്തു വാങ്ങണം, എന്തു വായിക്കണം, എന്ത് അറിയണം എന്നൊക്കെ നിയന്ത്രിക്കാൻ ഭരണകൂടത്തിനാണ് അവകാശം. ഏകാധിപത്യ വ്യവസ്ഥിതി ഏതുവിധേനയും ഈ അധികാരം നിലനിർത്തും. അതാണു ചൈന കാണിക്കുന്നത്.

ഉത്തര കൊറിയ, നൈജീരിയ തുടങ്ങി ചുരുക്കം രാജ്യങ്ങളേ ഇക്കാര്യത്തിൽ ചൈനയെ പിന്തുടരുന്നവരായി ഉള്ളൂ. അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കാത്ത സമൂഹങ്ങൾ എന്ന് അവയെ ആക്ഷേപിക്കും.

## ട്രംപ് മിണ്ടിയാൽ എന്താ?

അപ്പോൾ വേറേ ചോദ്യം ഉയരും. അമേരിക്കയിൽ വലിയ സമൂഹമാധ്യമങ്ങൾ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിനും അദ്ദേഹത്തിന്റെ അനുഭാവികൾക്കും എതിരേ നീങ്ങുന്നതിനെ ഏതു രീതിയിൽ കാണണം? ട്രംപിനു ടിറ്റർ വിലക്കു തനെഏർപ്പെടുത്തി. 8.8 കോടി പേർ അനുഗമിച്ചിരുന്ന അക്കൗണ്ടാണു വിലക്കിയത്.

ടിറ്റർ മാത്രമല്ല, അമേരിക്കയിലെ മുഖ്യധാരാ മാധ്യമങ്ങൾ ഒന്നാകെ ട്രംപിന്റെ പ്രചാരണങ്ങളെ എതിർക്കുകയായിരുന്നു കഴിഞ്ഞ പ്രസിഡന്റ് തെരഞ്ഞെടുപ്പു കാലത്ത്. ട്രംപും കൂട്ടരും നുണകൾ പ്രചരിപ്പിക്കുന്നു എന്നായിരുന്നു വിമർശനം. സമൂഹമാധ്യമങ്ങളിലും മറ്റും ട്രംപ് പക്ഷക്കാർ ഇല്ലാക്കഥകളാണു പരത്തുന്നതെന്ന് അവർ കു

റ്റപ്പെടുത്തി. ട്രംപിന്റെ ഒട്ടുമിക്ക പ്രസ്താവനകളും മുഖ്യധാരാ മാധ്യമങ്ങൾ 'മുക്കി', അല്ലെങ്കിൽ വിമർശനക്കുറിപ്പോടെ പ്രസിദ്ധീകരിച്ചു.

ട്രംപിന്റെയും കൂട്ടരുടെയും അഭിപ്രായ സ്വാതന്ത്ര്യം എവിടെ? മുഖ്യധാരാ മാധ്യമങ്ങൾ അനുവദിക്കുന്നതു മാത്രമേ ജനങ്ങൾ അറിയാവൂ എന്നാണോ? വസ്തുതകളെ തങ്ങൾ കാണുന്നതിൽ നിന്നു വ്യത്യസ്തമായി കാണുന്നവരുടെ ശബ്ദം മാധ്യമങ്ങൾ വിലക്കണോ? ആരാണ് നല്ലതും ചീത്തയും തീരുമാനിക്കേണ്ടത്? മാധ്യമ ഉടമയോ ഉപയോക്താവോ? സെൻസർഷിപ് അധികാരത്തിനു രാഷ്ട്രീയ ഭരണാധികാരികളും സമൂഹമാധ്യമ-മുഖ്യധാരാമാധ്യമ മേധാവികളും ശ്രമിക്കുന്നതു തമ്മിൽ എന്താണു വ്യത്യാസം?

## ഇന്ത്യ ചെയ്യുന്നത്

ഇതേ ചോദ്യം ഇന്ത്യയിലും ഉയരാം. സമൂഹമാധ്യമങ്ങളിലെ പോസ്റ്റുകൾ നീക്കാനും വിലക്കാനും സർക്കാർ അധികാരം കൈയാളുകയാണ്. ദശലക്ഷക്കണക്കിനു പോസ്റ്റുകൾ ആണ് സർക്കാർ നിർദേശ പ്രകാരം



വോൾട്ടയർ

ഓരോ മാസവും സമൂഹ മാധ്യമങ്ങളിൽ നിന്നു നീക്കപ്പെടുന്നത്. സർക്കാരിനെ വിമർശിക്കുകയോ ഭരണാധികാരികളെ പരിഹസിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യുന്ന ഏതു പോസ്റ്റിനും വിലക്കു വരാവുന്ന നില. സർക്കാരും സമൂഹമാധ്യമ അധികൃതരും നിങ്ങളുടെ പോസ്റ്റുകൾ/ചാറ്റുകൾ വായിക്കുകയും വിലയിരുത്തുകയും അനുവദനീയമോ എന്നു തീരുമാനിക്കുകയും ചെയ്യുന്ന അവസ്ഥ. അതിൽ സർക്കാരിനു വഴങ്ങാത്ത ഒന്നിനെയും ഇവിടെ പ്രവർത്തിക്കാൽ അനുവദിക്കില്ലെന്ന നിലപാടാണു ഗവണ്മെന്റ് എടുത്തത്. ഇന്ത്യയുടെ വിപണി നൽകുന്ന പണത്തിനു മറ്റെന്തിനേക്കാളും വില ഉണ്ടെന്നു കണ്ട അമേരിക്കൻ ഭീമന്മാർ വഴങ്ങിക്കൊടുത്തു. ട്രംപിനോടു ചെയ്തത് ഇന്ത്യാ ഗവണ്മെന്റിനോടു ചെയ്യാൻ അവർക്കു പറ്റില്ല.

## വാക്കുകൾ നോക്കി

ബിഗ് ഡാറ്റാ അനലിറ്റിക്സിസിന്റെ സഹായത്തോടെയാണ് ഇതെല്ലാം. ചില വാക്കുകളും പ്രയോഗങ്ങളും ഉണ്ടോ എന്നു നോക്കി പോസ്റ്റിന്റെ പരിശോധന നടത്തുന്നു. ഓരോരുത്തരും എന്താണു പങ്കുവയ്ക്കുന്നതെന്നു 'ബിഗ് ബ്രദർ ' കാണുന്നു എന്ന അവസ്ഥ.

ഇതിനു ചില നല്ല വശങ്ങൾ ഉണ്ട്. വ്യാജന്മാരെ തിരിച്ചറിയാം. ഇല്ലാത്തതു പ്രചരിപ്പിക്കുന്നതു തടയാം.

പക്ഷേ അധികാരികൾ തന്നെ ഒരു പക്ഷത്തുനിന്നു വ്യാജം പ്രചരിപ്പിച്ചാലോ? അതിനു പരിഹാരം എന്ത്?


നിലവിൽ പരിഹാരം ഇല്ല. കമ്യൂണിസ്റ്റ് ഏകാധിപത്യത്തിലും താലിബാൻ പോലുള്ള മതമൗലികവാദികളുടെ വാഴ്ചയിലും ലിബറൽ മൂല്യങ്ങൾക്കു വേണ്ടി നിലനിൽക്കുന്നു എന്നു പറയുന്നവരുടെ കൂട്ടായ്മയിലും പരിഹാരം ഇല്ലാത്ത വിഷയമാണത്. സാങ്കേതിക വിദ്യക്കു പോലും പരിഹാരം നിർദേശിക്കാനില്ലാത്ത വിഷയം.

## വോൾട്ടയർ പറയാൻ ഉദ്ദേശിച്ചത്

ഫ്രഞ്ച് ചിന്തകൻ വോൾട്ടയർ (1694-1798 യഥാർഥ പേര് ഫ്രാൻസ്വാ - amco Adqth) എഴുതിയതായി ഉദ്ധരിക്കപ്പെടുന്ന ഒരു പ്രശസ്ത വാക്യമുണ്ട്: 'നിങ്ങൾ പറയുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. പക്ഷേ അതു പറയാൻ നിങ്ങൾക്കുള്ള അവകാശം നിലനിർത്താൻ വേണ്ടി മരണം വരെ പോരാടാൻ ഞാൻ തയാറാണ്.' (ഇതു വോൾട്ടയർ എഴുതിയതല്ല. അദ്ദേഹത്തെപ്പറ്റി എഴുതിയ ഒരു ചരിത്രകാരി വോൾട്ടയർ ഇങ്ങനെ ചിന്തിച്ചിരിക്കാം എന്ന് എഴുതി വച്ചതാണ്)

ഈ ലിബറൽ സമീപനം എന്നാണ് സമൂഹത്തിൽ തിരിച്ചു വരിക?

●



# ഒരു താക്കോലും എട്ടുകാലിയും മോഷ്ടാവും



വി.പി.ജോൺസ്

പലപ്പോഴും മോഷ്ടാവിന്റെ ഒരേകദേശ രൂപം മനസ്സിന്റെ മൺചെരാതിൽ തിരിനാളമായി തെളിഞ്ഞുവന്നിരുന്നു. ഏതോ ചിരപരിചിതഭാവം.

കാണാൻ അഴകുള്ള ചെറുപ്പക്കാരൻ. മീശയില്ലെങ്കിലെന്താ? നല്ല മുറ്റിയ പൗരുഷം. കഴുത്തിൽ രുദ്രാക്ഷം. നിറം ചെമപ്പോ ഇരുണ്ടതോ എന്നു വ്യക്തമല്ല. തിളക്കമേറിയ ഉരുളൻ മിഴിയിണ (കൾ). അരോഗദൃഢഗാത്രൻ. വിടർന്ന താടിക്കു മീതെ വിശാലമായ നെറ്റിത്തടം. ആർക്കും ഒന്നു തഴുകിത്തലോടാൻ കൗതുകം തോന്നുന്ന മെയ്യഴക്. ആഢ്യത്വം കലർന്ന നോട്ടം. കണ്ടാൽ ഒറ്റ നോട്ടത്തിൽ കള്ളനാണെന്നു തോന്നില്ല. എന്തൊരു മുഖശ്രീ! പക്ഷെ മൂക്കിനും ഇടതു കണ്ണിനുമിടയ്ക്ക് എവിടെയോ, ദൃഷ്ടികൾക്കു തീരെ അപ്രാപ്യം എന്നു തോന്നുമാറ് നന്നേ ചെറിയ ഒരു മറുക്. വളരെ സൂക്ഷിച്ചു നോക്കിയാൽ മാത്രമേ അത് കണ്ടുപിടിക്കാനാകൂ. ഒരുപക്ഷെ അതയാളുടെ ഭാഗ്യചിഹ്നമാകാം. വലതു കവിളിന്റെ കീഴറ്റത്തായി എളുപ്പം കാണാൻ കഴിയുന്ന തരത്തിൽ നല്ല വലിപ്പത്തിൽ ഒരു മറുകും. അതു മാത്രമാണ് അല്പമെങ്കിലും അശ്രീകരമായി തോന്നുക. ആൾ കാഴ്ചയ്ക്കൊരു പ്രിയദർശൻ തന്നെ. തർക്കമേയില്ല. അത്രയ്ക്കുണ്ട് കാഴ്ചയ്ക്കു കൗതുകം.

പറഞ്ഞുവല്ലോ? എവിടെയോ വച്ചു കണ്ടു മറന്ന മുഖം. ഇടയ്ക്ക് മനസ്സുചോദിക്കുന്നു.

ഇവനോ മോഷ്ടാവ്?

ചോരൻ?

വിശ്വസിക്കാനേ കഴിയുന്നില്ല.

ഇപ്പോൾ വേറെ ചിലരുടെ രൂപങ്ങൾ കൂടി മനസ്സിന്റെ മുറ്റത്തേക്കിറങ്ങിനിൽക്കുന്നു.

ഒന്ന്: സിനിമാരംഗത്ത് അല്പാല്പം പേരും പെരുമയും പണവും ആർജ്ജിച്ചുകൊണ്ടിരിക്കുന്ന നാട്ടുകാരൻ യുവനടൻ.

രണ്ട്: വഴിഞ്ഞൊഴുകുന്ന സ്ത്രൈണ സൗന്ദര്യം മുഖേന സമകാലീന സാഹിത്യത്തിന്റെ ആലിൻകൊമ്പിലേറി ഞെളിഞ്ഞിരിക്കുന്ന യുവകഥാകാരൻ.

നിലാവു വിരിയുന്ന മന്ദഹാസം ഇവനു

നല്ലവണ്ണം ഇണങ്ങുന്നുണ്ട്.

പക്ഷെ അവരുടെ അഹംഭാവമോ തലക്കനമോ ഒന്നും (ലവലേശം) ഇല്ലല്ലോ ഇവന്?

അതുകൊണ്ടാണോ ഒരു വിപ്രലംഭം?

ഒരുപക്ഷേ 'ഒരു മോഷ്ടാവിന്റെ ഏകാന്ത മനോവ്യാപാരങ്ങൾ' എന്ന തലക്കെട്ടിലൊരു തിരക്കഥ ഭാഷയ്ക്ക് സമ്മാനിക്കാനുള്ള വ്യഗ്രതയിൽ സാഹിത്യകാരൻ സ്വയം തെരഞ്ഞെടുത്ത ഒരു ഉപാധിയാകുമോ ഇത്? എന്നാൽ അത്തരം ഒരനുഭവത്തിനുവേണ്ടി മാത്രം ശുദ്ധചിത്തൻ ഇത്തരം ഒരു സാഹസത്തിനു മുതിരുകയില്ലല്ലോ. ശങ്കകൾ ഉടലെടുക്കുന്നതും അസ്തമിക്കുന്നതുമെല്ലാം മനസ്സിന്റെ വിന്ധ്യനിൽ തന്നെ.

ഓരോരോ സന്ദേഹങ്ങള് തന്നെ. അല്ലാണ്ടെന്താ, ദ്നു പറയ്വ?

പിന്നെ, പറഞ്ഞുനോക്കിയാൽ പഴയ കോട്ടയം അച്ചായന്റെ മുഖസാദൃശ്യവും ആകൃതിയുമൊന്നും ഒറ്റനോട്ടത്തിൽ ഇവനു ചേരുന്നതുമില്ല. അല്ലറ ചില്ലറ സാദൃശ്യങ്ങൾ വച്ചുകൊണ്ട് ഒരാളെ മറ്റൊരാളായി നിരൂപിക്കാൻ കഴിയുമോ? ഇല്ലല്ലോ. പുറമെ, ഉത്തരകേരളത്തിലുമുണ്ടുതാനും ഒരു കോട്ടയം പട്ടണം.

ദുർവൃത്തന്റെ ചീത്തവൃത്തികൾ ഇരുട്ടിലെ പുകപോലെ സകലേടവും അതിശീഘ്രം വ്യാപിച്ചുകളയും എന്നു ഒരു കഥയിൽ നമ്മുടെ കഥാകാരൻ എഴുതിപിടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അതാലോചിക്കുമ്പോൾ ഇത്രയെന്നില്ല മനഃപ്രയാസം!

ഏതായാലും കള്ളൻപെരുമാൾ അവരിലാരുമല്ല എന്ന കഥാ യാഥാർഥ്യത്തിലേക്ക് പൊടുന്നനെ മനസ് ഉരുണ്ടുചെന്നു.

കള്ളന്റെ പുറംമോടിയിൽ ഭ്രമിച്ച് അവനെ രക്ഷപ്പെടാൻ അനുവദിക്കുന്നത് പരമ ദോഷാവും എന്ന കാര്യം അതിവേഗം ഞാൻ തിരിച്ചറിഞ്ഞു/ഗ്രഹിച്ചു.

അഴകനായാലും അളിയനായാലും കള്ളൻ കള്ളൻതന്നെ. ഒരു നീക്കുപോക്കുമില്ല അതിൽ. ചോരന് എന്ത് ചോരബന്ധം? (ജാരനും ഒരു ചോരൻ തന്നെ). അതുകൊണ്ട് ഇവനെ പിടികൂടുക തന്നെ. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ലെന്നു മനസ്സു സുദൃഢം ഉറച്ചുകഴിഞ്ഞു. എന്തായാലും ഒരു കള്ളന് കള്ളനാകാതെ മറ്റാരുമാവാനാവില്ല.

ഞാൻ എന്തിനും തയ്യാറായി അങ്ങനെ നിൽക്കുകയാണ്. ഇതാ അവൻ വരുന്നു!

കള്ളനെ പിടികൂടാൻ നല്ല മനോബലവും അപാരമായ ഇച്ഛാശക്തിയും വേണം. പഴയ കള്ളന്മാരെപ്പോലെയല്ല അവരുടെ ഇപ്പോഴത്തെ പിൻഗാമികൾ. മോഷ്ടിക്കാൻ തക്കവണ്ണം കൈവശം ഒന്നും തടഞ്ഞില്ലെങ്കിൽ അവന്മാരുടെ മട്ടുമാറും. പിന്നെ കയ്യിൽ കിട്ടിയതു ഉലക്കയായാലും വെച്ചുവീശിക്കളയും. എതിർക്കാൻ ഒരുമ്പെടുന്നവരെ തട്ടിക്കളയാനുമില്ല ഒരു മടിയും.

വരുംവരായ്കകൾ എല്ലാം ആലോചിച്ചു നോക്കിയപ്പോൾ ഞാനാകെ പരവശനും ഒന്നും ചെയ്യാൻ ശേഷിയുമില്ലാത്തവനായിപ്പോയി എന്നല്ലേ പറയേണ്ടൂ? കഥ എഴുതുന്നതുപോലെ അത്ര എളുപ്പമുള്ള പണിയൊന്നുമല്ല ഒരു കള്ളനെ നേരിടുകയെന്നത്.

അതുകൊണ്ടു എല്ലാത്തിനും ദൃക്സാക്ഷിയായി നിൽക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. 'ശരീരമാദ്യം ഖലുധർമ്മസാധനം' എന്നൊക്കെയല്ലേ പ്രമാണം?

കള്ളൻ തികഞ്ഞ അവധാനതയോടെയാണ് വീട്ടിനകത്തേക്കു പ്രവേശിക്കുന്നത്. എന്തൊരു ശുഷ്കാന്തിയാണെന്നോ സ്വന്തം തൊഴിലിൽ അവന്! പുതിയ തന്ത്രങ്ങൾ ഉപയോഗിച്ചാണ് താഴു തുറന്നത്. ഇല വീണാൽപോലും അറിയാത്തത്ര നിശ്ശബ്ദത. നേർത്ത ശബ്ദംപോലും പുറത്തുകേൾക്കുന്നില്ല. പതിയെപ്പതിയെയുള്ള പാദപതനങ്ങൾ. എന്തൊരു ശ്രദ്ധ; കാര്യക്ഷമതയും.

എനിക്കു കാര്യങ്ങൾ മെല്ലെമെല്ലെ ബോധ്യപ്പെട്ടുവരികയാണ്. കള്ളനും മരണവും സാമ്യപൂരകങ്ങളാണ് എന്നു പറയുന്നതിന്റെ പൊരുൾ എനിക്കിപ്പോൾ പിടികിട്ടി.

അവൻ പാദങ്ങൾ നേർമ്മയോടെ, പതുക്കെ പതുക്കെ തറയിലമർത്തി മുന്നോട്ടു വന്നുകൊണ്ടിരുന്നു.

ടപ്... ടപ്.... ടപ്.... എന്റെ ഹൃദയം ശക്തിയായി മിടിക്കാൻ തുടങ്ങി. സ്വതവേ ഹൃദയത്തിനു നല്ല സുഖമുള്ള ആളല്ലല്ലോ ഞാൻ. കാലടികളിൽനിന്നു അരിച്ചുകയറിവന്ന തരിപ്പു ദേഹമാസകലം പടർന്നുകയ

റി. വിറച്ചിട്ടു മിണ്ടാനും വയ്യ. കണ്ടിട്ടു മിണ്ടാതിരിക്കാനും വയ്യ. അത്തരം ഒരു സന്നിഗ്ധാവസ്ഥയിൽ തൊണ്ടയിടറി.

സ്വന്തം വീട്ടിലാണ് കളവുനടക്കാൻ പോവുന്നത്. ഞങ്ങളുടെ കോളനി ഒരു സെമി പോഷ് ഏരിയ ആണെന്നതാണ് മോഷ്ടാക്കളെ ആകർഷിക്കുന്നത് (ഘടകം). സത്യം പറയാമല്ലോ. ധൈര്യം അവലംബിച്ച് കണ്ണുകൾ ഇറുക്കിയടച്ച് മൗനം ഭജിച്ച് കിടക്കുക മാത്രമാണ് പ്രകൃതത്തിൽ ഉചിതം എന്ന ഉൺമയിലേക്കു ഞാൻ പൊടുന്നനെ /ബദ്ധപ്പെട്ടു ചെന്നുചേർന്നു.

ഇനി ഭാഗ്യത്തിന് ആയുധങ്ങളെങ്ങാൻ സമീപത്തുണ്ട് എന്നു തന്നെ സങ്കല്പിക്കുക. വെട്ടുകത്തിയോ, കൊടുവാളോ വാക്കത്തിയോ. ഏതെങ്കിലുമൊന്ന്. പക്ഷെ അവയെടുത്ത് പ്രയോഗിക്കാനുള്ള കരുത്തോ, ത്രാണിയോ മറ്റോ എനിക്കുണ്ടോ? എന്റെ ജന്മസിദ്ധമായ ഭീതി മറ്റുള്ളവർക്കു നന്നായി അറിയുകയും ചെയ്യാം. അക്കാര്യത്തിൽ എനിക്ക് അനല്പമായ ലജ്ജയും ജാള്യതയുമൊക്കെ ഉണ്ടെന്ന സംഗതി ഞാൻ മറച്ചുപിടിക്കുന്നില്ല. ഭാര്യയ്ക്കെന്നല്ല കുട്ടികൾക്കും അയൽപക്കക്കാർക്കുപോലുമറിയാമത്. 'മാഷ് വല്ലതിലും ചെന്നുചാടുന്നുണ്ടോ എന്നു സൂക്ഷിക്കണമെന്ന് അയൽവാസികൾ പലരും തരംകിട്ടുമ്പോഴൊക്കെ ഭാര്യയേയും മക്കളേയും ഉദ്ബോധിപ്പിക്കുമായിരുന്നു. അക്കാര്യം അവിടെ നിൽക്കട്ടെ.

നമുക്ക് കള്ളനെ പിന്തുടരുകയല്ലേ വേണ്ടത്.

ആദ്യം അവൻ കൗശലപൂർവ്വം പിൻവാതിൽ തുറന്ന് അകത്തുകടക്കാനാണ് ശ്രമിച്ചതെന്ന് പറഞ്ഞുവല്ലോ? അതു കണ്ടപ്പോഴേ എന്റെ ഹൃദയം പാതി പിളർന്നുപോയി എന്നും പറഞ്ഞു.

ഒറ്റ ഞെക്കിന് എല്ലാ മുറികളിലും പോർച്ചിലും വെളിയിലും സകല ബൾബുകളും ഒരുമിച്ചു തെളിയുന്ന സ്വിച്ചിൽ ഒന്നു ഞെക്കിനോക്കിയാലോ എന്നു ഞാൻ നിരൂപിച്ചു. തൽക്ഷണം അമർത്തിനോക്കുകയും ചെയ്തു. പക്ഷെ ഒരു ഫലമുണ്ടായില്ല. പുറമെ സ്ഥാപിച്ചിരിക്കുന്ന മീറ്റർ തുറന്ന് മെയിൻ സ്വിച്ച് ഓഫ് ചെയ്തു കഴിഞ്ഞിരിക്കണം അവൻ.

എന്തൊരാസൂത്രിതമായ ഓപ്പറേഷൻ!

ഇനി രക്ഷയൊന്നുമില്ല.

മനസ്സ് ആശങ്കയുടെ ആധിയിൽ കിടന്ന് പുഴുകി. തൊണ്ട ഇടറുന്നതും കൈകാലുകൾ കൂട്ടിയിടിക്കുന്നതും ശ്വാസഗതി കീഴോട്ടുപോകുന്നതും അവൻ അറിയാതിരിക്കുന്നതിന് എനിക്കു കഠിനമായി ആയാസപ്പെടേണ്ടിവന്നു. ഞാൻ സൂത്രത്തിൽ ശിരസ്സുയർത്താതെ ഇടകണ്ണിട്ട് അടുത്ത കട്ടിലിലേക്കു നോക്കി. ഭാര്യയും മക്കളും വലതോരം ചെരിഞ്ഞ് ഒന്നുമറിയാതെ സസുഖം കിടന്നുറങ്ങുകയാണ്. അവർക്കു നിദ്രാഭംഗം വരുത്തേണ്ടതുണ്ടോ? ഞാൻ ചിന്തിച്ചു: അവർ ഉണർന്നിട്ടെന്തു ഫലം? വെറുതെ ഒച്ചയും ബഹളവും ഉണ്ടാക്കിയാൽ അയാൾ പിന്നെ എന്തെന്നൂ ചെയ്തേക്കില്ല! ഗാഢനിദ്രയിലാണ് അമ്മയും മക്കളും. പലതവണ അവരെ തൊട്ടുവിളിക്കാൻ നാവുപൊന്തിയതാണ്. പക്ഷേ ശബ്ദം വെളിക്കുവരേണ്ടേ? ഓർമ്മയുണ്ട്. പക്ഷേ മിണ്ടാൻ ഒക്കുന്നില്ല എന്നു പണ്ടുള്ളവർ പറഞ്ഞതുപോലെയാണ് സ്ഥിതി. ഉള്ള് പിന്നെയും കിടന്നു പുകഞ്ഞു.

അവൻ പ്രവൃത്തിയിൽ ജാഗരൂകനായി വ്യാപൃതനായിക്കഴിഞ്ഞു. സ്വന്തം വീടു പൂട്ടിത്തുറക്കുന്ന ലാഘവത്തോടെയാണവൻ വാതിൽ തുറന്നത്. പിന്നീടെല്ലാം അനുക്രമം കൃത്യനിഷ്ഠയോടെ നിർവഹിക്കാൻ തുടങ്ങി. ടൂൾ സഞ്ചിയിൽ സൂക്ഷിച്ചിരുന്ന താക്കോൽ പുറത്തെടുത്ത് എത്ര ശ്രദ്ധാപൂർവ്വമാണ് അവൻ വാതിൽ തുറന്നത്. ഈ നട്ടപ്പാതിരയ്ക്ക് വീട്ടുടമസ്ഥനല്ലാതെ മറ്റാർക്കാണ് ഇത്ര അനായാസം വേറൊരാളുടെ വീട് തുറക്കാൻ കഴിയുക?

കണ്ണടച്ചുകിടന്നുകൊണ്ട് എല്ലാ ദൃശ്യങ്ങളും കൗതുകപൂർവ്വം കണ്ടുകൊണ്ടിരിക്കുകയാണ് ഞാൻ.

പിന്നീടവൻ കയ്യിൽ കരുതിയിരുന്ന ടോർച്ചുലൈറ്റ് തെളിയിച്ചു. അകത്താകെ ഇളംനിലാവു പരന്നു. എന്റെ ശരീരം അതോടെ ഏറെക്കുറെ നിശ്ചലമായി. അർധപ്രാണനായി എന്നു പറയുന്നതാവും കൂടുതൽ ശരി (ഇണങ്ങുക).

തുടർന്ന് അവൻ ബെഡ്റൂമിൽ പ്രവേശിച്ചു ഒട്ടും ശബ്ദമുണ്ടാക്കാതെ അലമാരി തുറക്കുകയായി. ചില കൃത്രിമ ഉപകരണങ്ങൾ ഉപയോഗിച്ചാണ് നിഷ്പ്രയാസം ഇതു സാധിച്ചത്.

ഇപ്പോഴെങ്കിലും അല്പം ധൈര്യം അവലംബിച്ച് അവനെയൊന്നു പിടികൂടാൻ എന്റെ മനസ്സ് വല്ലാതെ തുടിച്ചു. പക്ഷെ എന്താ ചെയ്യുക? പ്രജ്ഞ നശിച്ചവനെപ്പോലെ സർവ്വതും കൺവെട്ടത്തു കണ്ടുകൊണ്ടിരിക്കുക. അതാവാം വിധി! പ്രാണഭയം ഉൽക്കണ്ഠയുടെ പുകക്കാറ്റടിച്ചുകയറ്റി ഉള്ളാകെ വീർപ്പുമുട്ടിച്ചു.

ഞാനാകെ അന്തംവിട്ടിരുന്നു.

അഗാധനിദ്രയിലാണ്ടതുപോലെ മിഴികൾ ഇറുക്കിയടച്ചു. (കൈകാലുകൾ) ഉടലാകെ നിശ്ചലമാക്കി കമിഴ്ന്നുകിടന്നു. ഒപ്പം ഒളികണ്ണിട്ട് അവന്റെ പ്രവൃത്തികൾ സാകൂതം നിരീക്ഷിക്കുകയും ചെയ്തു.

ബഹു കൃത്യതയോടെയും കണിശത്തോടെയുമാണ് അവൻ ചുമതലകൾ/ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഒട്ടും വീഴ്ചവരുത്തുന്നതുമില്ല. ഇത്രചിട്ടയായും ഡിസിപ്ലിനോടുകൂടിയും ഉത്തരവാദിത്തം നിറവേറ്റുന്ന പ്രൊഫഷനുകൾ തുലോം തുച്ഛം തന്നെ. അനന്തരം അവൻ ഭാര്യയുടെയും കുട്ടികളുടെയും ആഭരണങ്ങൾ, വീടുപണി പൂർത്തിയാക്കുവാൻ വേണ്ടി ജില്ലാ ബാങ്കിൽനിന്നും ഭൂമി പണയപ്പെടുത്തി എടുത്ത ലോണിന്റെ രണ്ടാം ഗഡു എമൗണ്ട് നാല്പതിനായിരത്തിന്റെ ലിക്വിഡ് ക്യാഷ്, അല്ലറ ചില്ലറ മറ്റു സാമഗ്രികൾ എന്നിവ കയ്യിലെടുത്തു. കയ്യിൽ സൂക്ഷിച്ചിരുന്ന വലിയബാഗിൽ നിക്ഷേപിച്ചു.

മോഷ്ടാക്കളുടെ ഉദ്യമങ്ങൾ പ്രതിരോധിക്കപ്പെടുമ്പോൾ അവർ ഇന്നതേ ചെയ്തകൂട്ടൂ എന്ന് ആർക്കും അനുമാനിക്കാനാവില്ല. എതിർക്കുന്നവരെ ഉന്മൂലനം ചെയ്യാൻ പോലും ഇക്കൂട്ടർ മടിക്കില്ലെന്നാണ് ഈയിടെ വായിക്കുന്ന ക്രൈം സ്റ്റോറികളിൽ പ്രതിപാദിക്കുന്നത്.

പണവും സ്വർണാഭരണങ്ങളും അതീവ സൂക്ഷ്മതയോടുകൂടിയാണ് അവൻ എണ്ണിതിട്ടപ്പെടുത്തിയത്. അങ്ങനെ തോന്നി. കണക്കിലും ബഹുനിപുണനനും കണിശക്കാരനുമാണെന്നു അവൻ സുതരം തെളിയിക്കുകയും ചെയ്തു.

ഇതിനിടയ്ക്ക് ആകാംക്ഷാഭരിതനായി ഒളികണ്ണിട്ടുനോക്കിയപ്പോൾ കണ്ട കാഴ്ച എന്നെ തെല്ലൊന്നുമല്ല വിസ്മയപരതന്ത്രനാക്കിക്കളഞ്ഞത്. കള്ളൻ ഇരുകൈകളിലും ധരിച്ചിരുന്ന റബർ കയ്യുറകൾ അവനെ തികച്ചും സുരക്ഷിതനാക്കാൻ പോന്നതാകുന്നു. ടോർച്ചിന്റെ പാൽവെളിച്ചത്തിൽ അത് നക്ഷത്രതുല്യം തിളങ്ങി.

എത്ര ആസൂത്രിതമായ കരുനീക്കങ്ങൾ!

ഏതായാലും എന്നിലെ ആശാകുസുമം തലനീട്ടി. ഇവനെ കയറിപ്പിടിക്കാൻ ഇതുതന്നെ ഏറ്റവും അനുയോജ്യമായ സന്ദർഭം. സുവർണ്ണാവസരം എന്നു പറയാം. മനസ്സു സമ്മതഭാവത്തിൽ മൂളി - പിടിയ്ക്കടോ അവനെ...

-വരുന്നതു വരട്ടെ എന്നു കരുതി രണ്ടും കല്പിച്ച് പിടികൂടടാ കള്ളനെ... മനസ്സ് ആക്രോശിച്ചു. പാഴാക്കി കളയരുത് ഈ അവസരം.

ഞാൻ പതുക്കെ തല ഉയർത്തി.

പക്ഷെ എന്റെ കണ്ണുകൾ പിടഞ്ഞുപോയി.

അവന്റെ കൈകളിൽ ഇരുന്നു ചിരിതൂകുന്ന കൈത്തോക്ക്.

എന്റെ കണ്ണുകൾ പൊടുന്നനെ അടഞ്ഞു.

ഇനി അവനെ കീഴടക്കാൻ തുനിയുന്നത്/ഉദ്യമിക്കുന്നത് അവിവേകമാകും. തളർച്ചബാധിച്ചപ്പോൾ ബുദ്ധി ഉദിച്ചു. ഉള്ള് വല്ലാതെ കാളി.

ചിലന്തികളെപ്പോലെയാണ് കള്ളന്മാരുടെ ബുദ്ധിപ്രവർത്തിക്കുക എന്നു ബോധ്യമായി. വലയുടെ നാലതിരുകളും എത്രകണ്ടു സൂക്ഷ്മമായും കാര്യക്ഷമവുമായാണ് എട്ടുകാലികൾ സജ്ജീകരിക്കുന്നത്/ക്രമീകരിക്കുന്നത്. ഇരയ്ക്ക് രക്ഷപ്പെടാൻ ഒരു പഴുതും അവശേഷിപ്പിക്കാതെ...

ഇപ്രകാരം സ്വയം ആശ്വസിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഭാര്യ ഉണരുന്നത്. കണ്ണു തിരുമ്മി മിഴിച്ചുനോക്കുമ്പോൾ ലൈറ്റു നിന്നെരിയുന്നതാണ് മൂപ്പർ കാണുന്നത്.

എന്താ മൂത്രം ഒഴിക്കാൻ എണ്ണീറ്റിട്ട് ലൈ

റ്റണയ്ക്കാൻ മറന്നുപോയോ? എന്താ ഈ മാസത്തെ ഇലക്ട്രിസിറ്റി ബില്ലെന്നറിയാമോ? എന്നവൾ ചോദിക്കാൻ മുതിരുമ്പോഴേക്കും ഞാൻ പതുക്കെ തിരിഞ്ഞു. ഭാര്യയുടെ വായ് ബലമായി പൊത്തിപ്പിടിച്ചു. എന്തോ തകരാറുണ്ട്. കരിഞ്ഞ ഗന്ധം അവൾ മണത്തറിഞ്ഞിരിക്കുന്നു. സംഗതിയുടെ ഗൗരവം പിടികിട്ടിക്കഴിഞ്ഞതായിരുന്നു അവളുടെ ആംഗ്യമുദ്രകൾ.

പണവും പൊന്നുമല്ലേ പോയിട്ടുള്ളൂ. പ്രാണന് ആപത്തൊന്നും പിണഞ്ഞില്ലല്ലോ? അതുമതി. കണ്ണുകൾ താഴ്ത്തിപ്പിടിച്ചു നഷ്ടബോധം അവൾ കടിച്ചിറക്കി. വെളിയിൽ നേർത്ത മഴ പെയ്യുന്നുണ്ട്.

നീ പറഞ്ഞതൊക്കെ ശരി തന്നെ എന്ന അർത്ഥത്തിൽ ഞാൻ കിടന്നുകൊണ്ടുതന്നെ തലയാട്ടി. ഗാഢനിദ്രയ്ക്ക് അധീനനായതുപോലെ ഉച്ചത്തിൽ കൂർക്കംവലിക്കാനും തുടങ്ങി. ചെറുപ്പക്കാരന് സംശയത്തിന് ഇടനല്കുക വയ്യല്ലോ. പ്രാണൻ തൊട്ടുകളിക്കുന്നില്ലല്ലോ? അതുതന്നെ മഹാഭാഗ്യം. നല്ലവനും അഭ്യസ്തവിദ്യനും സംസ്കൃതചിത്തനുമാണ് തസ്കരൻ എന്ന കാര്യത്തിൽ തർക്കത്തിന് വഴിയില്ല. ഇതു സമാശ്വാസത്തിന്റെ നാനാർത്ഥം കൂടിയാണു കേട്ടോ.

ഞാൻ കൂർക്കംവലിക്കിടെ ആലോചിച്ചു. കുലീന കുടുംബജാതനാകാം ഇയാൾ. കുലമഹിമയും കളവും പരസ്പരം വിയോജിക്കാവുന്ന മേഖലകളൊന്നുമല്ല. നാം വിശ്വസിക്കുന്നു എന്നു ധരിക്കുന്ന എത്രയോ പ്രമാണിമാരേക്കാൾ ഭേദമാണിവൻ. ജീവിക്കാൻ മറ്റുപായങ്ങളൊന്നും കണ്ടെത്താനാകാത്തതുകൊണ്ടാകാം ഈ പാത തിരഞ്ഞെടുത്തത്. ഉദ്യോഗലബ്ധിക്കു ശേഷം വട്ടച്ചെലവുകൾക്കും ചിട്ടിഅടയ്ക്കാനും വേണ്ടി കൈക്കൂലി വാങ്ങുന്നതിനേക്കാൾ എത്രയോ ഭേദമിത്! ഉത്തമനായ തസ്കരനോടു പ്രതികാരചിന്ത തോന്നാന്നത് മതിഭ്രമംകൊണ്ടാണെന്നേ ആളുകൾ പറയൂ.

അവൻ പണിയൊതുക്കി സ്ഥലംവിടാൻ തുടങ്ങുന്നു. ഡ്യൂട്ടി നിർവ്വഹിച്ച കൃതാർത്ഥത ആ മുഖത്തു ഓളംവെട്ടുന്നു. ഇനി വേറൊരു മോഷ്ടാവും ഈ വീട്ടുകാരെ ബുദ്ധിമുട്ടിക്കരുതെന്ന നിഷ്കർഷ അവനുണ്ട്. ആ ഉദ്ദേശ്യത്തോടെയാവണം താൻ പ്രവേശിക്കുമ്പോൾ ഉണ്ടായിരുന്ന അതേ സ്ഥിതിയിലേക്കു അവൻ വാതിലുകൾ എല്ലാം അടച്ചത്. അതിനുശേഷം അവൻ മുകളിലേക്കു മിഴികൾ വീശി എന്തോ ഉച്ചരിച്ചു നന്ദിപ്രകാശിപ്പിക്കുന്നതും ഒളികണ്ണിൽ ഞാൻ കണ്ടു. തുടർന്ന് ഒന്നും സംഭവിക്കാത്ത മട്ടിൽ നടന്നകലുകയും ചെയ്തു/സ്ഥലംവിടുകയും ചെയ്തു.

അവൻ പോയിക്കഴിഞ്ഞുവെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് ശ്വാസം നേരെ വീഴുന്നത്.

ഒടുവിൽ ഞാൻ ഭാര്യയെ തട്ടിവിളിച്ചുണർത്തി അവൾ ഞെട്ടിയെഴുന്നേറ്റ് ഉറക്കച്ചടവോടെ ചോദിച്ചു: പോയോ അവൾ...? ആ കള്ളി? നമ്മുടെ ആഭരണങ്ങളും രൂപയും കവർന്നെടുത്ത ആ പെരുങ്കള്ളി...?

ആണ്ടേ...?

ഞാനാകെ ഒരുമാത്ര അന്ധാളിച്ചിരുന്നുപോയി.

അപ്പോൾ ഞാൻ കണ്ടത്?

ങാ...

അപ്പോൾ എല്ലാം കണ്ടിരുന്നുവല്ലേ?

ഉറക്കം നടിച്ചുകിടന്നിട്ടുണ്ടാവും കള്ളൻ?

എല്ലാം കവർന്നുകൊണ്ടുപോകുമ്പോൾ ഉറക്കം നടിച്ചുകിടക്കാൻ എങ്ങനെ കഴിഞ്ഞു നിങ്ങൾക്ക്?

ദുഷ്ടൻ! കുടുംബനാഥനാണത്രേ! കഷ്ടം!

നീയെന്താണിപ്പറഞ്ഞോണ്ടുവരുന്നത്? അതവളല്ലല്ലോ, അവനായിരുന്നില്ലേ?

ഏതവൻ...?

അപ്പോഴാണ് പിള്ളേരുണരുന്നതും. എല്ലാവരും മുറികളും പോർച്ചുമൊക്കെ പരതിനോക്കി. ഒന്നും നഷ്ടപ്പെട്ടിട്ടില്ല. അപ്പോൾ പിന്നെ...?

വെറുമൊരു സ്വപ്നമായിരുന്നു സാർ.

ഞങ്ങൾ ഇരുവരും കണ്ടത് യാഥാർഥ്യത്തോടു സാമ്യവും ചാർച്ചയും ഉണ്ടായിരുന്ന ഒരു സ്വപ്നം. റിയലിസത്തോട് ഗോത്രച്ചാർച്ചയുള്ളൊരു റൊമാന്റിക് സ്വപ്നം.

●

# ആട്ടിൻ കുട്ടികളും ചെന്നായയും





പി.കെ.ഭരതൻ

അറബിക്കടലിൽ സൂര്യനസ്തമിയ്ക്കുന്നു.
കാർമേഘപ്പുതപ്പുകൊണ്ട് സമാധാനനിലാവ് മൂടിയിടുന്നു.
സൂര്യചന്ദ്രന്മാരെ വിഴുങ്ങുന്ന ഗ്രഹണകാലം തുടങ്ങി.
ആവാസവ്യവസ്ഥയുടെകൊതുമ്പുവള്ളമാണ് ആടിയുലയുന്നത്.
സ്നഹത്തിൻെറയും സഹകരണത്തിൻെറയുംസൗഹാർദ്ദച്ചരടുകൾ പൊട്ടിപ്പോകുന്നു.
നിയമവും നിയന്ത്രണവും ആരാണ് കവർന്നെടുക്കുന്നത്.?ഇരുട്ടിന്റെ സ്ഥല കാലവി ഭ്രാന്തികൾ,
വേവലാതികൾ നിലവിളികൾ.
നടുക്കടലിൽ എല്ലാം നഷ്ടപ്പെടുകയാണോ?സജ്ജനങ്ങളേ നിങ്ങൾക്കനുതാപം.
ഐക്യദാർഢ്യം.
രക്ഷകരെത്തുവോളം പിടിച്ചുനില്ക്കുക.
പ്രതീക്ഷയുടെ തായ്ഞരമ്പുകൾ പൊട്ടിപ്പോകാതെ നോക്കുക.
കാശ്മീരായിരുന്നു ആദ്യ പരീക്ഷണശാല. മരുന്നും മന്ത്രവുംചവിട്ടിയുഴിച്ചിലും നടത്തി. ശാന്തിജപങ്ങളും പകർച്ചപോർവിളികളും പൂജയും ഹോമവും ശത്രുസംഹാരവും ചെയ്തു. പൂമൊട്ടുകൾ വിരിയുകയും
ചീയുകയും ചെയ്തു. എന്നിട്ടും മതിയാകാതെ നില്ക്കുമ്പോഴാണ് കണ്ടത്.
തരിപ്പും കഴപ്പും തീർക്കാൻ മറ്റൊരിടം. മനോഹരം.
വശ്യസുന്ദരം.
ഇന്ദ്രനീലപ്പട്ടിൽ പൊതിഞ്ഞ പവിഴപ്പൊയ്കയിലെ രത്നത്തിളക്കം.!
മരതകപ്പതക്കം!
കണ്ടു. മനംതുടിച്ചു.
കണ്ടത് കവരുന്നശീലം പുറത്തുചാടി.
ആരാണയാൾ.?
കഴുകനോ കാവൽക്കാരനോ?
ആരായാലുമത് ആരാച്ചാർ ആയിരുന്നു.
അഞ്ചു മാസംകൊണ്ട് അഞ്ചല്ല,അമ്പതല്ല, എഴുപതിനായിരംപേരെ
വകവരുത്താൻവന്ന ആരാച്ചാർ.
ആട്ടിൻ കുട്ടിയെന്നു കരുതിയതാണ്
ആട്ടവുംചാട്ടവുംചവിട്ടും തുടങ്ങിയപ്പോൾ പുറംന്തോൽ അഴിഞ്ഞുവീണു.
അതാ നില്ക്കുന്നു ചെന്നായ.
ദുരമൂത്തചെന്നായ!
കണ്ണുകളിൽ ജ്വലിക്കുന്നു.
ആസക്തിയോ
കൗശലമോ?

എണ്ണാൻതുടങ്ങി.ഒന്ന്,രണ്ട് മൂന്ന്....
മുപ്പത്തിയാറ് ആട്ടിൻകുട്ടികൾ.
തിന്നാനല്ലന്നേ...വളർത്താൻ...
മട്ടുംമാതിരിയുംകണ്ട്
ആട്ടിൻകൂട്ടം കരഞ്ഞു.
വേണ്ട..ഞങ്ങളിങ്ങനെയൊക്കെ കഴിഞ്ഞോളാം.
ചെന്നായ ഇടഞ്ഞു. ഗർജ്ജിച്ചു.കുരച്ചു ചാടി.
കടിച്ചു കീറി.
ഇറച്ചി, ചോര,പാലുംതോലും..
ഏതാകാനാണ് ഇഷ്ടം.?
ആത്മഹത്യ കൊലപാതകം ഏതാണഭികാമ്യം?
ആട്ടിൻപറ്റം വേദനകൊണ്ടു പുളഞ്ഞു.
അലറിക്കരഞ്ഞു.ബേ ...ങ്ബേ.....
കരച്ചിൽ കേട്ട് കാതടഞ്ഞു.
വായടയ്ക്കൂ... നാവടക്കൂ....
ചെന്നായ്ക്കണ്ണിൽ തീയാളി.
ആട്ടിൻ പറ്റം മണലിൽ തലപൂഴ്ത്തി കരച്ചിൽ കുഴിച്ചിട്ടു.
സ്വരവുംതാളവുംമാറ്റി. ചെന്നായ്ക്കണ്ണിൽ രാഗംമാറി.
വായടക്കി നാവടക്കി കാതുമാത്രം തുറക്കൂ...
മരതകപ്പതക്കം തേടി സഞ്ചാരികളെത്തും.
സ്വർഗ്ഗംകണ്ടവർ മതിമയങ്ങണം. കൈയുംമെയ്യും മറക്കണം.
വഴിമാറിപ്പോകും യാനങ്ങൾ യാത്രമറന്നിങ്ങിറങ്ങണം..
ഉപ്പുംമുളകും മസാലചേർത്ത് നിങ്ങളെയവർക്കൊരുക്കണം
വയറുനിറച്ചൂട്ടണം..
മതികെട്ടങ്ങുറക്കണം.
നാവടക്കി പണിയെടുക്കിൻ...
സ്വർഗം പണിയാനണിചേരൂ..
ആടുകളേ, നിങ്ങൾ
തീൻമേശകളിലേക്കണിചേരൂ...
പൈതൃകത്തിൻ നാരായവേരുകൾ പറിച്ചെറിഞ്ഞ്
ആചാരങ്ങളെ ചാരമാക്കുക.
സ്വാതന്ത്ര്യബോധത്തിൻ വേരറുത്തല്ലാതെ സ്വച്ഛന്ദസഞ്ചാരിയെ കീഴടക്കാനാകില്ല.
പുതുയുഗപ്പിറവിയിൽ ആടുകളിവിടെ കരയാൻ മറന്ന്
ബൈ... ബൈ... പറഞ്ഞാകണം ചിരിക്കുക.
ഭരതവാക്യം
നാളെ കടൽപൊയ്കയ്ക്കുമീതെ അലങ്കാരമത്സ്യങ്ങൾ ചത്തുപൊന്തും.
നക്ഷത്രമത്സ്യങ്ങൾ ആകാശത്തിലേക്ക് പറന്നുയരും.
കടൽപ്പുല്ലും പൂച്ചെടികളും ജൈവവൈവിദ്ധ്യവും
നിങ്ങളുടെ കുഞ്ഞുങ്ങളോടൊപ്പം ചത്തുചീയും.
അറബിക്കടലപ്പോൾ ചാക്കാലപാടുന്നത് കേൾക്കാൻ കാതോർക്കുക.

**കഥവിത** എന്നത് കഥയും കവിതയും ചേർന്ന സാഹിത്യരൂപം. അടിയന്തരാവസ്ഥക്കാലത്താണ് ഇതുണ്ടായത്. സമകാലിക രാഷ്ട്രീയത്തിൻെറയും സാമൂഹിക പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിലും ഇതിവൃത്തവുമാണ് കഥവിതകളിൽ ആവിഷ്ക്കരിക്കുന്നത്.




# ചോർത്തലുകളുടെ ഓണം



ഫ്രാങ്കോ ലൂയിസ്

**ലോക് ഡൗണിന്റെ ക്ഷീണത്തോടെയും കോവിഡിന്റെ മൂന്നാം വരവെന്ന ഭീതിയോടെയും കഴിയുന്നവർക്ക് ഇനി എന്ത് ഓണമെന്നു പരിതപിക്കാനേ കഴിയുന്നുള്ളൂ. ചോർത്തലുകളും കവർച്ചയുമെല്ലാമാണ് ഇപ്പോൾ ഈ നാട്ടിലെ ഓണം.**

**കോ**വിഡ് നിറം കെടുത്തിയ ടോക്കിയോ ഒളിമ്പിക്സ്. ഇന്ത്യയിലെ പെഗാസസ് ഫോൺ ഫോൺ ചോർത്തൽ. കണ്ണഞ്ചിപ്പിക്കുന്ന എസ്എസ്എൽസി വിജയം. ബിജെപിയുടെ കുഴൽപണം കവർച്ചക്കേസ്. സിപിഎമ്മിന്റെ സഹകരണ ബാങ്ക് നിക്ഷേപത്തട്ടിപ്പ്. സമകാലീന ചർച്ചകൾ ഇതെല്ലാമാണ്.

ഇതിനെല്ലാം ഇടയിൽ സാധാരണക്കാരായ മലയാളികൾ തലപുകയ്ക്കുന്നത് ഓണം എങ്ങനെയാകുമെന്നാണ്. ലോക്ഡൗണിന്റെ ക്ഷീണത്തോടെയും കോവിഡിന്റെ മൂന്നാം വരവെന്ന ഭീതിയോടെയും കഴിയുന്നവർക്ക് ഇനി എന്ത് ഓണമെന്നു പരിതപിക്കാനേ കഴിയുന്നുള്ളൂ. ചോർത്തലുകളും കവർച്ചയുമെല്ലാമാണ് ഇപ്പോൾ ഈ നാട്ടിലെ ഓണം.

### ചാരക്കെണി

ഡൽഹിയിൽ പോലീസ് രാജ്. ആരെ വേണമെങ്കിലും അറസ്റ്റുചെയ്ത് മാസങ്ങളോളം ജയിലിലടയ്ക്കാം. കേന്ദ്ര സർക്കാർ ഇന്ദ്രപ്രസ്ഥത്തിൽ നാഷണൽ സെക്യൂരിറ്റി ആക്ട് നടപ്പാക്കി. ഈ മാസം 15 നു സ്വാതന്ത്ര്യദിനാഘോഷത്തിനു മുന്നോടിയായുള്ള കരുതൽ. ഫോൺ ചോർത്തൽ വിവാദം പ്രക്ഷോഭമായി വളരുന്നതു തടയണം. കഴിഞ്ഞ വർഷം ഒക്ടോബറിൽ ആരംഭിച്ച് ഡൽഹിയിൽ ആളിക്കത്തുന്ന കർഷക പ്രക്ഷോഭത്തെ നേരിടണം. എതിർശബ്ദങ്ങളെ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടയ്ക്കുന്ന നയം തുടരുകയാണ്. സ്റ്റാൻ സ്വാമിയുടെ മരണത്തേക്കാളും രാജ്യദ്രോഹക്കുറ്റത്തിനെതിരേ സുപ്രീം കോടതി നൽകിയ താക്കീതിനേക്കാളും വലുതാണ് അധികാരക്കസേര.

ഫോൺ ചോർത്തൽ വിവാദം പ്രക്ഷോഭങ്ങളിലേക്കു കടക്കാനിരിക്കേയാണ് ഡൽഹിയിൽ അടിയന്തരാവസ്ഥയ്ക്കു സ

മാനമായ പോലീസ് രാജ് പ്രഖ്യാപിച്ചത്. രാജ്യത്തെ പ്രതിപക്ഷ നേതാക്കൾ അടക്കമുള്ളവരുടെ ഫോൺ 2016 മുതൽ കേന്ദ്ര സർക്കാർ ചോർത്തുന്നതാണ്. ജനങ്ങളുടെ നികുതിപ്പണത്തിൽനിന്ന് 558 കോടി രൂപ വിനിയോഗിച്ചാണ് ഫോൺ ചോർത്തൽ. രാജ്യസുരക്ഷയുടെ ലേബലൊട്ടിച്ച് സ്വകാര്യതയിലേക്കു നുഴഞ്ഞുകയറ്റം. ഇസ്രേലി സൈബർ ടെക്നോളജി സ്ഥാപനമായ എൻഎസ്ഒയുടെ പെഗാസസ് ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഫോൺ ചോർത്തൽ. വിദേശ ഏജൻസി ചോർത്തിയത് രാജ്യസുരക്ഷയ്ക്കുതന്നെ ഭീഷണിയാകുന്ന വിവരങ്ങളുമുണ്ടെന്നാണു പ്രതിപക്ഷത്തിന്റെ ആരോപണം.

പ്രതിപക്ഷ പാർട്ടികളുടെ ഓരോ നീക്കവും മണത്തറിയാനാണ് ഫോൺ സംഭാഷണം അടക്കമുള്ള എല്ലാ വിവരങ്ങളും ചോർത്തിയത്. രാഹുൽഗാന്ധി അടക്കമുള്ള പ്രതിപക്ഷ നേതാക്കളുടെ മാത്രമല്ല, ചില കേന്ദ്ര മന്ത്രിമാരുടേയും സുപ്രീം കോടതി ജഡ്ജിമാരുടേയും അന്വേഷണ ഏജൻസി മേധാവികൾ, മാധ്യമപ്രവർത്തകർ തുടങ്ങിയവരുടെയെല്ലാം ഫോൺ ചോർത്തിയെന്നാണു വിവരം.

പൗരാവകാശ സംരക്ഷണ പ്രസ്ഥാനമായ ആംനസ്റ്റി ഇന്റർനാഷണലും ഫ്രാൻസിലെ ഓൺലൈൻ മാധ്യമമായ 'ഫോർബിഡൺ സ്റ്റോറീസു'മാണ് പെഗാസസ് ഇന്ത്യ അടക്കമുള്ള വിവിധ രാജ്യങ്ങളിലെ നേതാക്കളുടെ ഫോൺ ചോർത്തിയെന്ന വിവരം പുറത്തുവിട്ടത്. ആർഎസ്എസ് നേതാക്കളുടെപോലും ഫോൺ ചോർത്തിയെന്ന് ബിജെപി നേതാവായ സുബ്രഹ്മണ്യംസ്വാമി ആരോപിക്കുകയും ചെയ്തു.

തീവ്രവാദം, ഭീകരപ്രവർത്തനം, കൊടും കുറ്റവാളികളുടെ നീക്കങ്ങൾ എന്നിവ കണ്ടെത്തുന്നതിനു സർക്കാർ ഏജൻസികളെ സഹായിക്കാനാണ് ഇസ്രയേലിലെ എൻഎസ്ഒ ഗ്രൂപ്പ് പെഗാസസ് എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തത്. ഈ സംവിധാനമാണ് ഇന്ത്യയിൽ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ദുരുപയോഗം ചെയ്തത്. ലക്ഷ്യമിടുന്നയാളുടെ ഫോണിലേക്ക് ഫോണിന്റെ ഉടമപോലും അറിയാതെ സോഫ്റ്റ്‌വെയർ എത്തിച്ച് ഫോൺ മാർഗമുള്ള എല്ലാ കാര്യങ്ങളും ചോർത്തിയെടുക്കുന്നത്.

ഫോൺ ചോർത്താൻ ആരാണ് നിർദേശം നൽകിയത്. പാർലമെന്റിൽ ഉയരുന്ന ചോദ്യങ്ങൾക്ക് മറുപടിയില്ല. ജുഡീഷ്യൽ അന്വേഷണം വേണമെന്നതടക്കമുള്ള ആവശ്യങ്ങൾ നിരാകരിക്കപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും അറിയാതെ ഇത്രയും ഗുരുതരവും അതീവ രഹസ്യസ്വഭാവമുള്ളതുമായ ചാരപ്പണി നടക്കില്ലെന്ന് ഏതു കുഞ്ഞിനും അറിയാം.

## ഒളിമ്പിക്സ്

സ്പോർട്സ് എക്കാലത്തും ചെറുപ്പക്കാർക്കു ഹരമാണ്. കോവിഡ് മൂലം കാണികളെ പ്രവേശിപ്പിക്കാതേയും ആരവങ്ങളില്ലാതേയും ആരംഭിച്ച ടോക്കിയോ ഒളിമ്പിക്സിന്റെ ഹരംകൊള്ളിക്കുന്ന കാഴ്ചകളാണു സ്പോർട്സ് ചാനലുകളിൽ. യുവാക്കളും കൗമാരക്കാരുമെല്ലാം ഇഷ്ട കായിക ഇനങ്ങളുടെ മൽസരങ്ങൾ കാണാൻ രാപകലുകൾ കൺ മിഴിച്ചിരുന്നു. ഓഗസ്റ്റ് ഒമ്പതിനു സമാപനം വരേയും ഈ കാത്തിരിപ്പുണ്ടാകും.

ഒളിമ്പിക്സിൽ ഇന്ത്യ നില മെച്ചപ്പെടുത്തുമെന്നു പ്രതീക്ഷയിലാണു നാം. ഭാരോദ്വഹനത്തിൽ മീരാഭായ് ചാനു ഇന്ത്യക്കുവേണ്ടി ആദ്യ മെഡൽ നേടി. വെള്ളി മെഡലാണ് ആദ്യദിനത്തിൽ ഇന്ത്യക്കു ലഭിച്ചത്. ഒമ്പതു മലയാളികൾ അടക്കം 127 അംഗ സംഘമാണ് ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ബോക്സിംഗ് താരം മേരി കോമും ഭാരോദ്വഹന താരം മീരാഭായ് ചാനുവും സ്വർണ പ്രതീക്ഷയുള്ള ഇന്ത്യൻ താരങ്ങളാണ്. ഷൂട്ടിംഗ്, ഹോക്കി, അത്‌ലറ്റിക്സ് തുടങ്ങിയ ഇനങ്ങളിലെല്ലാമാണു പ്രതീക്ഷ.

## എസ്എസ്എൽസി വിജയം

കോവിഡ് വ്യാപനം തടയാൻ സ്കൂൾ തുറക്കാനാകാതെ വീട്ടിലിരുന്ന് ഓൺലൈനി



ലൂടെ പഠിച്ച വിദ്യാർഥികൾക്ക് റിക്കാർഡ് വിജയം. 99.47 ശതമാനം വിജയമാണ് വിദ്യാർഥികൾ നേടിയത്. 1.21 ലക്ഷം വിദ്യാർഥികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടി. പരീക്ഷ എഴുതിയ 4.21 ലക്ഷം വിദ്യാർത്ഥികളിൽ 4.19 ലക്ഷം പേരും ജയിച്ചു. എല്ലാവർക്കും ആശംസകൾ, അഭിനന്ദനങ്ങൾ.

ഇത്രയും ഗംഭീര വിജയത്തെ പരിഹസിക്കുന്നവരും ധാരാളം. സാമൂഹ്യമാധ്യമങ്ങളിലാണ് കൂടുതൽ പ്രതികരണങ്ങൾ. സ്‌കൂൾ അടച്ചിട്ട്, ക്ലാസ് നടത്താതെ റിക്കാർഡ് വിജയം കൈവരിക്കാൻ സാധിച്ചെങ്കിൽ ഇനി സ്‌കൂളുകൾ തുറക്കാതിരിക്കുന്നതാണു നല്ലതെന്നാണ് ഒരു പ്രതികരണം. ഇനിയും ഓൺലൈൻ പഠനം മതിയെന്ന് വേറെകൂട്ടർ. സ്‌കൂളുകളെല്ലാം സർക്കാരിനു വരുമാനമുണ്ടാക്കുന്ന ബാറുകളാക്കി മാറ്റണമെന്ന പരിഹാസവുമുണ്ട്.

മൂല്യനിർണയം നടത്തിയ അധ്യാപകരുടെ വെളിപ്പെടുത്തൽ ഇങ്ങനെയാണ്: അക്ഷരങ്ങൾ എഴുതാൻപോലും അറിയാത്തവരും ജയിച്ചിട്ടുണ്ട്. ഈ ഇന്ദ്രജാലം മനസിലാകുന്നില്ല. ഈ കുട്ടികൾ എങ്ങനെ ഉപരി പഠന ക്ലാസുകളിൽ വിജയം നേടും?

ആ കോഴ്സുകളുടെ പരീക്ഷാ മൂല്യനിർണയത്തിനും ഇതേ ഇന്ദ്രജാലം ഏർപ്പെടുത്തുകയേ തരമുള്ളൂ.

## കുഴലിൽ കുടുങ്ങുമോ?

കൊടകര കുഴൽപണക്കേസിൽ ബിജെപി നേതാക്കൾ പ്രതിപ്പട്ടികയിൽ ഇല്ലെങ്കിലും പ്രതിക്കൂടിന് അരികിൽവരെ എത്തിയിട്ടുണ്ട്. മൂന്നര കോടി രൂപ തട്ടിയെടുത്തെന്ന കേസിൽ ബിജെപി സംസ്ഥാന പ്രസിഡന്റ്  കെ. സുരേന്ദ്രൻ, സെക്രട്ടറി എം. ഗണേശൻ, ഓഫീസ് സെക്രട്ടറി ഗിരീശൻ എന്നിവരുടെ അറിവോടെയാണ് കുഴൽപണം ഇടപാടു നടന്നതെന്ന് പോലീസ് സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നുണ്ട്. ഇവരെ സാക്ഷിപ്പട്ടികയിലാണ് ഉൾപെടുത്തിയിരിക്കുന്നത്. കോടതി വേണമെങ്കിൽ ഇവർക്കു പ്രതിപ്പട്ടികയിലേക്കു സ്ഥാനക്കയറ്റം നൽകട്ടെയെന്നാണു പോലീസിന്റെ നിലപാട്.

കേസിൽ 22 പ്രതികളാണുള്ളത്. 19 ബിജെപി നേതാക്കൾ അടക്കം ഇരുന്നൂറിലേറെ പേരാണു പ്രതിപ്പട്ടികയിലുള്ളത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ കർണാടകത്തിൽനിന്നു ബിജെപി നേതൃത്വത്തിന്റെ അറിവോടെ കടത്തിക്കൊണ്ടുവന്ന പണമാണെന്നാണ് പോലീസ് കുറ്റപത്രത്തിൽ വ്യക്തമാക്കുന്നത്. തൃശൂരിൽ 6.25 കോടി രൂപ ബിജെപി നേതാക്കൾക്കു കൈമാറിയശേഷം മൂന്നര കോടി രൂപയുമായി ആലപ്പുഴയിലേക്കു പോകുമ്പോഴായിരുന്നു ഒരു സംഘം ആക്രമിച്ച് കവർച്ച നടത്തിയത്. ആർഎസ്എസ് പ്രവർത്തകൻകൂടിയായ ധർമരാജൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 43.5 കോടി രൂപ കേരളത്തിലേക്കു കടത്തിയെന്നും കുറ്റപത്രത്തിൽ ആരോപണമുണ്ട്.






സർക്കാരിലെ ഉന്നതരും സിപിഎം നേതാക്കളും കുടുങ്ങിയ സ്വർണക്കടത്തു കേസ് ഒതുക്കിത്തീർക്കാൻ ബിജെപി നേതാക്കൾ പ്രതികളായ കുഴൽപണക്കേസ് ഒതുക്കിത്തീർത്തെന്നാണ് കോൺഗ്രസിന്റെ ആരോപണം.

സ്വർണക്കടത്തു പിടിക്കാൻ അത്യുൽസാഹം കാണിച്ച കേന്ദ്ര ഏജൻസികൾ കോടികളുടെ ഈ കേസ് അറിഞ്ഞിട്ടേയില്ല.

## കവർച്ചാ സഹകരണം

സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘ

ങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കാൻ കേന്ദ്ര ധനകാര്യ വകുപ്പും റിസർവ് ബാങ്കും നടത്തുന്ന ശ്രമങ്ങൾക്ക് ഒരു ദശാബ്ദത്തിലേറെ പഴക്കമുണ്ട്. എന്നാൽ സുപ്രീം കോടതി വിഷയത്തിൽ ഇടപെട്ട് കേന്ദ്ര നീക്കങ്ങൾക്കു തടയിട്ടിരിക്കുകയാണ്.

സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടേയും പ്രവർത്തനം സുതാര്യമല്ലെന്നും നിക്ഷേപകർക്കു സുരക്ഷിതത്വം ഉറപ്പാക്കണമെന്നും ചൂണ്ടിക്കാട്ടിയാണ് കേന്ദ്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഒരുങ്ങിയത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ ശരിവയ്ക്കുന്ന വിധത്തിലുള്ള പകൽക്കൊള്ളയാണ് തൃശൂർ ജില്ലയിലെ കരുവന്നൂർ സഹകരണ ബാങ്കിൽ സിപിഎം ഭരണസമിതിയിലെ ചിലർ നടത്തിയത്. വായ്പ എടുക്കാത്തവരുടെ പേരിലും വായ്പയെടുത്തു പണം തട്ടി. വായ്പാതുകയിൽ ഏതാനും പൂജ്യങ്ങൾകൂടി ചേർത്തുള്ള തട്ടിപ്പു വേറെ. മുന്നൂറു കോടി രൂപവരെ തട്ടിയെടുത്തെന്നു സംശയിക്കുന്നതായാണു പോലീസിന്റെ റിപ്പോർട്ട്. എന്നാൽ 107 കോടി രൂപയുടെ ക്രമക്കേടാണു സഹകരണ വകുപ്പു കണ്ടെത്തിയതെന്നാണ് മന്ത്രി നിയമസഭയിൽ അറിയിച്ചത്.

നിക്ഷേപകരുടെ പണം അപഹരിക്കുന്ന സഹകരണ ബാങ്ക് ഡയറക്ടർമാർക്കെതിരേ അഞ്ചാറു മാസം മുമ്പേ പരാതികൾ ഉയർന്നിരുന്നു. സഹകരണ വകുപ്പോ സിപിഎമ്മോ നടപടിയെടുത്തില്ലെന്നാണു നിക്ഷേപകരുടെ ആക്ഷേപം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയെ തളർത്തുന്ന കവർച്ചയാണിത്.

## ഓണപ്പൂക്കളം

മുറ്റത്ത് ഓണപ്പൂക്കളം ഒരുക്കാനാകുമോ? രണ്ടു മാസത്തിലേറെ നീണ്ട ലോക് ഡൗൺ നിയന്ത്രണങ്ങൾമൂലം തൊഴിലും വരുമാനവും ഇല്ലാതെ വശംകെട്ട ജനങ്ങൾക്ക് റേഷൻ കിറ്റു മാത്രമാണു ശരണം. വായ്പാതിരിച്ചടവുകളെല്ലാം മുടങ്ങി ജപ്തി ഭീഷണിയിലാണ് ബഹുഭൂരിപക്ഷം പേരും. വ്യാപാരികളും സംരംഭകരും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരും ഓട്ടോ ഡ്രൈവർമാരുമെല്ലാം ഇങ്ങനെ കടക്കെണിയിലാണ്. ഈ സാഹചര്യത്തിൽ എങ്ങനെ ഓണമുണ്ടാകാനാണ്?




കോവിഡ് വ്യാപനം കുറയുകയും ലോക് ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുകയും ചെയ്താൽ അൽപമെങ്കിലും പ്രതീക്ഷയ്ക്കു വകയുണ്ട്. പക്ഷേ, അങ്ങനെയൊരു ലക്ഷണവും കാണുന്നില്ല.

കോവിഡിന്റെ മൂന്നാം തരംഗത്തിൽ കുട്ടികൾ കുടുങ്ങുമെന്നാണു മുന്നറിയിപ്പ്. എല്ലാ കുടുംബങ്ങളുടേയും മനസമാധാനം കെടുത്തുന്ന അറിയിപ്പാണത്. വാക്സിനാണെങ്കിൽ കിട്ടാനേയില്ല.

എല്ലാ പ്രതിസന്ധികളേയും മറികടന്ന് നാടുനീളെ, മുറ്റം നിറയെ ഓണപ്പൂക്കളങ്ങൾ നിരക്കട്ടെ. ഐശ്വര്യവും അതിലേറെ ആരോഗ്യ സുരക്ഷയും ഒപ്പമുണ്ടാകട്ടെ.

കവിത



# ഉയിർഞെട്ടിൽ പൂവിടുന്ന ചുറ്റുവള്ളികൾ



സ്റ്റെല്ല മാത്യു

ഇത്രമേൽ പ്രേയസിയെ ചുറ്റിവരിഞ്ഞ്
പ്രാണന്റെ ഞെടുപ്പിൽ
ഇറുകിയിരിക്കാൻ
ആർക്ക് സാധിക്കും?

അവളുടെ ഉച്ഛ്വാസംവരെ പൊള്ളിച്ച്
ഓരോ
രക്താണുവിലും അള്ളിപിടിച്ച്
രാവും പകലും
അവൾക്കുമാത്രമായി അണിഞ്ഞ്
ആരും തൊടാനനുവദിക്കാതെ
വേണ്ടപ്പെട്ടവരുടൊക്കെ
കാഴ്ച തട്ടിമറിച്ചിട്ട്
കൊക്കിൽ നിന്നവളെ അപ്പക്കഷണമെന്നപോലെ
എടുത്തോണ്ടു പോവുന്നു.
രാവ് തുന്നിയിട്ട ഇരുട്ടുഞൊറികൾക്കപ്പുറത്ത്
നീർമരുതിന്റെ ഉയിർക്കൊത്തും പെയ്ത്ത്.
ഞെരിപ്പൊടിഞ്ഞുവീണ കടമരത്തിൽ തളിർപ്പ്.
ഒറ്റക്കമ്പിളിയുടെ
ചൂടിൽ
നിന്നവനിറങ്ങുമ്പോൾ
ഇലച്ചീന്തുപോലെയവൾ

രാത്രി കരിക്കുവെട്ടി
ഓളം തുളുമ്പുന്ന ഇളം വെട്ടത്തിൽ
അവളോ
ഉദരത്തിൽ കുഞ്ഞിനെ പേറുന്ന പോലെയവനോ
ഉന്മാദത്തിരയിലഴിഞ്ഞാടി
ആലസ്യത്തിലുറങ്ങുന്നവനും ആകുന്നു.

ഇത്രമേൽ പ്രേയസിയെ പ്രേമിച്ചു
വശംകെടത്തുന്ന
ശ്വാസവള്ളി പൊട്ടുംവിധം
പരവശപ്പെടുത്തുന്ന
മറ്റേത് കാമുകനുണ്ട്
ഇക്കാലത്ത് പ്രപഞ്ചത്തിൽ .

കവിത

# രസതന്ത്രം





ജയപ്രകാശ് എറവ്.

ചിലരെ കാണുമ്പോൾ
കണ്ടില്ലെന്ന ഭാവം നടിച്ച്
വഴിമാറിയാണ് യാത്ര.
സ്വരക്ഷയുടെ
കവചമണിഞ്ഞ്,
ചോദ്യങ്ങളുടെ ശരമാരി
ഒന്നുമില്ലാതെ...
ഇങ്ങനെയുള്ള രക്ഷപ്പെടലുകളിലാണ്
ഞാൻ.
എന്തിനാണിങ്ങനെ?
ചോദിക്കാറുണ്ട് സ്വയം .
ഉത്തരമില്ല.
അതങ്ങനെ തന്നെ സംഭവിയ്ക്കും,

നടക്കുമ്പോഴും,
യാത്രയിലും
വർത്തമാനം പറയാറില്ല.
അതെനിക്ക് ഇഷ്ടവുമല്ല.
മുന്നിൽ നിന്ന് പിന്നിലേക്ക് പോവുന്ന
കാഴ്ചകളിലായിരിക്കും കണ്ണ്.

പഴയകാഴ്ചകളാണെങ്കിലും
പുതുമ ദർശിച്ച്,
സങ്കല്പലോകത്തിലങ്ങനെ.
അതൊരു പഴകിപതിഞ്ഞ ശീലമാണ്
അനുഭവവും.
സങ്കല്പ ജീവിതമെത്ര രസാത്മകം.
മനസ്സിലത് ചിറകടിച്ചുയരും .
നിയന്ത്രമില്ലാത്ത പട്ടം പോലെ,
കനമില്ലാത്ത അപ്പൂപ്പൻ താടി പോലെ.
മഴവില്ലഴകിൻ
മയൂരനടനം പോലെ ...!

എവിടെയൊക്കെയോ ചിലപ്പോൾ
ഞാനൊരു വല്ലാത്ത
ശരിയായും മാറാറുണ്ട്.
ശരിയില്ലായ്മയുടെച്ചിത്രം
എപ്പോഴും മനസ്സിലാവാഹിച്ച് കൊണ്ട്.

ചിലരെ കാണുമ്പോൾ
വല്ലാത്തൊരിഷ്ടം.
ഞാനവർക്ക്,
കൈക്കൊടുക്കും.
വിശേഷങ്ങൾ വാരിയെറിയും.
ഏറ്റവും വിലപ്പെട്ട വാക്കാൽ
നെഞ്ചോട് ചേർക്കും.
കണ്ണും, കാതും അവരിലേക്ക് ലയിക്കും.
പിന്നെ കാണാമെന്ന
ഉപചാര വാക്കാൽ
മോഹച്ചീളുകൾ സമ്മാനിയ്ക്കും.
ഓടിയൊളിപ്പതും
ഒട്ടിചേരുന്നതും ഞാൻ തന്നെയല്ലോ
എന്നത്ഭുതം
ഒരു രസം തന്നെയാണ്.



# നല്ലോണംപോലെയുള്ള പാട്ടുകൾ!

**ഓണം എന്നു കേട്ടാൽ നിങ്ങളുടെ മനസിൽ തെളിയുന്ന ആദ്യത്തെ പാട്ട് ഏതാണെന്ന് ഓർത്തുനോക്കൂ. നിങ്ങൾ അത്ഭുതപ്പെടും- ഒന്നല്ല ഒരായിരം പാട്ടുകൾ അതാ ഒഴുകിവരുന്നു! എങ്ങനെയാണ് ഈ പാട്ടുകളോട് നമുക്കിത്ര ഇഷ്ടം വന്നത്...**




**തേജശ്രീ**

നിങ്ങൾക്കെപ്പോഴാണ് പാട്ടുകൾ ഏറ്റവും നന്നായി ആസ്വദിക്കാൻ പറ്റുക? ഉത്തരങ്ങൾ ഓരോ വ്യക്തികൾക്കനുസരിച്ച് മാറിയുംമറിഞ്ഞുമിരിക്കും. എന്നാലും സന്തോഷമായിരിക്കുമ്പോഴല്ലേ പാട്ടുകൾ കൂടുതൽ സന്തോഷിപ്പിക്കുക? അതെയെന്നാവും കൂടുതൽ പേരുടെയും മറുപടി. ദുഃഖിച്ചിരിക്കുമ്പോൾ ഒരു ഉല്ലാസഗാനം നിങ്ങളെ സന്തോഷിപ്പിക്കാനിടയില്ല. ഒരു ദുഃഖഗാനം കേട്ടാലോ, ഉള്ള സങ്കടം കൂടുകയും ചെയ്യും. വിഷമങ്ങൾ ഒതുക്കാൻ പാട്ടുകേൾക്കുന്നവരില്ലെന്നല്ല. ഗസലുകളോ ഭക്തിഗാനങ്ങളോ സങ്കടക്കടലുകൾ നീന്തിക്കയറാൻ സഹായിച്ചെന്നിരിക്കും. എന്നാൽ സന്തോഷിച്ചിരിക്കുമ്പോൾ ത്രസിപ്പിക്കുന്നൊരു പാട്ടുകൂടി ആയാൽ, സന്തോഷം ഇരട്ടിക്കും., ഉറപ്പ്.

അങ്ങനെത്തന്നെയാവണം ഓണമെന്നത് പാട്ടുകൾക്ക് ഇത്രയേറെ വിഷയമായത്. ഓണക്കാലത്ത് ഒട്ടേറെ ഗാനങ്ങൾ ഇറങ്ങാറുള്ളത്. ഒന്നിനു പിന്നാലെ ഒന്നായി ഒരുപാടു പാട്ടുകൾ നമ്മുടെയെല്ലാം മനസിലെത്തുന്നുണ്ട്. നാടൻ പാട്ടുകളും സിനിമാ പാട്ടുകളും കാസറ്റുകളിൽ ഇറങ്ങിയ മറ്റ് ഓണപ്പാട്ടുകളും.. എല്ലാം.. എല്ലാം...



ഉത്സവകാലം, സമൃദ്ധി, കൂട്ടായ്മ, സന്തോഷം, പൂക്കളും കളികളും, മേമ്പൊടിക്ക് ഒരു പ്ര





ണയംകൂടിയായാൽ പാട്ട് പൊട്ടിച്ചിരിക്കും.

**ഓ**ണക്കൂട്ടായ്മകളിൽ ഒരു പാട്ടുപാടൂ എന്ന നിർദേശം വന്നാൽ അല്പമെങ്കിലും പാടാനറിയാവുന്നവർ ആദ്യമോർക്കുന്ന വരികൾ പൂവിളി പൂവിളി പൊന്നോണമായി എന്നതായിരിക്കും. ഈ പൂവിളിയിൽ മോഹം പൊന്നിൻ മുത്തായ് മാറും പൂവയലിൽ നീ വരൂ ഭാഗം വാങ്ങാൻ... ശ്രീകുമാരൻ തമ്പിയുടെ ഭാവനാചിത്രം ചിങ്ങത്തിലെ ചമ്പാവുപാടമായി വിളഞ്ഞുതിളങ്ങുന്നു. വലചി രാഗത്തിന്റെ ഭംഗിയിൽ സലിൽ ചൗധരി ഒരുക്കിയ സുന്ദരമായ ഈണം. അവർ ഇരുവരും ഒരുമിച്ച ആദ്യത്തെ ഗാനമാണിത്. നാലര പതിറ്റാണ്ടിനോടടുക്കുന്നു, ഈ പാട്ടു പിറന്നിട്ട്.

അതേക്കുറിച്ച് ശ്രീകുമാരൻ തമ്പിതന്നെ ഓർമിച്ചിട്ടുള്ളത് ഈവിധമാണ്:

അതുവരെ സലിൽ ഒഎൻവി കുറുപ്പിനൊപ്പമായിരുന്നു പ്രവർത്തിച്ചിരുന്നത്. വിഷുക്കണി എന്ന ചിത്രത്തിനായി അതിന്റെ തിരക്കഥാകൃത്തുകൂടിയായ എന്നോടൊപ്പം ചേരാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ തുടക്കത്തിൽ അദ്ദേഹം മടിച്ചുനിന്നു. ഞാൻ താരതമ്യേന ഒരു ചെറുപ്പക്കാരനും സിനിമയിൽ പുതുമുഖവുമായിരുന്നു. എന്നിരുന്നാലും, ചിത്രത്തിന്റെ സംവിധായകൻ ജെ. ശശികുമാറും നിർമാതാവ് ആർ.എം. സുന്ദരവും ഞാൻതന്നെ വരികൾ എഴുതണമെന്ന് നിർബന്ധം പിടിച്ചു. അപ്പോൾ തന്റെ വിമുഖത മാറ്റിവച്ച് സലിൽ എന്നോടൊപ്പം പ്രവർത്തിക്കാൻ സമ്മതിച്ചു.

പാട്ടിന്റെ ഈണമാണ് ആദ്യം ചെയ്തത്. അതുകേട്ടയുടനെ തന്റെ മനസിലേക്ക് വരികൾ ഒഴുകിത്തുടങ്ങിയെന്നും തമ്പി ഓർക്കുന്നു. ഏതാനും മിനിറ്റുകൾക്കുള്ളിത്തന്നെ വരികൾ എഴുതിത്തീർന്നു. ഈണം റെക്കോർഡ് ചെയ്ത് തമ്പിക്കു നൽകിയ കാസറ്റിന്റെ മറുവശത്ത് അദ്ദേഹം സ്വന്തം ശബ്ദത്തിൽ പാട്ടുപാടി റെക്കോർഡ് ചെയ്ത് സലിൽ ചൗധരിക്കു തിരികെക്കൊടുത്തു.

പാട്ടുകേട്ട് അദ്ദേഹത്തിന്റെ മുഖംവിടർന്നു. വരികൾ ഒരുപാട് ഇഷ്ടമാവുകയും ചെയ്തു. ഞാൻ ഇതുവരെ പ്രവർത്തിച്ചതിൽ ഏറ്റവും വേഗതയേറിയ ഗാനരചയിതാവ് നിങ്ങളാണ് എന്നായിരുന്നു ശ്രീകുമാരൻ തമ്പിക്കുള്ള മറുപടി. പിന്നീട് ഇരുവരും ഒട്ടേറെ പാട്ടുകളിൽ ഒരുമിച്ചു പ്രവർത്തിക്കാൻ ആ പാട്ട് തുടക്കമാവുകയും ചെയ്തു.









ഏതാണ്ട് അക്കാലത്തുതന്നെ ഒഎൻവി-സലിൽ ചൗധരി ടീമിന്റെ മറ്റൊരു ഓണപ്പാട്ട് യേശുദാസിന്റെ ശബ്ദത്തിൽ മലയാളി മനസുകളിൽ ഇടംപിടിച്ചു. ഈ ഗാനം മറക്കുമോ എന്ന ചിത്രത്തിലെ ഓണപ്പൂവേ, പൂവേ പൂവേ എന്ന പാട്ട്. കുട്ടനാടൻ കായലിലൂടെ ഒരു ബോട്ടിലേറി പാട്ടുപാടി വരുന്ന പ്രേം നസീർ! സലിൽ ചൗധരിയുടെ ഈണവും പുതുമയുള്ള ഓർക്കസ്ട്രേഷനും മലയാളികൾക്ക് എക്കാലവും അത്ഭുതവും ആനന്ദവുമായിരുന്നു. നീ തേടും മനോഹര തീരം ദൂരെ മാടിവിളിപ്പൂ.. ഇതാ ഇതാ ഇതാ...

ഒഎൻവിയുടെ രചനയിൽ വ്യത്യസ്തമായ ഈണവും ഓർക്കസ്ട്രേഷനുംകൊണ്ട് സൂപ്പർഹിറ്റായ മറ്റൊരു ഓണപ്പാട്ട് പുന്നാരം ചൊല്ലിച്ചൊല്ലി എന്ന ചിത്രത്തിൽനിന്നാണ്. 1985ൽ പുറത്തിറങ്ങിയ ആ ചിത്രത്തിൽ ജെറി അമൽദേവ് ആണ് സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്നത്. യേശുദാസും ചിത്രയും ചേർന്നു പാടിയ അത്തപ്പൂവും നുള്ളി, തൃത്താപ്പൂവും നുള്ളി എന്ന പാട്ട് എന്തെന്തു മനോഹരമായ ഇമേജുകളാണ് മനസുകളിൽ വരച്ചിടുന്നത്.



ശ്രീകുമാരൻ തമ്പിയിലേക്കു തിരിച്ചുവന്നാൽ, അദ്ദേഹം തിരുവോണം എന്ന പേരിൽതന്നെ ഒരു സിനിമ ഒരുക്കിയയാളാണ്. ഓണം മുറ്റത്തു വിടർന്നുനിൽക്കുന്ന പൂപോലെ അനുഭവപ്പെടുത്തും ആ ചിത്രത്തിലെ തിരുവോണപ്പുലരിതൻ തിരുമുൽക്കാഴ്ചകാണാൻ എന്ന പാട്ട്. എം.കെ. അർജുനൻ മാസ്റ്ററാണ് സംഗീതം ഒരുക്കിയത്. മംഗളകാരകമായ ആരഭി രാഗത്തിലാണ് മാസ്റ്റർ ഈ പാട്ടിന് ഈണമിട്ടത്. വാണി ജയറാമിന്റെ ശബ്ദത്തിൽ ഒരതിമനോഹര ഗാനം.

കൂട്ടത്തിൽ പറയട്ടെ, ആരഭിയുടെ അനുഭവം മറ്റുചില പാട്ടുകൾകൂടി ഓർമിച്ചാൽ കൃത്യമായി മനസിലാകും. ദേവരാജൻ മാസ്റ്റർ ഈണമിട്ട നവകാഭിഷേകം കഴിഞ്ഞു.., പി.കെ. കേശവൻ നമ്പൂതിരി ഒരുക്കിയ പാറമേക്കാവിൽ കുടികൊള്ളും ഭഗവതി.., ജയവിജയന്മാർ ഈണമിട്ട ശ്രീകോവിൽ നട തുറന്നു... ഇവയെല്ലാം ഉദാഹരണം. ഓണപ്പാട്ടുകളല്ലെങ്കിലും ഇവയോരോന്നും പകരുന്ന അനുഭവം അതുല്യമാണ്.

ഇനി നീണ്ട ഇടവേളയ്ക്കുശേഷം ജനഹൃദയങ്ങളെ അത്രയ്ക്കാഴത്തിൽ തൊട്ട ഒരു പാട്ടുകൂടി കേൾക്കണം. അത് ജേക്കബിന്റെ സ്വർഗരാജ്യം എന്ന ചിത്രത്തിലെ തിരുവാവണി രാവ് എന്ന പാട്ടാണ്. മനു മഞ്ജിത്തിന്റെ വരികൾക്ക് ഈണമിട്ടത് ഷാൻ റഹ്മാൻ. ഉണ്ണിമേനോൻ, സിതാര എന്നിവരുടെ ശബ്ദത്തിൽ കേട്ട പാട്ട് ഇന്നും ഓണത്തിന്റെ വർണങ്ങൾ വരച്ചിടുന്നു. സാമരാഗത്തിൽ അതിസുന്ദരമായ ഈണം. കേട്ടുസന്തോഷിക്കാൻ വീണ്ടും തോന്നിക്കുന്ന ഒന്ന്.

ഓണപ്പാട്ടുകളുടെ കണക്കെടുപ്പ് ബാലിശമാണ്. ഇനിയും എത്രയെത്രയോ എണ്ണം ഇതിനകം നിങ്ങളുടെ മനസിന്റെ കർണപുടങ്ങൾ കേൾക്കാൻ തുടങ്ങിക്കാണും.


കഥ

# പഴയ പോരാളികൾ



പി.രഘുനാഥ്

**വെ**റുതെ അങ്ങനെ ആലോചിച്ചിരിക്കും നേരം അടുത്ത മരാമത്ത് പണി എന്തു വേണമെന്നു സമ്മർദ്ദത്തിലായിരുന്നു രാജപ്പൻ. മറ്റെന്തും രാജപ്പൻ താങ്ങും, അത് സമ്മർദ്ദം ആകരുതെന്ന് മാത്രം. ആകെ വീടൊന്നു ചുറ്റിവന്നു. ഒന്നരയേക്കറോളം പരന്നു കിടക്കുന്ന തെങ്ങിൻപറമ്പ് ചങ്കുരുവിന്റെയും കുട്ടന്റേയും താണിയുടെയും ഒരുമാസത്തെ അക്ഷീണ പരിശ്രമത്തിനൊടുവിൽ കഴിഞ്ഞ ആഴ്ചയാണ് ഒന്നൊതുങ്ങിക്കിട്ടിയത്. മൂവരും അച്ഛൻ പരമൻ നായരുടെ കാലത്തെ പണിക്കാർ തന്നെ. പഴയ പോരാളികൾ. മൂന്നിനും പക്ഷെ വയ്യാതായി വലിമുട്ടിത്തുടങ്ങിയിട്ടുണ്ട്. എന്നാലും എങ്ങനെയാണ് പരമ്പരാഗതമായ വളപ്പ് പണിക്ക് കാലങ്ങളോളം പണിയെടുത്തുപോരുന്ന അവരെ മാറ്റിനിർത്തുക. അച്ഛനച്ചാച്ഛന്മാരുടെ കാലം മുതൽ വളപ്പ് പണിക്കും വീടുപണിക്കും മറ്റുമൊക്കെ സ്ഥിരം ആൾക്കാർ ഉണ്ട്. പെട്ടെന്ന് ഒരുദിനം മുന്നറിയിപ്പേതുമില്ലാതെ അവരെ വിളിക്കാതെ മറ്റാരെയെങ്കിലും വിളിക്കുന്നത് അവരുടെ വയറ്റത്തടിക്കുന്നതിനു തുല്യമാണ്. സംഗതി അവർ ഒരുമാസം



കൊണ്ട് ചെയ്യുന്ന പണി ചെയ്യാൻ മൂന്നു ബംഗാളികളെ കൂട്ടിയാൽ രണ്ടാഴ്ചകൊണ്ട് തീർക്കാം. സൂത്രം രാജപ്പന് അറിയാതെയല്ല. പക്ഷെ കാർന്നോന്മാരുടെ അനിഷ്ടവും പഴയപോരാളികളുടെ ശാപവും വാങ്ങിവെക്കേണ്ടല്ലോ എന്നു കരുതി ആ ലാഭവും നഷ്ടവും നോക്കുന്നില്ല. വളപ്പ് കിള കഴിഞ്ഞ സ്ഥിതിക്ക് ഇനി അടുത്തത് ചെറിയൊരു പ്രതീക്ഷയുള്ളത് വിശാലമായികിടക്കുന്ന ഉമ്മറത്ത് ടൈൽ ഇട്ടു മിന്നിക്കുക എന്നതാണ്. അതിനു മുന്നോടിയായി ഉമ്മറം ആകെയൊന്നു കൊങ്ക്രീറ്റ് ചെയ്തു വൃത്തിയാക്കേണ്ടതുണ്ട്. ഉമ്മറം മരാമത്തുപണിക്ക് കക്കൊട്ട് എടുക്കുകയാണെങ്കിൽ വിളിക്കേണ്ട മൂന്ന് പഴയ അവകാശികളാണ് തങ്കപ്പേട്ടൻ, രാമേട്ടൻ, വേലായുധേട്ടൻ. പണിയില്ലെങ്കിൽ മൂന്നു പേരും കള്ളുഷാപ്പിൽ ഉണ്ടാകും. വയസ്സായാലും ഇപ്പോഴും പണിക്ക് പോകുന്നുണ്ട്. അത്യാവശ്യം മുട്ടില്ലാതെ കൂടിയെങ്കിലും നടക്കണ്ടേ.. ധാരണ തെറ്റിയില്ല മൂവരും ഷാപ്പിൽ ഹാജർപുസ്തകത്തിൽ ഒപ്പു ചാർത്തി ഇരിപ്പുണ്ടായിരുന്നു. പണിക്കാര്യം പറഞ്ഞപ്പോൾ, എത്ര ഫിറ്റായിരുന്നാലും വരാമെന്നവർ സന്തോഷാഭിമാനപൂർവ്വം തലകുലുക്കി സമ്മതിച്ചു.

പിറ്റേന്ന് കാലത്ത് കൃത്യം എട്ട് മണിക്ക് തന്നെ മൂന്നുപേരും കക്കൊട്ടും തലേക്കെട്ടുമയി സന്നിഹിതരായി. കോൺക്രീറ്റു ചെയ്യാൻ കിളച്ചു മറിക്കേണ്ട സ്ഥലങ്ങൾ ഏതൊക്കെയെന്നു വിശദമായി പറഞ്ഞു കൊടുത്ത് രാജപ്പൻ ജോലിക്കു പോയി. അവരെ പണിയിപ്പിക്കാൻ നിന്നാൽ തന്റെ പണി ചുറ്റുമെന്നുള്ളതിനാൽ കൃത്യസമയത്തു തന്നെ ഇറങ്ങി. രണ്ടു ദിവസത്തെ പണി മൂവരും കൂടി മൂന്നോ മാക്സിമം നാലോ ആക്കുമെന്നേ രാജപ്പൻ കരുതിയിരുന്നുള്ളൂ. എന്നാൽ കൂലികൊടുക്കേണ്ട സമയം നോക്കി ഓഫീസിൽ നിന്നിറങ്ങിയ രാജപ്പൻ വീട്ടിലെത്തിയപ്പോൾ പകച്ചുപോയി. പണി തുടങ്ങി എന്നു തന്നെ പറയാനൊക്കില്ല. മൂന്നു നാലിടത്തായി കുറെ മണ്ണ് കൂട്ടിയിട്ടുണ്ട്. അവിടവിടെ ഉരച്ചു കിളച്ചിട്ടുണ്ട്. പണി ചെയ്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ഉണ്ട് എന്നു പറയാൻ മാത്രം. രാജപ്പൻ ദേഹമാസകലം തരിച്ചുകയറി അമ്മക്കരികെ എത്തി.

'എന്താ അമ്മെ അവര് മൂന്നാളും ഇന്ന് പണിതിട്ടില്ലേ..എന്താ മൂന്നും കൂടി ചെയ്തിരുന്നേ അവിടെ..'

'ങ്ഹാ, പത്തു മണിക്ക് ഞാൻ ചായ കൊണ്ടുചെന്നപ്പോ വേണ്ടെന്നും പറഞ്ഞു മൂന്നും ഷാപ്പിലേക്ക് പോയി. വന്നിട്ട് എന്തൊക്കെയോ ചെയ്തിരുന്നു. വൈകുന്നേരം ചായ കുടിച്ചിട്ടുണ്ട്..'

രാജപ്പൻ പുറത്തിറങ്ങി. മൂന്നാളും കക്കൊട്ടിൽ ശരീരബലം മുഴുവൻ കൊടുത്ത് ചെരിഞ്ഞു നിൽക്കുന്നുണ്ട്. രാജപ്പനെ കണ്ടപ്പോൾ ഒന്ന് ബഹുമാനിക്കണമെന്നു തോന്നിയെങ്കിലും ക്ഷീണം മൂലം അതിനും വയ്യ.

'എന്തു പണിയാ തങ്കപ്പേട്ടാ നിങ്ങള് കാണിക്കണേ.. ഇങ്ങനെ പോയ ഒരു മാസം വേണ്ടിവരുല്ലോ ഇതൊന്നു തീരാൻ...'

കിതച്ചുകൊണ്ട് തന്നെ തങ്കപ്പേട്ടൻ പറഞ്ഞു:

' കൂലിക്ക് വേണ്ടി നിന്നതല്ല, കുഞ്ഞിനോട് നേരിട്ട് പറഞ്ഞിട്ട് പോകാം എന്നു വെച്ചിട്ടാണ്. വയസ്സായില്ലേ. പഴേപോലെ പണിയെടുക്കാനൊന്നും വയ്യ. കുഞ്ഞു വല്ല ബംഗാളികളെയോ ഹിന്ദിക്കാരെയോ വിളിച്ചോ. കുഞ്ഞിന്നലെ വിളിച്ചപ്പോ വന്നില്ലേൽ വിഷമായല്ലോ എന്നു വെച്ച് വന്നതാ. വിഷയമായത് ഞങ്ങക്കാ. വഴക്കു പറയല്ലേ. ഇതോടെ പണി നിർത്തി ഞങ്ങള്...'


അതോടെ രാജപ്പൻ നിർത്തി. എന്തായാലും കൂലിയിൽ കുറവൊന്നും വരുത്താതെ കൊടുത്തു. അവസാന കൂലി തരാൻ പിശുക്കു കാട്ടി എന്നു പറയരുതല്ലോ. മടിച്ചാണെങ്കിലും പഴയ പോരാളികൾ അത് വാങ്ങി പോക്കറ്റിൽ വെച്ച് നേരെ ഷാപ്പിലേക്കു നടന്നു. അവർ പടിയിറങ്ങും നേരം അവിടവിടെ കറങ്ങിനടന്ന ബംഗാളികൾ ഗേറ്റു തുറന്നു വരുന്നത് രാജപ്പൻ കണ്ടു. കെട്ടുപാടുകളൊന്നുമില്ലാതെ സമാധാനപൂർവ്വം രാജപ്പൻ ഒരു ദീർഘശ്വാസം വിട്ടു. ●

# മരണമഴ



ശാന്തി പാട്ടത്തിൽ

മഴമണമാണ് മരണത്തിന് .
നിനയാത്തനേരത്തെ
വരവിൽ,
അയയിലെ തുണികൾ
അണിയാത്ത
ആടയാഭരണങ്ങൾ .
ഉണക്കാൻ വച്ച കൊണ്ടാട്ടങ്ങൾ
പാതികഴിച്ചഭക്ഷണം.
സന്ധ്യക്ക് പെയ്താൽ
രാത്രിവണ്ടിക്കുള്ളിൽ
കത്തുംവിളക്കുപോലെയൊ
രങ്കലാപ്പ്.
കൽവിളക്കിൽ വീണ്
കെട്ടുപോയ, പുകയുന്ന കരിന്തിരിമണം.
ഇടിവെട്ട് പോലെ
തുറന്നടയും കണ്ണിമകൾ.
നീർച്ചാലുകൾ
അവസാനത്തെ വേദനകൾ. ഒടുക്കം
ശമനതാളങ്ങൾ ഇലത്തുമ്പിൽ
ചോരുമ്പോൾ,
പറയാതെ പകുതിമുറിച്ച
വാക്കുകൾക്കിടയിലെ
നിശ്വാസം.
തളംകെട്ടിക്കിടക്കുന്നുണ്ട്
ഇത്രകാലമായും
പൊറുക്കാത്ത
ആ ചെറിയ - വലിയ പരിഭവങ്ങൾ....
തണുത്തകാറ്റിൻ ശ്വാസം
ഇനിസഹിക്കേണ്ടതില്ലാത്ത
കത്തുന്ന ഉടൽവേദന...
മരണം
പൊടുന്നനെകിട്ടുന്നയറിവ്
മഴ
ഒരു പേറ്റുനോവ്..



കവിത

# അവിരാമം



–ആർ.ശ്രീലതാവർമ്മ

പുഴകൾക്കു കടലായി
കടലിലോ നിറവായി
നിറഞ്ഞു വന്നലയ്ക്കുവാൻ
തീരവുമായി
മരുഭൂവിൽ മണലായി
മണലിലോ തരിയായി
തരികളിൽ തിളങ്ങുന്ന
വെയിൽനാളമായ്
കിളികൾക്കു ചിറകായി
ചിറകിലോ ചലനമായ്
ചലനങ്ങൾക്കനന്തമാം
വിൺപരപ്പുമായ്
മരങ്ങളിൽ തണലായി
തണലിലോ തണുപ്പായി
തണുപ്പിലങ്ങിഴകൂടും
അലിവുമായി
മേഘങ്ങളിൽ ജലമായി
ജലത്തിലോ കനിവായി
കനിവു വാർന്നൊഴുകുവാൻ
മഴയുമായി
കാറ്റുകളിൽ ചൂളംകുത്തി
ചൂളത്തിലോ രാഗമായി
രാഗാലാപനങ്ങളെല്ലാം
മധുരവുമായ്.
അണുവിലുമുലകങ്ങൾ
തിരിയുന്നൂ, ലസിക്കുന്നൂ
വെറും കണ്ണാലവ കാണാൻ
വഴിയില്ലാതെ,
സങ്കല്പങ്ങൾ മെനഞ്ഞുകൊ-
ണ്ടവയിൽ നാം മുഴുകുന്നൂ
അവിരാമം കുതൂഹല-
മാർന്നിരിക്കുന്നൂ!

# നാട്ടുനടപ്പുകൾ

വർണ്ണാഭയാർന്ന് വിടർന്ന
മുഖമായിരുന്നില്ല.
കവിളുകളിൽ യൗവനഛവി
ഉദിച്ചിരുന്നില്ല.
മുടിയിഴകളിൽ നിന്ന്
സുഗന്ധവാഹിനികൾ ഒഴുകിയിരുന്നില്ല.
ഉള്ളിൽ തേനുറവകൾ
കൂട് പൊട്ടിച്ചിരുന്നില്ല.
പരാഗരേണുക്കൾ
രോമാഞ്ചസ്ഫോടനം തീർത്തിരുന്നില്ല.
പക്ഷെ, പൂവിന്റെ മകളായതിനാൽ,
പൂവും മക്കളും
കശക്കിയെറിയപ്പെടേണ്ടവരാണ്
എന്നത് നാട്ടുനടപ്പായതിനാൽ
പൂമൊട്ട് നിർദ്ദയം കശക്കിയെറിയപ്പെട്ടു.

ഓളങ്ങളിൽ ഉയർന്നുയർന്ന് പ്രകമ്പനം
തീർത്തിരുന്നില്ല.
കൺമുന്നിൽ തിളക്കത്തിന്റെ
തുള്ളാട്ടമാടിയിരുന്നില്ല.
തീൻമേശകൾക്ക് അലങ്കാരമാകാനുള്ള
നിറവുണ്ടായിരുന്നില്ല.
പക്ഷെ,മീനിന്റെ മകളായതിനാൽ
മീനും, മക്കളും ചൂണ്ടക്കൊളുത്തിൽ
പിടയേണ്ടവരാണ്
എന്നത് നാട്ടുനടപ്പായതിനാൽ
മീൻകുഞ്ഞുങ്ങൾ കൊളുത്തിൽ പിടയപ്പെട്ടു.

മായാവിയായ മാരീചന്റെ
കൺകെട്ടായിരുന്നില്ല.
പുള്ളികൾ നിറഞ്ഞ കുഞ്ഞുടുപ്പിനുള്ളിൽ
മാംസം മുറ്റിയിരുന്നില്ല.
ശരീരതന്തുക്കളിൽ നിന്ന്
കസ്തൂരിഗന്ധം പ്രസരിച്ചിരുന്നില്ല.
പക്ഷെ,മാനിന്റെ മകളായി
ജനിച്ചതിനാൽ
മാനും, മക്കളും അമ്പിനാൽ
തുളയ്ക്കപ്പെടേണ്ടവരാണ്
എന്നത് ഒരു നാട്ടുനടപ്പായതിനാൽ
മാൻകിടാവ് കൂരമ്പിനാൽ തുളയ്ക്കപ്പെട്ടു.

ഓരോ നാടിനുമുണ്ട്
ഓരോ നടപ്പുകൾ.
ബോധത്തിന്റെ മുയൽവേഗങ്ങളെ
ചെറുമയക്കത്തിലാഴ്ത്തി
ഇഴഞ്ഞു വിജയം നേടുന്ന
ആമനടപ്പുകൾ.
ജീനുകളുടെ ശിരസ്സിൽ
ശിലാലിഖിതങ്ങളായ്
മുദ്രണം ചെയ്യപ്പെട്ട നടപ്പുകൾ....



സോണിവർഗീസ് വാരനാട്



# ലണ്ടൻ സ്മരണകൾ.....





**കാരൂർ സോമൻ, ലണ്ടൻ.**

ഒരു ക്രിസ്തുമസ്സ് ദിനം. ലോകം അടക്കി ഭരിച്ച ബ്രിട്ടീഷ്കാരുടെ സൗന്ദര്യ ഐശ്വര്യ പ്രൗഢിയുടെ വർണശബളിമ പരത്തുന്ന തലസ്ഥാന നഗരിയാണ് ലണ്ടൻ. മഞ്ഞുകാലത്തിന്റെ ആത്മാവിലേക്ക് കുളിരിറങ്ങിയ ഒരു പ്രഭാതം. നഗരത്തിന്റെ പല ഭാഗങ്ങളും ഒരു വിശുദ്ധ ഭൂമിപോലെ വെള്ളപുതച്ച് കിടക്കുന്നതാണ്. മഞ്ഞിന്റെ മൃദുല നിശ്ശബ്ദതയിൽ മഞ്ഞുപൂക്കളുടെ മാസ്മരിക സൗന്ദര്യം ഹൃദയത്തിൽ ആനന്ദം നിറച്ചുകൊണ്ടിരിക്കെ സപ്തസ്വരങ്ങളുടെ നാദബ്രഹ്മം പോലെ സംഗീതോപകരണങ്ങളുടെ സഹായത്താൽ ഭക്തിസാന്ദ്രമായ സെൻട്രൽ ലണ്ടൻ റയിൽവേ സ്റ്റേഷനിൽ നിന്ന് കേട്ടു. സ്റ്റേഷനിൽ നിന്ന് പുറത്തേക്ക് നടക്കുമ്പോൾ താടിയും മുടിയും വളർത്തിയ ഒരു പാട്ടുകാരൻ തന്റെ മണിവീണ കമ്പികളിൽ വിരലോടിച്ചുകൊണ്ട് സ്റ്റേഷനുള്ളിലിരുന്ന് പാടുന്നു. ഞാനും അൽപ്പനേരം ആ ഇംഗ്ലീഷ് ഗാനം ആസ്വദിച്ച് നിന്നിട്ട് ഒരു പൗണ്ട് മുന്നിലിരുന്ന പാത്രത്തിൽ ഇട്ട് മുന്നോട്ട് നടന്നു. ചില യുവതി യുവാക്കൾ ചുറ്റിനും കൂടി നിൽപ്പുണ്ട്. പുറത്തെങ്ങും തളിരും താരുമണിഞ്ഞു നിൽക്കുന്ന ക്രിസ്മസ് മരങ്ങൾ ഇടം പിടിച്ചിട്ടുണ്ട്. അതിന്റെ കൊമ്പുകളിൽ നക്ഷത്രക്കുഞ്ഞുങ്ങൾ വൈദ്യുതി പ്രഭയിൽ വർണപ്രപഞ്ചം സൃഷ്ടിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ക്രിസ്മസ് കാലം ആരംഭിക്കുന്നത് നവംബർ മാസം മുതലാണ്. ദേവാലയങ്ങൾ മാത്രമല്ല ഓഫീസുകൾ, വഴിയോരങ്ങളെല്ലാം മനുഷ്യമനസ്സിന്റെ അനുഭൂതിമണ്ഡലത്തിൽ പുതുമകൾ നിറക്കുന്നു.

മുന്നോട്ട് നടക്കവേ ഒരു കറുത്ത മനുഷ്യൻ കെട്ടിടത്തിന്റെ മുന്നിൽ നിന്ന് പ്രസംഗിക്കുന്നു. അവിടെ കുറെ കറുത്ത വർഗ്ഗക്കാരും ഇന്ത്യക്കാരുമുണ്ട്. ഞാനും കൂട്ടത്തിൽ ചേർന്ന് നിന്ന് ആ വാക്കുകൾ ശ്രദ്ധിച്ചു. ആത്മാവിൽ വെളിപ്പെടുന്ന വചനങ്ങൾ പോലെ ആത്മജ്ഞാനത്തിലേക്ക് വഴികൾ തുറക്കുന്ന പ്രസംഗം. 'ദൈവം' പണിയുന്ന ഭവനം എന്നേക്കും നിലനിൽക്കും ആ ഭവനത്തിന് അടിസ്ഥാനമുണ്ട്. ആത്മാവില്ലാതെ ജഢത്തിൽ പണിയപ്പെടുന്ന ഭവനങ്ങൾ മണലിൽ കല്ലുവെച്ച് പൊക്കി പണിയുന്നതിന് തുല്യമാണ്. അത് കാറ്റിലും കൊടുംകാറ്റിലും വെള്ളപ്പൊക്കത്തിലും തകർന്ന് തരിപ്പണമാകും. അത് സംഭവിക്കുന്നത് ദൈവ ഭക്തിയോ ജ്ഞാനമോ ഇല്ലാത്തവരിലാണ്. അവർ ഈ പ്രപഞ്ചത്തോടും നീതി നിഷേധം നടത്തുന്നു. ഭക്തിയും ജ്ഞാനവുമറിയുന്നവർ പ്രകൃതിയിലെ സചേതനങ്ങളായ എല്ലാറ്റിനോടും നീതി പു

ലർത്തുന്നവരാണ്. അവിടെ ജാതിയോ മതമോ ഇല്ലെന്ന് തിരിച്ചറിയുക. ബ്രിട്ടൻ ഒരു ക്രിസ്ത്യൻ രാജ്യമാണ്. ഇവിടെ പാർക്കുന്ന ആർക്കും അത് തിരിച്ചറിയാൻ സാധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാറ്റിനേക്കാൾ അവർ മനുഷ്യർക്കാണ് മൂല്യം നൽകുന്നത്.

കപട ഭക്തിയുള്ള സ്ത്രീകൾ പല ഭവനങ്ങളും പൊളിച്ചുകളയുമെന്ന് കേട്ടപ്പോൾ അവിടെ നിന്ന സ്ത്രീകൾ മൗനികളായി. പുരുഷന്മാർ ചിരിച്ചു. ഉടനടി പ്രസംഗകൻ പറഞ്ഞു. പുരുഷന്മാർ ചിരിക്കാൻ വരട്ടെ. ഭാര്യയുടെ മൂല്യങ്ങളെ ചവുട്ടി താഴ്ത്തുന്ന, അവഗണിക്കുന്ന ഭർത്താക്കന്മാരും ഇവിടെ നിൽപ്പില്ലേ? നിങ്ങൾ അറിയേണ്ടത് അവരുടെ വോട്ടുപെട്ടി ദൈവത്തിലാണ്. ജഡിക ജീവിതം നയിക്കുന്ന പുരുഷന്മാർ അറിയേണ്ടത് നിങ്ങൾ കൊടുക്കുന്ന ജഡിക വോട്ടിനേക്കാൾ ആത്മിക ജീവിതം നൽകുന്ന സ്ത്രീകളുടെ വോട്ടിന് ശക്തിയുണ്ട്. അത് എണ്ണിത്തീർക്കുന്നത് ദൈവമാണ്. നമ്മുടെ സ്ത്രീകൾക്ക് ആവശ്യം സ്നേഹം, കരുതൽ, സ്വാതന്ത്ര്യമാണ്. അത് ലഭിക്കാതെ വരുമ്പോൾ പുരുഷന്മാർ ദൈവത്തെ നിന്ദിക്കമാത്രമല്ല വ്യക്തികൾക്കും കുടുംബത്തിനും സമൂഹത്തിനും അപമാനവുമുണ്ടാക്കുന്നു. ഏഷ്യ-ആഫ്രിക്കൻ രാജ്യങ്ങളിലെ സ്ത്രീകൾ മാതൃത്വത്തിന്റെ, പുരുഷന്റെ തടവറയിലെന്നു പറഞ്ഞാൽ നിങ്ങൾ സമ്മതിക്കുമോ?




അടിത്തറയുള്ള കുടുംബത്തിലുള്ളവർ ഇണയും തുണയുമായി ജീവിക്കും. ഇല്ലെങ്കിൽ മണലിലെ ഭവനംപോലെ പൊളിഞ്ഞു വീഴും. ഭക്തി, ജ്ഞാനം, സ്നേഹമുള്ളവരിൽ ആത്മാവിന്റെ നീരുറവകൾ വറ്റിപോകുന്നില്ല. അവർ ഉറപ്പുള്ള പാറമേലാണ് ഭവനം പണിയുന്നത്. അവരാണ് ഈ പ്രപഞ്ചത്തിന്റെ മക്കൾ. ആത്മാവില്ലാത്ത അടിത്തറയില്ലാത്ത കുടുംബത്തിൽ കാറ്റും കൊടുംകാറ്റുംപോലെ ശണ്ഠ മാത്രമല്ല കലഹവുമുണ്ടാക്കുന്നവരാണ്. ഭഗവദ് ഗീത 2 -23 പറയുന്നത്. 'ആത്മാവിനെ മുറിവേൽപ്പിക്കാൻ ആർക്കും സാധിക്കില്ല. അത് ശാശ്വതവും എന്നെന്നുമുള്ളതാണ്. അഗ്നി ദഹിപ്പിക്കുന്നില്ല. ജലം ദ്രവമാക്കിത്തീർക്കുന്നില്ല. അന്തിരീക്ഷ വായു ശോഷിപ്പിക്കുന്നില്ല' (നൈനം ഛീന്ദന്തി ശസ്ത്രാണി നൈനം ദഹദി പാവക: ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുത:). ആനന്ദത്തിന്റെ, ഉന്മാദത്തിന്റെ, സ്വാർത്ഥതയുടെ ഒഴുക്കിൽപ്പെട്ട് നമ്മൾ എത്രയോ ഹൃദയങ്ങളെ മുറിവേൽപ്പിച്ചിട്ടുണ്ട്. വിശക്കുന്നവന് ഭക്ഷണം കൊടുക്കാത്തവനെ മനുഷ്യനെന്ന് വിളിക്കാൻ സാധിക്കുമോ? നമ്മൾ വിശക്കുമ്പോൾ ആർത്തിയോടെ ഭക്ഷണം കഴിക്കുന്നു. പട്ടിണിക്കാരന്റെ വിശപ്പ്, ഹൃദയവ്യഥ നമ്മൾ ഓർക്കാറില്ല. ഒരു കാര്യം ഓർക്കുക. ഇടുങ്ങിയ വാതിലിലൂടെ, മനസ്സോടെ ഈശ്വരന്റെ മുന്നിൽ പ്രാർത്ഥിച്ചിട്ട് ഒരു ഫലവുമില്ല.

ബ്രിട്ടീഷ് കവി ഷെല്ലി പറയുന്നു.

'പഠിക്കുന്തോറും നമ്മുടെ അജ്ഞത നമ്മുക്ക് ബോധ്യപ്പെടും' സാമൂഹ്യവൈകൃതങ്ങൾക്കെതിരെ താക്കീത് കൊടുക്കുന്നവരാണ് സാഹിത്യകാരന്മാരും കവികളും. അവരുടെ കൃതികൾ വായിക്കുമെങ്കിൽ നമ്മിൽ പുതിയ ഉണർവുകൾ, അറിവുകൾ മുളച്ചു



വരാൻ സഹായിക്കും. എന്റെ മനസ്സിൽ തോന്നിയത് ഇദ്ദേഹം ഒരു വിജ്ഞാനകോശമാണ്. ഓരോ വാക്കും സംശുദ്ധസുന്ദരമായ ആത്മാവിലേക്കൊഴുകുന്ന ആനന്ദധാരയായി മാറിക്കൊണ്ടിരുന്നു. എന്റെ ആന്തരിക ചോദനകളുടെ പിരിമുറുക്കത്തെ സവിശേഷമായ വാക്കുകൾ ഒരുണർവ്വാക്കി മാറ്റി. ഇദ്ദേഹം സൃഷ്ടിച്ചെടുക്കുന്ന സാഹിത്യ ഭണ്ഡാരത്തിലെ ചിന്താശകലങ്ങൾ ആത്മധൈര്യം പകരുന്നതാണ്. പ്രപഞ്ച സൃഷ്ടവായ ദൈവത്തെ തൃപ്തിപ്പെടുത്താൻ പണമാണ് ആത്മാവെന്ന് ചിന്തിക്കുന്നവർ വിഡ്ഢികളുടെ ലോകത്താണ്. നമ്മൾ ആരെന്ന് കെ ത്തുന്നത് നമ്മുടെ കർമ്മ ഫലങ്ങളിലൂടെയാണ്. അത് നല്ല ഫലങ്ങൾ തരുന്ന മരങ്ങൾക്ക് തുല്യമാണ്. ആ കൂട്ടർ ഇഹലോകത്തു കഷ്ടങ്ങൾ സഹിക്കുന്നവരെങ്കിലും പരലോകത്തു സന്തുഷ്ടരാണ്. ദരിദ്രനായാലും സമ്പന്നനായാലും അന്ധവിശ്വാസ അത്യാഗ്രഹത്തിൽ നിന്ന് പിന്മാറിയില്ലെങ്കിൽ അവർ ദൈവകരങ്ങളിലല്ല ജീവിക്കുന്നത് മാമോനിന്റെ കൈകളിലാണ്. അവർ അജ്ഞാതമായ ഒരു ലോകത്തിലൂടെ സഞ്ചരിക്കുന്നു, അതിന്റെ അനന്തരഫലങ്ങൾ അവർക്കുപോലുമറിയില്ല. ലോകത്തെ നിയന്ത്രിക്കുന്ന വൻശക്തി ദൈവമെന്നറിഞ്ഞാൽ അവർ നിരാശപ്പെടേണ്ടി വരില്ല.

ദൈവമെന്നാൽ പ്രകാശമാണ്. ആ പ്രകാശത്തിൽ ജാതിമതമില്ല. ആ പ്രകാശം ദൈവം തന്റെ മനുഷ്യപുത്രന്മാരിലൂടെ മണ്ണിൽ നിറവേറ്റപ്പെടുന്നു. കൃഷ്ണൻ, ബുദ്ധൻ, യേശുക്രിസ്തു, മുഹമ്മദ് നബി, ശ്രീനാരായണ ഗുരു അതിനുള്ള തെളിവുകളാണ്. സ്വാർത്ഥത, അഹന്ത, അഹങ്കാരം, പരദൂഷണം, അസൂയ, സങ്കുചിത ചിന്ത തുടങ്ങിയ മണലിൽ തീർത്ത പിശാചിന്റെ ഭവനത്തിൽ നിന്ന് ദൈവത്തിന്റെ അടിത്തറയുള്ള ഭവനത്തിലേക്ക് കടന്നു വന്നാൽ ഇതിനൊക്കെ പരിഹാരമാകും.ആ ഭവനത്തിന്റെ ഹൃദയവാതിലുകൾ ആത്മാവിന് ജീവൻ നൽകുന്ന വായുവും വെളിച്ചവും നൽകുന്ന വാതിലുകളാണ്. ആ ഹൃദയ വാതിൽ തുറന്നിടാൻ എത്ര പേരുണ്ട്? .

ലണ്ടൻ - ഓക്സ്ഫഡിലൂടെ തഴുകിയൊഴുകുന്ന മാനവസംസ്കാരത്തിന്റെ പ്രതീകമായ തെംസ് നദിയെ ലക്ഷ്യമാക്കി ഞാൻ നടന്നു.


കഥ

# കർഷകസമരം


അനിത ശ്രീജിത്ത്

**ഹോച്ചിമിൻ ജേക്കബ്**

ചേനയ്ക്ക് മുളതോണ്ടി ഒരിടത്ത് കമിഴ്ത്തി അടുക്കുമ്പോൾ അയാൾ അതുതന്നെ പറഞ്ഞു .ഒരുമാസം കഴിഞ്ഞു ചേനയ്ക്ക് മുളകൾ വന്ന് പലതായി മുറിച്ചു നടാനായി വല്ലക്കുട്ടയിലേയ്ക്ക് പെറുക്കി അടുക്കുമ്പോഴും അയാളതാവർത്തിച്ചു .പറമ്പിൽ കിളച്ചൊരുക്കിയിടത്ത് തടംതോണ്ടി ചേനപതിപ്പിച്ച് ചാണകപ്പൊടിയിട്ട് കരിയില തട്ടിമൂടി കൂടംവെട്ടി ചേന നടുമ്പോഴും അയാളതുതന്നെ ആവർത്തിച്ചപ്പോൾ മറിയക്കുട്ടിയ്ക്കു ദേഷ്യം വന്നു .



'ഒന്ന് നിർത്തെന്റെ അച്ചായാ !'

'ഇനിയൊരാറുമാസം കാത്താ മതിയല്ലോ കർത്താവേ !എന്റെ വയറ്റിലെ മൊഴ ചേന പോലെയൊന്നും വളരല്ലേ മാതാവേ ,ഈ ചേനയെല്ലാം വിറ്റിട്ടുവേണം ഓപ്പറേഷൻ നടത്താൻ '

കൂടെ പെമ്പറന്നോത്തിയെ ഒന്നൊളികണ്ണിട്ടു നോക്കിയിട്ടയാൾ ഉറക്കെച്ചിരിച്ചു .

'സത്യമായിട്ടും ഇത് വേഗന്ന് വളരണ ചേനയാല്ല്യോടി മറിയപ്പെണ്ണേ ,അതിന്നു മുന്നേ ഞാൻ ചാകത്തൊന്നുമില്ലാരിക്കും ഇല്ലേടീ ?'

'ഈശോ മറിയം ഔസേപ്പേ ..! ഒന്ന് മിണ്ടാണ്ടിരുന്നൂടെ നിങ്ങക്ക് ?ഓരോരോ നെടുകൂത്തുകള് '

'ഉവ്വുവ്വേ ..! കൂത്തുതന്നെടീ ..വേദന വരുമ്പോ ഒക്കെ ഒരു കൂത്തുതന്നെ !'

കൃത്യം അഞ്ചാം മാസം ചേനകൾ ആർത്തുവളർന്നു ഭൂമിക്കു മേലെ പച്ചക്കുട വിരിച്ചു നിന്നു .ഹോച്ചിമിൻ ജേക്കബിന് കലശലായ വയറുവേദനയുണ്ട് അയാൾ ആകെ വിളറിച്ചടച്ചിരുന്നു .ഡോക്ടർ അയാളെ കണക്കിന് വഴക്കു പറഞ്ഞു :

'ദേ ചേട്ടാ വച്ചോണ്ടിരുന്നിട്ടു ഡോക്ടറിനെ പറയരുത് .നിങ്ങളിപ്പോൾ അപകടാവസ്ഥയിലായിക്കഴിഞ്ഞു .ഒരാഴ്ചയ്ക്കകം ഇത് മുറിച്ചുമാറ്റിയില്ലയെങ്കിൽ നിങ്ങൾ മരിച്ചു പോകും.ഉള്ളകാര്യമങ്ങു പറയുവാണേ '

മറിയം കൂടെയില്ലാത്തതു നന്നായിയെന്നു ഹോച്ചിനു തോന്നി .

'നിങ്ങളുടെകൈയ്യിൽ കാശില്ലെങ്കിൽ കടംവാങ്ങണം ..ജീവനല്ലേ വലുത് ?

'അയ്യോ സാറേ ഞങ്ങള് അപ്പനപ്പൂപ്പൻമാർ മുതലിങ്ങോട്ട് കടം വാങ്ങുവോ കൊടുക്കുവോ ഇല്ല.അവനവനുണ്ടോ ഉണ്ട് ഇല്ലേ ഇല്ല .എന്റെ അപ്പനൊരു സൊയമ്പൻ കമ്യൂണിസ്റ്റായിരുന്നു എന്റെ പേര് കേട്ടാ അറിയില്ലേ ? ഹോച്ചുമീനെന്ന് !അയാളാരാന്നു സാറിനറിയാവോ ?'

'ഇല്ലല്ലോ ,ആരാ ?'ഡോക്ടർ അതിശയം കാണിച്ചു !

'അദ് വല്യൊരു കമ്യൂണിസ്റ്റ് നേതാവാരുന്നു .സാറിനിതൊന്നും അറിയാമ്പാടില്ലേ ? പഠിച്ചിട്ടൊന്നുമല്ല ഡോക്ടറായതല്ലേ.. ഏ ? അയാൾ ഒരു ആക്കിയനോട്ടമെയ്തു !

ഡോക്ടർക്കു ചിരിയുംദേഷ്യവും ഒന്നിച്ചു വന്നു .

'അത് പിന്നെ അയാൾ ചൈനക്കാരനാരുന്നു ..സാറിന്റെ പോലെയൊക്കെ ഇറങ്ങിയ കണ്ണും തുടുത്തമോന്തേം ഒക്കെയായിട്ട് ..'

'ആ ഹോച്ചേട്ടൻ ചെല്ല് എന്നിട്ട് വേഗന്ന് ഓപ്പറേഷന് റെഡിയായി വാ ,പറ്റുമെങ്കിൽ നാളെത്തന്നെ .' ഡോക്ടർ മേശപ്പുറത്തിരുന്ന ബെല്ലടിച്ചു .നേഴ്സ് അടുത്തയാളിനെ അകത്തേയ്ക്കു വിട്ടു .

പിറ്റേന്ന്തന്നെ ചേനപറിക്കാൻ ആളിനെയും പറഞ്ഞുവച്ച് വീട്ടിൽ വന്നു മുളകുകൂട്ടാനും ഉണക്കത്തുണ്ടൻ വറുത്തതുംകൂട്ടി അയാൾ വിസ്തരിച്ചു കഞ്ഞികുടിച്ചു .കുരിശു വരച്ചു സ്വസ്ഥമായി ഒന്നുറങ്ങി രാവിലെതന്നെ എഴുന്നേറ്റു .മുരിനിവർത്തി അയാൾ പുറത്തോട്ടും ചട്ടേംമുണ്ടും നേരെപിടിച്ചിട്ടു മറിയ അടുക്കളേലോട്ടുംപോന്നു .

മുറ്റത്തൂന്ന് പറമ്പിലേക്ക് നോക്കിയ ഹോച്ചിമിന്റെ വയറ്റിലെ മുഴ ഇളകിവിറച്ചുപോയി !അയാൾ വലിയൊരൊച്ചയോടെ പിറകിലേയ്ക്ക് മറിഞ്ഞു .

പറമ്പിലെ മുഴുവൻ ചേനയും കാട്ടുപന്നി വന്നു കുത്തിമറിച്ചിട്ടു ചേനമുഴുവനും തിന്നിട്ടുപോയേക്കുന്നു !അടുത്ത പറമ്പിലെ ദാമോദരന്റെ വെട്ടാറായ വാഴമുഴുവനും കുത്തിമലർത്തി കൂമ്പും കുലകളും തിന്നേച്ചിട്ടേക്കുന്നു! .

അന്ന് രാത്രിയ്ക്കുമുൻപ് ആന്തരികരക്തസ്രാവം നിമിത്തം ഹോച്ചിമിൻ മരിച്ചു .

പിറ്റേന്ന് ശവമടക്കിന് അലങ്കരിച്ച ജീപ്പിൽ കന്യാസ്ത്രീകൾ പാടുന്ന 'സമയമാം രഥത്തിൽഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു ..' എന്ന പാട്ടും കേട്ട് മരിച്ചുകിടന്നോണ്ടു പള്ളിയിലേയ്ക്കടുക്കുമ്പോൾ അനുയാത്ര ചെയ്യുന്നവരിലാരോ പറഞ്ഞു :

'ഓച്ചുചേട്ടൻ നല്ലൊരു പരിതസ്ഥിതി സ്നേകിയാരുന്നെന്നെ ..എന്തോരം കൃഷിയാ ചെയ്തേക്കുന്നെ .ഒക്കെ പന്നി കൊണ്ടോയാലെന്നാ അത്രേംകൃഷി ചെയ്തില്ലേ ! നമ്മക്കൊരു മരണാനന്തരംകൊടുക്കണം ,അച്ചനോടൊന്നു പറേണം .'

'ഉം ..ശരിയാ അത് മറിയചേടത്തിക്കു വേണം അല്ലേപ്പിന്നെ ആ പിള്ളേരെ എങ്ങനെ വളത്തുംന്നാ? !'

## രമ്യയും സൗമ്യയും ചേട്ടായിയും

'നമ്മക്ക് ഇരുളംടൗൺ കൂടാതെ ചുണ്ടക്കൊല്ലിക്ക് വീടാന്നേ ..എന്തുപറയുന്നു രണ്ടുപേരും ?'

'അതെങ്ങനാ ചേട്ടായി ? '

'ഇരുളത്തെത്തുംമുന്നേ കാട്ടിൽക്കൂടി ഒരു കുറുക്കുവഴിയുണ്ട് .ഒരു അഞ്ചുമിനിട്ടു വേണ്ട നമ്മക്ക് നേരെ ചുണ്ടക്കൊല്ലി ഇറങ്ങാൻ പറ്റും .'

ചാച്ചീടെ മക്കളേംകൂട്ടി സിനിമയ്ക്ക് പോയതാ ചേട്ടായി .വന്നപ്പോ വൈകി .ബത്തേരിയിൽ പോയതല്ലേ ഓരോ ഐസ്ക്രീമും കഴിച്ചു വന്നപ്പോഴേയ്ക്കും ദാ ഇരുണ്ടുതുടങ്ങി.

'ഇരുളം ടൗണിലെ ഇല്ലിക്കാട്ടിൽ ഒരു കൊമ്പനിറങ്ങീട്ടുണ്ട് രണ്ടു ദിവസമായി ..അവൻവിടൂല്ല .പകലൊരു കൊഴപ്പോമില്ല രാ

ത്രീലാ പാട് .ഇന്നലെ എന്നെ ഒന്നോടിച്ചു, ഞാൻ വണ്ടിതിരിച്ചു നേരെ ഓർക്കടവിനു വിട്ടു പിന്നെ ഈവഴിവന്നാ ചെതലയത്തിനു പോയത് .'

'അയ്യോ ..ആണോചേട്ടായി ! നമുക്ക് ഇരുളംവഴി പോണ്ട .'

രമ്യ പണ്ടേ പേടിത്തൊണ്ടിയാണ് .

പക്ഷെ സൗമ്യക്കും പേടികുടുങ്ങി .'അങ്ങോട്ട് പോണ്ട ചേട്ടായി. വണ്ടി കുറുക്കിനുവിട്ടോ ട്ടോ '

അയാൾ വണ്ടി കാട്ടിടവഴിയിലേയ്ക്ക് തിരിച്ചുകയറ്റി .ഇരുണ്ട വനസ്ഥലിയിൽ കരിവണ്ടുകളെപ്പോലെ ഇലകൾ താളംമൂളിനിന്നു .വേഗത്തിൽ ഇടവഴികളിലേയ്ക്ക് തിരിക്കുമ്പോൾ കാട്ടുവള്ളികൾ ജീപ്പിലുരസിക്കൊണ്ടിരുന്നു .ഉണങ്ങിയ തേക്കിലകളെ ഞെരിച്ചുകൊണ്ട് ജീപ്പോടിക്കൊണ്ടിരുന്നു .

'എന്റമ്മേ ഇത് മുട്ടൻകാടാണല്ലോ ഇങ്ങോട്ടു വേറെ ആന വന്നാലോ ചേട്ടായീ ,അല്ലെങ്കി പുലിയോ മറ്റോ ?'

'ഹേയ്...ഇന്നലെക്കൂടെ ഞാനിതുവഴി വന്നതല്ലേടാ..ഒരു കാട്ടുപൂച്ചയെപ്പോലും ഞാൻ കണ്ടിട്ടില്ല ! കാലമെത്രയായി ഈ വണ്ടിപിടിക്കുന്നു '

അയാൾ മൃദുവായിച്ചിരിച്ചു .കുട്ടികൾ ആശ്വാസത്തോടെയും പേടിയോടെയും ചുറ്റും നോക്കിക്കൊണ്ടിരുന്നു .

കാടിന്റെ നിശബ്ദത പതിവുപോലെ വന്യവും മനോഹരവുമായിരുന്നു .നേരിയ ഇരുട്ട്പടരുമ്പോൾ അതിനൊരു ഭീകരമാനവും കൂടി കൈവന്നു .ചെറിയ മുളങ്കൂട്ടം കഴിഞ്ഞതേ ഇടവഴിക്കു വീതികൂടിവന്നു .ഉണക്കിലകൾക്കുമീതെ ജീപ്പ് കുതിച്ചോടി .അടുത്ത ഇല്ലിക്കൂട്ടവുംകൂടി കടന്നാൽ റോഡായി .പൊടുന്നനെ ഇല്ലിച്ചെടികൾക്കപ്പുറംനിന്നും മസ്തകത്തിലും നീണ്ടു വളഞ്ഞ കൊമ്പുകളിലും നിറയെ പൊടിയുമേന്തി കാട്ടുപള്ളകൾ ഞെരിച്ചമർത്തി കൊമ്പൻ റോഡിലേയ്ക്ക് പാഞ്ഞിറങ്ങിവന്നു .

കുട്ടികൾ ആർത്തുനിലവിളിച്ചു !അയാൾ സഡൻബ്രേക്കിൽ കാലമർത്തി .പൊടുന്നനെ വണ്ടി റിവേഴ്സെടുത്തു .

'നിങ്ങൾ കരയാതെ മക്കളെ ..ഒച്ചയെടുത്താൽ അവൻ പാഞ്ഞുവന്നു കുത്തും .നമുക്ക് രക്ഷപ്പെടാം പേടിക്കേണ്ട ചേട്ടായിയുണ്ടുകൂടെ .പിടിച്ചിരുന്നോ ..'

അയാൾ ആക്സിലറേറ്ററിൽ വിടാതെ ഞെക്കിപ്പിടിച്ചുകൊണ്ട് സ്റ്റിയറിങ് തിരിച്ചുകൊണ്ടിരുന്നു ,വണ്ടി മരണവെപ്രാളത്തോടെ കിതച്ചുകുതിച്ചുകൊണ്ടിരുന്നു .

കുട്ടികൾ പേടികൊണ്ട് വാവിട്ടു നിലവിളിച്ചു.ഒന്നടങ്ങിയെന്നു കരുതിയ കൊമ്പൻ ഒച്ചകേട്ടതോടെ ഉച്ചത്തിൽ ചിന്നം മുഴക്കിക്കൊണ്ട് മുന്നോട്ടുപാഞ്ഞുവന്നു .

'ഒന്ന് മിണ്ടാണ്ടിരി പിള്ളേരെ.'സഹികെട്ടയാൾ അലറിപ്പോയി!

കുട്ടികൾ പേടിച്ചു കണ്ണുതുറിച്ചു !ആനയ്ക്ക് കലികയറിയിരുന്നു അവൻ പകപ്പോടെ വാലുയർത്തി തുമ്പിക്കൈപൊക്കി പൊടിപറത്തി കുതിച്ചുവന്നു.

വളഞ്ഞുപുളഞ്ഞ ഇടുങ്ങിയവഴികളിലൂടെ പിന്നോട്ടുള്ള വണ്ടിയോടിക്കൽ അയാൾക്കെളുപ്പമായില്ല !വണ്ടി ഒരു ചിതൽപ്പുറ്റിൽ കയറിയിറങ്ങി.പുതലിച്ചുപോയൊരു മരക്കുറ്റിയായിരുന്നു അത് .ദ്രവിക്കാത്ത മരക്കഷ്ണം ടയറിന്റെ റബർ തുളച്ചിറങ്ങി.വലിയൊരൊച്ചയോടെ വണ്ടി നിരങ്ങിനിന്നു .

'മക്കളെ, ഇറങ്ങിയോടെടാ. വളഞ്ഞോടിക്കോളണം ..അയാൾ ഉച്ചത്തിൽ അലറിപ്പറഞ്ഞു .'

കുട്ടികൾ ഓടുന്നതിനുപകരം അയാളെ കെട്ടിപ്പിടിച്ചു കരഞ്ഞു .

വന്നവരവിന് ഒറ്റയടിയാണു തുമ്പിക്കൈ ചുഴറ്റി .ജീപ്പിന്റെ ഗ്ലാസ് തകർന്ന് ഒരു വലിയകഷ്ണംചില്ല് അയാളുടെ കഴുത്തുതുരന്നു ജീപ്പിന്റെ സീറ്റിൽ തറച്ചു.ചോരചീറ്റിത്തെറിച്ചു .കുട്ടികൾ വാവിട്ടുനിലവിളിച്ചു .കൊമ്പനൊന്ന് കുനിഞ്ഞുതാണു, തന്റെ നീണ്ടുവളഞ്ഞ കൊമ്പിൽ ജീപ്പുകോർത്തവൻ മറിച്ചിട്ടു .കുട്ടികളുമയാളും വണ്ടിയ്ക്കടിയിൽ ഞെരിഞ്ഞുതീർന്നു .കലിയടങ്ങാതെ കൊമ്പൻ ആഞ്ഞുകുത്തികൊണ്ടിരുന്നു .ജീപ്പിന്റെ ചളുങ്ങിയ രൂപത്തിന്നടിയിൽ മണ്ണിലേക്കവർ താഴ്ന്നു പൊയ്ക്കൊണ്ടിരുന്നു .വന്യമായസ്നേഹത്തോടെ കാടവരെ നെഞ്ചിലേറ്റിക്കിടന്നു.

## പൂജാരിസുര

'കുഞ്ഞപ്പുച്ചേട്ടാ കുഞ്ഞിന്ന് ജെന്നിയാന്നെ. ബോധം പോയപോലാ കെടക്കുന്നെ,നിങ്ങളൊന്നാ വണ്ടിയെറക്കുചേട്ടാ ഞാനെത്ര കാശും തരാം .ഒന്നിറക്കെടാ ഉവ്വേ

,കാലുപിടിക്കണോ ഞാൻ ..എന്റെ മോനെ ഒന്ന് രക്ഷിക്കെടോ ചങ്ങാതീ '

'എന്റെ സുരേ ..നീ പൂജ ചെയ്യണപോലെ കണാകുണാ കാര്യമല്ല ഇപ്പറയണേ.രാത്രി ഏഴുകഴിഞ്ഞാ ഒറ്റ വണ്ടിപോലും ബത്തേരിക്ക് ഓടില്ലാന്നു ഞാൻ പറയണ്ടല്ലോ ?വേണോ ആരേലും പുലിക്ക് അവനവനെ കണിവയ്ക്കുമോ ?നീ വെറാരേലും വിളിക്കേടോ ഉവ്വേ ..എന്താന്നു പറഞ്ഞാലും ഞാനില്ല .'

'എന്റെ പൊന്നുചേട്ടാ ഞാൻ കാലുപിടിക്കാം. നിങ്ങളല്ലേപ്പിന്നെ ഞാൻ ഇനിയാ ആനിമൂടന്റെ വീടുവരെ ഓടണം.അതങ്ങു കാപ്പിസെറ്റിലല്ലേ..അവിടെത്തുമ്പോഴേയ്കും എന്റെ കൊച്ചുപോകും '

'നിനക്കതു പറയാം സുരേ, ഞാനും മൂന്നു പെമ്പിള്ളേരും അവരടെ തള്ളേം എന്റെ തള്ളേം എല്ലാം ഈ വളയം കൊണ്ടാ ജീവിക്കുന്നെ. എനിക്കെന്തേലുംപറ്റിയാ പിന്നെ അതുങ്ങളുടെ കാര്യം തീർന്നു .ഒന്ന് പോടാപ്പാ '

സുരയ്ക്കു ചങ്കുപൊട്ടുന്ന പോലെ തോന്നി .തകർന്ന കണ്ണുകളോടെ അയാൾ ദയനീയമായി കുഞ്ഞാപ്പുവിനെ നോക്കി .പിന്നെ ആടിയാടി കരോട്ടേയ്ക്കു ഇടറിയിടറി നടന്നുപോയി .അവൻ പോകുന്നത് നോക്കിനിന്നപ്പോൾ കുഞ്ഞാപ്പുച്ചേട്ടന്റെ നെഞ്ച് നീറി.അയാൾ വേഗന്ന് കൈലിമാറ്റി പാൻസിട്ടു .ബനിയനുപുറത്തായി കാക്കിഷർട്ടു വലിച്ചുകയറ്റി .ബട്ടൺഒന്നുമിടാതെ വണ്ടീൽ പാഞ്ഞുകേറി.

'എടിയേ സുധേ, ഞാൻ വൈകും.സുരേടെ കൊച്ചിനെ ആശുപത്രീ കൊണ്ടോണം '

മറുപടിക്കു കാക്കാതെ അയാൾ വണ്ടി തിരിച്ചു മേലേപ്പറമ്പിലെ സുരയുടെ വീട്ടിലേക്കോടിച്ചു .അവിടെത്തുംമുൻപേ കൂട്ടക്കരച്ചിൽ കേട്ടയാളുടെ നെഞ്ച്പിടച്ചു.വണ്ടിനിർത്തീട്ടയാൾ ഓടിച്ചെന്നു .

'സുരേ, കൊച്ചിനെയെടുക്കെടാ, ബാ നമക്ക് പോകാടാ '

'ഓ വേണ്ട കുഞ്ഞാപ്പുച്ചേട്ടാ അവന് ആരടേം ഔദാര്യം വേണ്ടെന്ന്. അവൻ തനിച്ചുപോയി '

## വേണുമാഷ്

നാഷണൽ അക്കാദമി ഫോർ അഗ്രിക്കൾച്ചറിൽ പഠിച്ചിറങ്ങിയതാണ് .വെഞ്ഞാറമൂട് വീട് .അധ്യാപകനും പക്ഷിനിരീക്ഷകനും വാഗ്മിയും ആണ് .വീടിനുചുറ്റും തരിപ്പറമ്പില്ല .ഒരുകൃഷിയും ചെയ്തിട്ടില്ല .മണ്ണിന്റെ ജൈവഗുണങ്ങളെപ്പറ്റി പഠിച്ചിട്ടും പഠിപ്പിച്ചിട്ടും ഉണ്ട് .ധാരാളം ശിഷ്യസമ്പത്തുണ്ട് .പരിസ്ഥിതിപ്രേമികളുടെ കണ്ണിലുണ്ണിയാണ് .ഫോട്ടോഗ്രാഫർ ആയതിനാൽ കാടാണ് ഇഷ്ടമാധ്യമം .അച്ഛനുമമ്മയും കേന്ദ്രസർക്കാരിൽനിന്ന് വിരമിച്ചവർ .മകന്റെ ഇഷ്ടാനിഷ്ടങ്ങൾ ബഹുമാനിക്കുന്നവർ .കല്യാണം കഴിക്കാത്തതെന്തേ എന്ന് ചോദിച്ചവരോടെല്ലാം 'കഴിച്ചല്ലോ കാടാണെന്റെ വധു' എന്നയാൾ ചിരിക്കും.കാട്ടുമൃഗങ്ങൾ മക്കളാണെന്നും.കാടിന്റെ സ്പന്ദനങ്ങളെപ്പറ്റി നിരവധി പുസ്തകങ്ങൾ അയാൾ രചിച്ചുകഴിഞ്ഞു .നിരവധിഅനവധി പുരസ്കാരങ്ങൾ.. പഠനങ്ങൾ എല്ലാമെല്ലാം അദ്ദേഹത്തിന്റേതായുണ്ട് .കാട്ടുമൃഗങ്ങൾ അയാളെ ഉരുമ്മിക്കടന്നുപോകുമത്രേ !ഗാഡ്ഗിൽ റിപ്പോർട്ട് അയാൾക്ക് മനഃപാഠമാണ് .2012 ജൂലൈ 1-ന് റഷ്യയിലെ സെൻറ്പീറ്റേഴ്സ് ബർഗിൽ ചേർന്ന ലോകപൈതൃകസമിതിയിൽ ഉണ്ടായ തീരുമാനത്തിൽ പശ്ചിമഘട്ടത്തിനുണ്ടായ അഭിമാനത്തിൽ ഇന്ത്യയിൽ ഒരുപക്ഷെ ഏറ്റവും കൂടുതൽ അഭിമാനിച്ചത് വേണുമാഷ് ആയിരിക്കും !അയാളൊരു സമ്പൂർണ്ണ പ്രകൃതിവാദി ആയിരുന്നു.

അന്ന് പുൽപ്പള്ളിയിൽ വേണുമാഷ് വരുന്നുണ്ട്. പ്രകൃതിസംരക്ഷണ സമിതിയുടെ നേതൃത്വത്തിലാണ് സ്വീകരണം. വൻ പ്രാധാന്യത്തോടെയാണ് മാധ്യമങ്ങൾ അദ്ദേഹം വരുന്നതിനെ മുദ്രണം ചെയ്തത്. ബസ്സ്റ്റാൻഡിനോട് ചേർന്നസ്ഥലത്ത് സ്വീകരണവേദി ഒരുങ്ങി. കുരുത്തോലകൊണ്ട് വേദിയാകെ അലങ്കരിച്ചിരുന്നു.ലളിത വസ്ത്രധാരികളായ,ഖാദിയുടേയും കൈത്തറിയുടേയും വസ്ത്രങ്ങളണിഞ്ഞ ഹരിതസേനാംഗങ്ങൾ അവിടെക്കൂടിയിരുന്നു .വേണുമാഷെത്തി.ലളിതമായ സ്വീകരണം ധാരാളംജനങ്ങൾ സദസ്സിലേക്കായി മുന്നിലെ റോഡിൽ നിരന്നിരുന്നു. അവിടം വാഹനങ്ങൾ കടന്നു പോകാൻ സാധിക്കാത്തതു കാരണം വണ്ടി തിരിച്ചു വേറെറൂട്ടിൽ വിട്ടുകൊണ്ടിരുന്നു.

പലരുംസംസാരിച്ചു. അവരാരും കാടുവെട്ടിത്തെളിച്ചവരോ കാട് നാടാക്കിയവരോ ആയിരുന്നില്ല.അവരിൽച്ചിലരുടെ പൂർവ്വികർ മാത്രമായിരുന്നു കുടിയേറിയവർ. അവരെല്ലാം പശ്ചിമഘട്ടങ്ങളെ മാത്രം സ്നേഹിക്കുകയും മൃഗങ്ങളെമാത്രം മനസ്സിലാക്കുകയും അവരോട്മാത്രം മമതയേന്തുന്നവരുമായിരുന്നു.വേണുമാഷ് സംസാരിക്കാൻ എഴുന്നേറ്റു.അദ്ദേഹത്തിന്റെ പതിഞ്ഞ ശബ്ദം ജനം കാതുകൂർപ്പിച്ചുകേട്ടു .വനനശീകരണത്തിന്റെ ഭാഗമായ തേക്കുമരങ്ങളുടെ പരിപാലനം നിർത്തേണ്ടതുണ്ടെന്നും ആദിവാസികളുടെ പുനരുദ്ധാരണം ഉടൻ നടത്തേണ്ടതിന്റെ ആവശ്യകതയും പറഞ്ഞു പറഞ്ഞ് വന്യജീവി സംരക്ഷണത്തിനായി ഒരുമിക്കേണ്ടത് പ്രകൃതിയുടെ അതിജീവനകലയായി മാറേണ്ടതെങ്ങനെയെന്നദ്ദേഹം ഉരുക്കഴിച്ചു. വന്യജീവികൾ ഭക്ഷണത്തിനായി കാടിറങ്ങി നാട്ടിലേക്ക് വരുന്നത് കാട് കൈയ്യേറിയതു കൊണ്ടു മാത്രമാണെന്നും കാടിന്റെ താവഴികളിലേക്ക് മനുഷ്യൻ കടന്നാക്രമിച്ചിട്ട് മാത്രമാണവ ജനങ്ങളെ ആക്രമിച്ചിട്ടുള്ളതെന്നും ഗതാഗത നിയന്ത്രണം വനമേഖലകളിൽ അനിവാര്യത ആകേണ്ടതുണ്ടെന്നും, ഇല്ലെങ്കിൽ പാവം വന്യജീവികൾ വാഹനാപകടത്തിൽപ്പെട്ട് മരണമടയുമെന്നും അദ്ദേഹം നിർമമനായി വ്യക്തമാക്കി.പച്ചക്കോട്ടൺ വസ്ത്രത്തിൽ അദ്ദേഹം സുന്ദരനായിരുന്നു. അതേനിറത്തിലുള്ള ക്രോഷ്യോവർക്കു ചെയ്ത വൂളൻഷാളുമിട്ടിരുന്നു അദ്ദേഹം. നരകയറിത്തുടങ്ങിയ ചുരുൾമുടി, ഭംഗിയായി വളർത്തിയ താടി. വട്ടക്കണ്ണട. അദ്ദേഹം സംഭാഷണം നിർത്തിയതേ മുൻനിരക്കസേരയിലൊന്നിലിരുന്ന രമ്യയുടേയും സൗമ്യയുടേയും അച്ഛൻ ബിജു എഴുന്നേറ്റ് നിന്ന് മുഷ്ടിചുരുട്ടി ഉറക്കെപ്പറഞ്ഞു:

‘ കർഷക സമരം സിന്ദാബാദ് ‘

## കർഷക സമരം

ബിജുവിന്റെ കണ്ണിൽ മൂന്നു മരണങ്ങൾ മാത്രം പുളിച്ചു പൊന്തിക്കിടന്നു .ചതഞ്ഞ നീലിച്ചശവങ്ങൾ കാടിന്റെ ഹരിത നീലിമയിൽത്തന്നെ ആണ്ടു കിടന്നവ !

‘ എന്റെ മക്കൾ ഒരാനയെയും കൊല്ലാൻ പോയതല്ലസാർ. അവർക്കു പത്തുവയസ്സേ ഉണ്ടാരുന്നുള്ളൂ .എന്റെ മരുമകൻ വെറുമൊരു ടാക്സി ഡ്രൈവർ മാത്രമായിരുന്നു സാർ അവരൊരു സിനിമകാണാൻ പോയതേ ഉള്ളൂ ..നിങ്ങളീപ്പറയുന്ന പാവം കാട്ടാന കുത്തിക്കൊന്നുകളഞ്ഞു സാർ !‘

അയാൾ അത്യുച്ചത്തിൽ കരഞ്ഞുപോയി.

വേണുമാഷ് സ്തബ്ദനും ചകിതനായി ! സൂചിവീഴുന്ന നിശബ്ദതയിൽ ബിജുവിന്റെ മാത്രം കരച്ചിൽ പൊന്തിനിന്നു .

“എന്റെ കെട്ടിയവൻ ഒരു പാവമാരുന്നു സാറേ ,ആരോടും കടംപോലും വാങ്ങാത്ത വെറുംപാവം .ചേന മൂക്കാൻ കാത്തുനിന്നതാ പറിച്ചു കൊടുത്തേച്ചു വയറ്റിലെ മൊഴ കീറിക്കളയാൻ .ഒരുപട പന്നിവന്നു മുഴുവനും കുത്തിമറിച്ചു തിന്നേച്ചുംപോയി സാറേ ..അന്ന് മരിച്ചുപോയി.ചങ്കുപൊട്ടിച്ചത്തുപോയി സാറേ ..മറിയക്കുട്ടിക്കൊപ്പം പെണ്ണുങ്ങളും മനസ്സുമറയ്ക്കാനറിയാത്ത ആണുങ്ങളും കരഞ്ഞു .

‘ഒന്നേ ഒണ്ടാരുന്നുള്ളൂ, ജന്നിയാരുന്നു ...അപസ്മാരം! രാത്രിയായിപ്പോയി ..നിങ്ങളുപറഞ്ഞ പാവം കടുവ കാരണം ആരും വണ്ടിയോടിക്കാൻ വന്നില്ല ,എന്റെ കൊച്ചു പോയി .അവന്റെ ശ്വാസം നിലച്ചുപോയി .ഒന്ന് പോയിത്തുലയാടോ ..കൊന്നുകളയണം ഒക്കെറ്റിനേം കൊന്നുകളയണം ആനേം പുലിയേം ഒക്കെ ..തനിക്കൊക്കെ കൊറേ പ്രസംഗിക്കാനറിയാം പറമ്പിപ്പണിയാനറിയാമോ ?പട്ടിണി കെടന്നിട്ടുണ്ടോ ?അരവയറു മുറുക്കിക്കെട്ടി തിരുവിതാംകൂറീന്ന് ഇങ്ങോട്ടു വന്നത് പണിതുവല്ലതും ഉണ്ടാക്കാൻ തന്നെയാ ..ഒക്കെ നശിപ്പിക്കുവല്ലേ ?കുടിയേറ്റക്കാരെന്താ മനുഷ്യരല്ലേ ??ഒരു മാഷ് വന്നേക്കുന്നു ..പീറ ..ഫൂ ..!‘

സുരേടെ സമനിലതെറ്റിയതുപോലെ അയാൾ കോപംകൊണ്ടു വിറച്ചു .

ഹരിതസേന പതിയെ എഴുന്നേറ്റു തുടങ്ങി വേണുമാഷും .അവർ പരസ്പരമെന്തോ പറഞ്ഞു .

‘വന്യമൃഗങ്ങൾക്ക് കാട്നൽകുക. കർഷകർക്ക് നാട്നൽകുക, മൃഗങ്ങൾ കൊന്നവർക്ക് നീതിനൽകുക, കാട്ടാനയും പുലിയുമിറങ്ങാതെ നാടിനെ സംരക്ഷിക്കുക. കാട്ടുപ

ന്നി ശല്യം രൂക്ഷമായ നാട്ടിൻപുറങ്ങളെ സംരക്ഷിക്കുക.രാത്രികാല ഗതാഗത തടസ്സം നഷ്ടപ്പെടുത്തിയ ജീവനുകളെ മാനിക്കുക. വന്യമൃഗങ്ങൾ കൊന്നുതിന്നുന്ന വീട്ടുമൃഗങ്ങൾക്ക് നഷ്ടപരിഹാരം തീരുമാനിക്കുക.കർഷകസമരം സിന്താബാ ..'

പൊടുന്നനെ വർക്കിക്കുഞ്ഞേട്ടൻ മുദ്രാവാക്യം മുഴക്കി .

'ഹരിതസേന നീതി പാലിക്കുക!' മറിയമാണ്.പിറകേ പൂജാരി സുര,കുഞ്ഞാപ്പേട്ടൻ, ജാനകിയേച്ചി, പുളിക്കൽ കരുണൻ, നെല്ലിക്കൽ ഷാജി, കുഴുപ്പിൽ ശങ്കരൻ, ആനിച്ചോട് വർക്കി, അമ്പത്താറ് ജോൺജോസി, അമരക്കുനിവാസു എന്നിങ്ങനെ പറ്റംപറ്റം കർഷകർ ഒന്നിച്ചെണീറ്റു.

' കുടിയേറ്റക്കാർ മനുഷ്യരല്ലേ
കുടിയേറ്റുന്നോർ മൃഗങ്ങളാണോ '

'ഞങ്ങടെ ചോരയിൽ വെള്ളമാണോ
മൃഗങ്ങളേക്കാൾ വിരുദ്ധരാണോ?'

'കർഷകസമരം സിന്ദാബാദ്
ഹരിതസേന മൂർദ്ദാബാദ് '

അവർ സംഘമായി തിരിഞ്ഞു .ആസൂത്രിതമായ പരിപാടിതന്നെയായിരുന്നു അത് .മുദ്രാവാക്യങ്ങൾ എഴുതിയ കടലാസ് അവർ ഉയർത്തിപ്പിടിച്ചു .

വേണുമാഷ് വിളറിവിയർത്തു. ഹരിതസേന സമരം തടയാൻ ശ്രമിച്ചു.പോലീസെത്തി.

' പോകില്ല പോലീസേ
പട്ടാളത്തെ വിളിച്ചോളു
കർഷക വീര്യം കണ്ടോളു
ഇൻക്വിലാബ് സിന്ദാബാദ് '

പോലീസ് ലാത്തിവീശി. ആരോ കുനിഞ്ഞ് ഒരു മെറ്റൽകല്ലെടുത്തു ആഞ്ഞെറിഞ്ഞു. കൃത്യം വേണമാഷിന്റെതന്നെ തല മുറിച്ചു കൊണ്ടത് ചീറിപ്പോയി.

സമരക്കാരെ പോലീസ് അറസ്റ്റുചെയ്തു നീക്കി.വേണു സാറിനെ ആശുപത്രീലാക്കി. സമരക്കാർ പന്തൽ കൈയ്യടക്കി .അവരവിടെ ഇരിപ്പുസമരം തുടങ്ങി .

അന്ന് വൈകിട്ടോടെതന്നെ മാധ്യമങ്ങൾ ചുരം കയറിത്തുടങ്ങി. ആഗോളവലകളിളകി. സോഷ്യൽ മീഡിയയും പത്ര ദൃശ്യമാധ്യമങ്ങളും മൃഗങ്ങളുടെ നീതിക്കായ് പൊരുതിത്തുടങ്ങി .ആ ദേശത്തെ കർഷകർ ഒറ്റക്കെട്ടായി സമരപ്പന്തലിലേയ്ക്ക് നീങ്ങിത്തുടങ്ങി .കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ അവർ ഒന്നായി . അറസ്റ്റിലായ കുടിയേറ്റക്കാരുടെ വീടകങ്ങൾ ചുട്ടുനീറി.

'കുടിയേറ്റക്കാർ എന്തിന് കുടിയേറി?'

എന്നത് എന്നത്തെയും ചോദ്യമായി!അതാണോ ഇതിനുത്തരം എന്ന് കർഷകർക്ക് അറിവില്ലായിരുന്നു !കാട് നാടായതിന്റെ അന്തിമ വിചാരണാ നേരത്ത് വിധി കേൾക്കാൻ പോയ കർഷകരുടെ ഗോഡൗണിലെ അരിച്ചാക്കുകൾ മോഷണം പോയി.അവർ പുതിയ ഒരുതരം ജൻമികളായി മുദ്രകുത്തപ്പെട്ടു. ഉള്ള അരി കൈവിട്ടു പോയവർ വാശിക്ക് പന്നിപ്പക്കങ്ങൾ കെട്ടിനു വാങ്ങി വച്ചു.കർഷകർക്കി ല്ലെങ്കിൽ അങ്ങനെ മൃഗങ്ങൾക്കും വേണ്ടന്നവർ നിഷ്കളങ്കരായി. ഇതിനോടകം അടിയാൻമാരായ കാട്ടുമൃഗങ്ങൾ നിരന്തരം ചൂഷണം ചെയ്യപ്പെടുകയാണെന്ന് ബുദ്ധിജീവികൾ മൊഴിഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ മൃഗങ്ങളും കുടിയേറ്റക്കാരും പുതിയ നീതിശാസ്ത്രത്തിനുള്ളിലിരുന്ന് ഒന്നുമറിയാതെ ഇരയും വേട്ടക്കാരനും കളിച്ചു തുടങ്ങി . ഇരയ്ക്കോ വേട്ടക്കാരനോ മനസ്സിലാകാത്ത വിധിന്യായങ്ങളുടെ മേലങ്കിയിട്ട് കോടതി മൃഗങ്ങൾക്കൊപ്പം നിന്ന്തുടങ്ങി. മൃഗതുല്യജീവിതത്തിൽനിന്നും കരകയറാനാവാതെ കർഷകർ കടക്കെണിയുടെ ,ബാങ്ക് ലോണുകളുടെ, കൃഷിരക്ഷിക്കാൻ പടക്കംവച്ച് പന്നി ചത്തതിന്റെ കേസുകളിൽ കുടുങ്ങിക്കുടുങ്ങി ജീവിച്ചൊടുങ്ങി. 'ശാപം പിടിച്ച ഇരകൾ വെറിയൻ വേട്ടക്കാർ' എന്ന് മാധ്യമലോകം പല വെബിനാറുകൾ തീരുമാനിച്ച് വച്ചശേഷം വേഗം ഉറങ്ങാൻ പോയി. കർഷകർ നിതാന്തമായ ജീവിതസമരത്തിലേക്കും.

●



# വേര് പാർക്കും മണ്ണടരുകൾ

തളിര് വാടിയ ഒരു ബാല്യത്തിൻ
മിഥുനമാസ മകീര്യം
അതായിരുന്നയാൾക്കു ഓർമ്മ ..
അമ്മയുടെ ചൂടേറ്റ്
മടിയിൽ തല കമഴ്ത്തി പൂണ്ടിരുന്ന
ബാല്യ തണലുകൾ..

'അമ്മ അയാളുടെ
ആകാശമായിരുന്നു..
വളരാനും പടരാനും
പഠിച്ച നാൾ മുതൽ
ഈർപ്പം പിടിച്ച
മണ്ണടരായിരുന്നു ..
ഓർമകളെ മുറുകെ
പിടിക്കാൻ പഠിപ്പിച്ച
തണൽനനവ്..

അച്ഛനയാളുടെ അഹങ്കാരമായിരുന്നു.
വെളുത്തു ചുവന്നിരുന്നയച്ചൻ
പാടത്തു പണിയെടുത്തു
കറുത്തു തുടങ്ങിയപ്പോൾ
അത് , കരുത്തിന്റെ
കവിത പോലെ തോന്നി..
ചുമരില്ലെന്നും തോർത്തു
മുണ്ടുടുത്തച്ചൻ
കിനാവിന്റെ ചില്ലകൾക്കു
പൂക്കാലമേകി ..

പിന്നെ..വസന്തമായിരുന്നു..
രാജകീയ കലാലയത്തിന്റെ
പ്രൗഢ വഴികളിൽ
അയാൾ കരളിൽ
കരുതിയൊരു പൂവുണ്ടായിരുന്നു..
പാട്ടുപറവകൾ പടർത്തിയ
സ്വപ്ന നീലിമ ..
പക്ഷെ, എന്നുമുള്ളിൽ
എല്ലാമൊതുക്കാൻ
ഇലകൾ കൊണ്ടൊരു
കുട ചൂടിയിരുന്നയാൾ ..
വേദനയുടെ
നഷ്ടബോധത്തിന്റെ
ശരം കുത്തി പായലിൽ
അവിടെയുമയാൾ
മറവി കൊണ്ടും
മൗനം കൊണ്ടും
ആ കുടയ്ക്ക് കീഴെ
മഴ കൊണ്ട് നിന്നു ..
വേനലിൻ മഴകൾ ..

മകയീര്യം നനഞ്ഞ പച്ചകൾ
കറ പിടിച്ചു
ചുവപ്പും കറുപ്പുമായി..
തീയോർമകളുടെ
നീറ്റലിൽ വീണ്ടും
മിഥുന മകയീര്യം..
ആകാശം ചിരിക്കും പോലെ
'അമ്മവരപ്പോഴും
പടർന്നു പടർന്നുയർന്നു ..
അയാളുടെ
സ്വപനങ്ങളുടെ കാവലായി
യാത്രകളുടെ താളമായി...




ഡോ. കെ.വി.സുമിത്ര

കവിത

# വെള്ളാരംകല്ലുകളെ മിനുസപ്പെടുത്തുന്നവൾ



- നിഖിൽ തങ്കപ്പൻ



അവളൊഴുകുന്ന വഴി നീളെ
തറഞ്ഞിരിക്കുന്ന മൈൽക്കുറ്റികൾ.
അവയുടെ നൂറ്റാണ്ട് പഴകിയ ദൈവക്കണ്ണുകളിൽ
പൊൻമാനുകൾ ഉന്നംപിടിക്കുന്നു.

പ്രേമത്താലെരിയുന്ന അടുപ്പുകളൊരുക്കി
മെലിഞ്ഞൊട്ടിയ മുക്കുവർ
ലിംഗങ്ങൾ കോർത്ത ചൂണ്ടലെറിയുന്നു.
അവയിലെന്തൊക്കെയോ
കുരുങ്ങിപ്പോയേക്കാം.
എന്നാലും,
അത്രയധികം ആഴത്തിൽനിന്ന്
ജീവനെ കുടുക്കിയെടുക്കാൻ
കേവലം ചൂണ്ടകൾ പോരാതെ വരും.

അവൾ
വെള്ളാരം കല്ലുകളെ
മിനുസപ്പെടുത്തുന്നവളും
ആരുമറിയാതെ
ആഴങ്ങളെ ഒഴുക്കിക്കൊണ്ടുപോകുന്നവളുമാണ്.

അവളുടെ ഓരം ചേർന്ന്
ഞാൻ പതിയെ നടക്കുന്നു.
ഒഴുക്കിലിറങ്ങാൻ ധൈര്യപ്പെടാതെ
ചെറിയ സ്പർശങ്ങളിൽ
സാന്ത്വനപ്പെടുന്നു.
നനവുകളെ
വറ്റാതെ കാത്തുവെക്കുന്നു.

ഒരിക്കലും മീൻപിടിക്കാത്ത
ഒരു
മുക്കുവനാണ് ഞാൻ.
വലകളിലും കൊളുത്തുകളിലും നിന്ന്
ജലത്തെ ചോർത്തിക്കൊണ്ടുപോകുന്ന
എന്തോ ഒന്നിനെ ഞാൻ ആരാധിക്കുന്നു.

മീൻപിടച്ചിലുകളുടെ നീറ്റലിൽ കുടുങ്ങിപ്പോയ
എന്റെ പ്രേമത്തിൽ
ഞാൻ തന്നെ
കുറേശ്ശേ വെന്തുകരിയുന്നു.

# ജീവിതകഥ



എ.കെ.അനിൽകുമാർ

പുതിയലക്കം മാസികയിൽ
പതിനാലു പേജുള്ള കഥ.
കുനുകുനുത്ത അക്ഷരങ്ങൾ
കണ്ണുകൾക്കു മുന്നിൽ
ഉറക്കമായ് മങ്ങിനിൽക്കുന്നു.

ഉറക്കത്തിൽ കണ്ടൊരു കഥ
പക്ഷെ അത്ര പരന്നതായിരുന്നില്ല.
പതിനാലു വർഷങ്ങൾ
പതിനാലു ലോകങ്ങൾപോലെ
ചുരുങ്ങിപ്പോയിരിക്കുന്നു.
പതിനാലു തലമുറ
പതിനാലു സെക്കൻഡുകളിൽ
ഒടുങ്ങിപ്പോയിരിക്കുന്നു.
ക്ലോക്കിലെ ഓരോ
ടിക്ക് ടിക്ക് ശബ്ദവും
പിന്നീട് കേൾക്കാനാവാത്തയേതോ
മറവിയിലാണ്ടു പോവുന്നു.
കടകുമണിയോളമുള്ളൊരു
ജീവിതത്തെ ഇത്ര
നീട്ടിപ്പരത്തുന്നതോ കഥ?

വായിച്ചുകഴിഞ്ഞ
പുസ്തകം പോലെ
ഷെൽഫിൻ മൂലയിൽ
മാറാലപിടിച്ചിരിക്കുന്ന
ജീവിതം ചോദിക്കുന്നു:
കോടാനുകോടി യുഗങ്ങളിൽ
പരന്നൊരാ ജീവിതത്തെ
പതിനാലു പേജിൽ
ചുരുക്കുന്നതോ കഥ?



ഓർമ്മ

# പണ്ടൊരു ഓണക്കാലത്ത്...



കൃഷ്ണകുമാർ
മാപ്രാണം

രണ്ടുവർഷത്തിനപ്പുറമുള്ള ഒരു ഓണക്കാലം . അത്തത്തിന്റെ തലേന്നാണ്. തൃശ്ശൂർ സാഹിത്യ അക്കാഡമിയിൽ ഒരു സുഹൃത്തിന്റെ പുസ്തകപ്രകാശനമുണ്ടായിരുന്നു. അതു കഴിഞ്ഞപ്പോൾ നേരം വൈകി. എന്റെ സുഹൃത്ത് പെരുമ്പിള്ളിശ്ശേരി വരെ കൂടെയുണ്ടായിരുന്നു. സ്വരാജ് റൗണ്ട് കഴിഞ്ഞപ്പോഴാണ് സുഹൃത്ത് പറഞ്ഞത്. “അടുത്ത പൂക്കട കണ്ടാൽ കാറൊന്നു നിർത്തണം. ഒരു കിറ്റ് വാങ്ങണം അതും കൊണ്ട് ചെന്നില്ലെങ്കിൽ ശ്രീമതി വീട്ടിൽ കേറ്റില്ല.”

”അതെ താങ്കൾ പറഞ്ഞപ്പോഴാണ് ഓർത്തത് .എനിക്കും വാങ്ങാനുണ്ട്....”

എന്റെ സ്ഥിതിയും അതുതന്നെയായിരുന്നു.



തൃശ്ശൂർ റൗണ്ടിൽ ഒരുപാടു സ്ഥലത്തുണ്ടായിരുന്നതാണ്.... വാങ്ങാൻ ഞങ്ങൾ വിട്ടുപോയതാണ്.

വഴിയിലൊക്കെ വല്ലാത്ത തിരക്കായിരുന്നു. വഴിയോരങ്ങളിലെമ്പാടും പൂവിപണി സജീവമായിരുന്നു .

ഞങ്ങൾ ഒരു കടയ്ക്കു മുന്നിൽ കാർ നിറുത്തി. ഏറ്റവും ചെറിയ ഒരു കിറ്റ് പൂവിന് അമ്പത് രൂപ. രണ്ടുപേരും പൂക്കിറ്റും അടുത്ത ബേക്കറി കടയിൽനിന്ന് കായവറുത്തതും ശർക്കരവരട്ടിയും കൂടി വാങ്ങി .

തൊട്ടപ്പുറത്ത് കടയിൽ നിരത്തിവച്ചിരിക്കുന്ന പലവലിപ്പത്തിലുള്ള പല ഡിസൈനിലുള്ള തൃക്കാക്കരയപ്പൻമാർ. കടക്കാരൻ പരിചയഭാവത്തിൽ ചിരിച്ചു.

”സാറിനു വേണ്ടേ .....എടുക്കട്ടെ.... ഒന്നോ മൂന്നോ ....”

”ഇപ്പോ വേണ്ട..വരാം ....” ഞാൻ കാറിനടുത്തേയ്ക്കു നീങ്ങി.

കാറിലിരിക്കുമ്പോൾ ഞങ്ങൾ ഇപ്പോഴത്തെ റെഡിമെയ്ഡ് ഓണത്തിന് പഴയ

കാലത്തെ ഓണത്തിൻറെ പ്രതാപമില്ലെന്ന് പരസ്പരം പറഞ്ഞ് മൗനത്തിലേയ്ക്കു ഊളിയിട്ടു . അതൊരു ഓർമ്മയിലേയക്കുള്ള തിരിച്ചുപോക്കായിരുന്നു.

എൻറെ വീടിനെ കുറിച്ച് ഞാനോർത്തു . ഒരിക്കലും പണിതീരാത്ത ഒരു വീടായിരുന്നു അത്. ചെത്തിതേയ്ക്കാത്ത ചുമർ . പൊട്ടിപൊളിഞ്ഞ നിലം. ഇടിഞ്ഞുവീഴാറായ മേൽക്കൂര. മഴപെയ്താൽ ചോർന്നൊലിക്കുന്ന ഒരു ഓട്ടപുര.

മേൽക്കൂരയ്ക്കടിയിലെ മുക്കാൽ ഭാഗം പട്ടികകളും ചിതൽ തിന്നു തീർത്തിരിക്കുകയാണ്. അതുകൊണ്ട് ഓടുതാഴെ പതിക്കാതിരിക്കാൻ തെങ്ങിൻ പട്ടയും കിട്ടിയ വടികളും തിരുകി വച്ചിരിക്കയാണ്.

അമ്മയ്ക്ക് അമ്പലത്തിലെ കഴകപ്രവൃത്തിയിലൂടെ കിട്ടുന്ന തുച്ഛവരുമാനമാണ് വീടിൻറെ ഏക ആശ്രയം . ജീവിതച്ചെലവിനു തന്നെ തികയില്ല. അതിനിടയിൽ കുട്ടികളെ പഠിപ്പിക്കണം . പുസ്തകം വാങ്ങണം . അഞ്ചുപേരടങ്ങുന്ന കുടുംബം പുലരണം.

" കൊല്ലത്തിൽ പന്ത്രണ്ട് മാസോം കഷ്ടപ്പാട്തന്നെ . ഈ ദാരിദ്ര്യത്തിനെടേലും ചിങ്ങമാസം പെറക്കുമ്പോ ഓണത്തിനെന്തായാലും പട്ടിണി കെടക്കാൻ പറ്റില്ല്യാല്ലോ അതോണ്ട് എവടന്ന് കടം മേടിച്ചിട്ടായാലും ഓണം കൊട്ടാണ്ട് പറ്റില്ല്യ "

എന്നൊക്ക അവിടന്നും ഇവിടന്നും കേൾക്കുമ്പോൾ അതുവരെയുണ്ടായ കഷ്ടപ്പാടുകൾ മറക്കും . മനസ്സിൽ നിലാവിൻറെ ഇത്തിരിവെട്ടം തെളിഞ്ഞുവരും.

വിശേഷദിവസങ്ങൾ വരുന്നതിൻറെ മുന്നോടിയായി വീട്ടിലെത്തുന്ന വസ്തുക്കളായിരുന്നു പശുവിൻ ചാണകം , പാള എന്നിവ. വീട്ടുപറമ്പിൽ അടയ്ക്കാമരമില്ലാത്തതുകൊണ്ട് അടുത്തവീട്ടിൽ നിന്നാണ് പാള കൊണ്ടുവരിക. വഴിയിലോ പാടത്തോ പശുക്കൾ മേഞ്ഞിരുന്നതിനാൽ ചാണകത്തിനു ക്ഷാമമില്ലായിരുന്നു.

വിശേഷദിവസങ്ങൾ വരുമ്പോൾ പൊട്ടിപൊളിഞ്ഞ അകം ചാണകം കൊണ്ടുമെഴുകി വൃത്തിയാക്കും . അതു കാണുമ്പോൾ അറിയാം എന്തോ ഒരു വിശേഷം അടുത്തെത്താൻ പോകുന്നുവെന്ന് . അത് ഓണമാണെന്നറിയുമ്പോൾ ആ ദാരിദ്ര്യത്തിനിടയിലും മനസ്സിൽ പ്രകാശം പരക്കും.

എടവം പാതിമുതൽ തുടങ്ങുന്ന മഴ കർക്കിടകത്തിലും പെയ്തുതോരാതെ നിൽക്കുകയാണ് . പഞ്ഞകർക്കിടകം ഒരുവിധം തള്ളിനീക്കിയെന്നേ പറയേണ്ടതുള്ളൂ . താളും തകരയും ചീരയും ചേമ്പിലത്തണ്ടും, വാഴപിണ്ടിയും, കൊപ്പക്കായയും കൊണ്ടൊക്കെയാണ് കറികൾ വയ്ക്കുക . പച്ചക്കറികൾക്കായി കടയിൽ പോകുന്ന പതിവൊന്നുമില്ല. വീട്ടുപറമ്പിലുണ്ടാകും എന്തെങ്കിലുമൊക്ക.

അമ്പലത്തിൽ നിന്നും കിട്ടുന്ന നൈവേദ്യച്ചോറ് പട്ടിണികാലത്ത് ഒരാശ്വാസമായി നിലകൊണ്ടു . അമ്പലത്തിലെ ഉണക്കലരിച്ചോറിൽ പച്ചവെളിച്ചെണ്ണയിറ്റിച്ച് ഉപ്പും കൂട്ടി കഴിക്കും .കൊല്ല മുളക് കനലിൽ ചുട്ട് പുളിതിരുമ്മിയ വെള്ളത്തിൽ കലർത്തി മുളകുവർത്തപുളിയും ,മൊളകൂഷ്യവുമൊക്കെയാണ് പലപ്പോഴും കറികൾ .

അരിയും ഗോതമ്പും മണ്ണെണ്ണയും പഞ്ചസാരയും റേഷനായി കിട്ടിയിരുന്നു . ഏതെങ്കിലും ഒരാഴ്ചയിൽ റേഷൻ വാങ്ങാൻ കാശില്ലാതെ വന്നാൽ ആ മാസത്തെ എല്ലാ കണക്കുകളും തെറ്റും .അപ്പോൾ ഭക്ഷണത്തിൻറെ വിഹിതം കുറയും . കൊള്ളി (കപ്പകിഴങ്ങ്) പൊടിച്ചത്, ഈന്തപ്പനയുടെ കുരു ഉണക്കി പൊടിച്ചത് ഇതുകൊണ്ടൊക്കെ അടയോ ,ദോശയോ ഒക്കെ ഉണ്ടാക്കി വിശപ്പുമാറ്റുവാനുള്ള വിദ്യകൾ അമ്മ എവിടെ നിന്നോ വശമാക്കിയിരുന്നു.

ദാരിദ്ര്യത്തിനിടയിലും ഓണത്തെ വരവേൽക്കാനായി കാത്തിരിക്കും .

അത്തം മുതൽ ഉത്രാടം വരെ പൂക്കളം ഒരുക്കും .കിഴക്കെ മുറ്റത്താണ് ചാണകം മെഴുകി പൂക്കളമിടുക. ചിറവരമ്പത്തും വേലിയിലും കൊങ്ങിണിയും കോളാമ്പിയും നന്ത്യാർവട്ടവും ഉണ്ടാകും .മുക്കൂറ്റിയും ,തുമ്പയും ,തൊട്ടാവാടി പൂവും , ഉഷമലരിയും , കൃഷ്ണകിരീടവും തൊടിയിലും നിറഞ്ഞു കിടക്കും. പൂക്കൾക്കൊന്നും ഒരു ക്ഷാമവുമില്ല. പൂപറിക്കുവാൻ ഉത്സാഹത്തോടെ പോകുന്ന കുട്ടികൂട്ടങ്ങളെ എവിടെയും കാണാം.

ഓണത്തിന് ഒരാഴ്ച മുൻപ് ചെറിയൊ

രു കായകുല പ്രത്യക്ഷപ്പെടും. അത് കുമാരൻ കൊണ്ടന്നതാണോ , അതോ കഷ്ടപ്പാട് കണ്ട് അയൽപക്കത്തെ ആരെങ്കിലും തന്നതാണോ എന്നൊന്നും വലിയ നിശ്ചയം പോരാ .

പിന്നെ എളവൻ ,മത്തൻ തുടങ്ങിയവയും അകായിൽ ഒരിടത്തു ഇരിക്കുന്നത് കാണാം.

"ആയ്.ആയ് എന്താത് ...കൂട്ട്യോളേ....നിങ്ങള് ചെയ്യണേ....കാലേകൂട്ടി ഇണ്ടാക്കീന്നു വച്ച്..ഇപ്പഴേ..തീർക്കല്ലേ.....എല്ലാം പേരിനു വേണല്ല്യോ ന്ന്ച്ചിട്ടാ,, അപ്പോളേയ്ക്കും കോരീടുന്നത് മുഴുവനും തിന്നുതീർക്ക്വേ ..."

മുത്തശ്ശിയും അമ്മയും കൂടി കായ വറുത്തുകോരിയിടുകയാണ്. കായവറുത്തതൊക്ക ചൂടാറും മുൻപേ തിന്നു തീർക്കലാണ് ഞങ്ങടെ പണി. ഒന്നു സ്വാദ്നോക്കാൻ അനുവദിച്ചാൽ പിന്നെ ബാക്കിയുണ്ടാവില്ല.



ഞങ്ങളെ തട്ടിമാറ്റി അതെല്ലാം കാണാത്തസ്ഥലത്തെവിടെയെങ്കിലും കൊണ്ടുവയ്ക്കും . "രണ്ടോണംവരെയെങ്കിലും പേരിന് കായവറുത്തത് വിളമ്പേണ്ടതല്ലെ" എന്നും കൂട്ടത്തിൽ പറയും .അതൊന്നും ഞങ്ങൾക്കു ബാധകമല്ല . പലപ്പോഴും കള്ളനെപോലെ പതുങ്ങി അതുകണ്ടെത്താനുള്ള ശ്രമവും ഉണ്ടാകും.

പാടത്തിനപ്പുറത്ത് ചിറവരമ്പത്ത് കുമാരൻ എന്നൊരാൾ ഉണ്ടായിരുന്നു. അയാൾ കൃഷിയിടങ്ങളിലെ വിഭവങ്ങളൊക്കെ വിൽക്കാൻ കടയിലേയ്ക്ക് പോയിരുന്നത് പാടം കയറി ഞങ്ങളുടെ വീടിനുമുന്നിലൂടെയാണ് .അയാളിൽ നിന്നുമാണ് കായ ,ഇളവൻ ,മത്തൻ തുടങ്ങിയവയൊക്കെ വാങ്ങിയിരുന്നത്. വിശേഷങ്ങൾ വരുന്നതിന് ഒരാഴ്ച മുൻപേ ഇതൊക്കെ വാങ്ങിക്കും .അതൊക്കെ ഉത്തരത്തിലെ വളയത്തിൽ കയറിൽ തൂക്കിയിടും.

ഇതിൻറെ പൈസയൊക്കെ പലതവണയായിട്ടാണ് കൊടുത്തു തീർത്തിരുന്നത്.

പറമ്പിൽ നിന്നുള്ള ആദായം ആകെകൂടി കുറച്ചുതെങ്ങും പുളിമരത്തിലെ പുളിയും ആയിരുന്നു .അതു വിറ്റുകിട്ടുന്ന മുറയ്ക്കായിരിക്കും പലരിൽ നിന്നും കടം വാങ്ങിയത് കൊടുത്തുതീർക്കുക. കൊടുത്തതിനു തൊട്ടുപിറകെ വീണ്ടും കടം വാങ്ങിയിരിക്കുകയും ചെയ്യും .

കഷ്ടപ്പാടിലും പുതിയ കുപ്പായം ഓണത്തിനു വാങ്ങിയിരുന്നു. ഓണം ,വിഷു എന്നിങ്ങനെ കൊല്ലത്തിൽ രണ്ടുതവണയാണ് പുതിയ കുപ്പായം കിട്ടിയിരുന്നത് .അതും ഏറ്റവും വിലകുറഞ്ഞ തുണിയായിരുന്നു . എങ്കിലും സന്തോഷമുണ്ടായിരുന്നു.

ഓണത്തിൻറെ തലേദിവസമാണ് ഉത്രാടപാച്ചിൽ. ഓണംകൊള്ളാനുള്ളതൊക്കെ ഉത്രാടത്തിനാണ് ഒരുക്കുക. പറമ്പിലൊക്കെ

ഇഷ്ടംപോലെയുണ്ടാകും തുമ്പകുടം. അതു പറിച്ചുകൊണ്ടുവരിക ,തൃക്കാക്കരയപ്പനെ അണിയിച്ചൊരുക്കുക എന്നിവയൊക്കെ തലേദിവസമാണ് ചെയ്യുക.

ആദ്യമേതന്നെ മണ്ണുകുഴച്ച് ഇറക്കാലിലോ ഇറയത്തോ വച്ചിട്ടുണ്ടായിരിക്കും .തൃക്കാക്കരയപ്പനെ വീട്ടിൽതന്നെയാണ് ഉണ്ടാക്കിയിരുന്നത് .നാലു തൃക്കാക്കരയപ്പനെയുണ്ടാക്കും .മൂന്നെണ്ണം മുറ്റത്തേയ്ക്ക് .ഒന്ന് പടിക്കലേയ്ക്ക് .കൂട്ടത്തിൽ അമ്മി ,അമ്മിക്കുഴ ,ഉരൽ ,തള്ളയുടെ രൂപം എന്നിങ്ങനെ മണ്ണിൽ കുഴച്ചരൂപങ്ങളും ഉണ്ടാക്കും .ഉത്രാടരാത്രിയിൽ അരിമാവുകലക്കിവച്ച് മുറ്റത്തും പൂമുഖത്തും വാതിലിൻമേലും അണിഞ്ഞുവയ്ക്കും .തൃക്കാക്കരയപ്പനെയും അരിമാവുകൊണ്ടണിഞ്ഞ് കൃഷ്ണകിരീടവും നിറുകയിൽ തിരുകി വയ്ക്കും .എല്ലാ ഒരുക്കവും കഴിഞ്ഞാൽ പിറ്റേന്ന് തിരുവോണത്തിന് പുലർച്ചെയെഴുന്നേറ്റ് കുളിച്ചു വന്ന് പുതുവസ്ത്രങ്ങളുമണിഞ്ഞ് തൃക്കാക്കരയപ്പന് പൂജയാണ് .നിലവിളക്കും ചന്ദനത്തിരിയും കൊളുത്തി വച്ചിട്ടുണ്ടായിരിക്കും .നാളികേരം കൊട്ടി .അടയും അവിൽ മലർ ശർക്കര പഴം തുടങ്ങിയവയാണ് പൂജിക്കാറ്. പൂജകഴിഞ്ഞ് വാതിലടച്ച് തൃക്കാക്കരയപ്പൻ വന്ന് പോകാൻ കാത്തിരിക്കും .

വല്യ സദ്യയൊന്നുമല്ലെങ്കിലും വിഭവങ്ങൾ കൂടുതൽ ഇല്ലെങ്കിലും വല്ലപ്പോഴും കിട്ടുന്ന സദ്യയ്ക്കു രുചിയേറെയുണ്ടായിരുന്നു.

ഓണത്തിന് പന്തുകളിയായിരുന്നു കുട്ടികളുടെ വിനോദം .റബ്ബർ പന്തുതന്നെ വളരെകഷ്ടപ്പെട്ടാണ് വാങ്ങിച്ചിരുന്നത്. ചിലപ്പോൾ ചില ഓണത്തിന് കടലാസ്സും തുണിയും ചാക്കുചരടും കൊണ്ടുണ്ടാക്കിയ പന്തിൽ തൃപ്തിപ്പെടേണ്ടിവന്നു.

ഓണക്കാലത്ത് മിക്കവരും അടുത്ത ഇല്ലത്തേയ്ക്ക് പോയിരുന്നു. ഇല്ലത്ത് കൈക്കൊട്ടിക്കളി അരങ്ങേറിയിരുന്നു .നാട്ടിലെ പല സ്ത്രീജനങ്ങളും അതിൽ പങ്കെടുത്തിരുന്നു.

നാലുക്കെട്ടിൻറെ പടിഞ്ഞാറ്റിനിയിലാണ് കൈകൊട്ടികളി. വടക്കിനിയിൽ തിരുമേനിമാർ ഉണ്ടാകും.

ഇല്ലത്തെ വിശാലമായ മുറ്റത്താകെ തണൽവിരിച്ച മരങ്ങളുണ്ടായിരുന്നു . അവയുടെ കൊമ്പിൽ വള്ളി കൊണ്ട് ഊഞ്ഞാലു കെട്ടിയിട്ടുണ്ടാകും. ഊഞ്ഞാലാടാനാണെങ്കിൽ ധാരാളം കുട്ടികളുണ്ടാകും .

## വെറ്റിലക്കണ്ണി

പൊകയിലക്കണ്ണി എന്നിങ്ങനെ രണ്ടുതരത്തിലാണ് ഊഞ്ഞാലാട്ടം . നല്ല പൊക്കത്തിലായിരിക്കും ഇവ ആട്ടുക. പേടിയോടെയാണ് ഊഞ്ഞാലിലിരിക്കുക . പൊകയിലക്കണ്ണിയാണ് കൂടുതൽ ഉയരത്തിലുള്ള ആട്ടം . വളരെ ആശിച്ചിട്ടാണ് ഒന്ന് ആടാൻ കിട്ടുക .ഊഴം കാത്ത് നിൽക്കുന്ന ഒരുപാടു പേരുണ്ടാകും ഊഞ്ഞാലാടാൻ .പുകയില കണ്ണിയിൽ പിടിവിട്ട് താഴെവീഴുമെന്നുള്ള പേടിയാൽ

ഊഞ്ഞാലിൽ നിന്നും എളുപ്പം ഇറങ്ങി പോരും

ഓണത്തിന് കുമ്മാട്ടിക്കളിയും നാട്ടിന്നിടവഴിയിലൂടെ പോകുന്നതു കാണാം . ഉണങ്ങിയ വാഴയിലയും പച്ചിലകളും ദേഹത്ത് പൊതിഞ്ഞുകെട്ടി മുഖത്ത് പാളകീറിയെടുത്ത് മുഖം മൂടിയുണ്ടാക്കി അണിഞ്ഞ് നാടാകെ കുമ്മാട്ടികൾ അലയും .


കുമ്മാട്ടിക്കളിയിൽ പലതരം പാട്ടുകളും ഉണ്ട് അതിൽ ചിലത് ഇങ്ങനെയായിരുന്നു ."തള്ളേതള്ളേ എങ്ങട്ട് പോണൂ......," "ആലത്തൂരാലിൻമേലഞ്ചാറുചക്ക......,"തുടങ്ങീ അനേകം പാട്ടുകൾ . കുമ്മാട്ടികൾ ചെമ്മൺ പാതയിലൂടെ നീങ്ങും. അന്നാട്ടിലുള്ളവരെല്ലാം അവരോടൊപ്പം ചേരുകയും ചെയ്യും .

ഓണം കഴിയുന്നതോടെ സങ്കടമാകും .തിരുവോണത്തിൻറെയത്രയ്ക്കു പകിട്ടില്ല രണ്ടോണത്തിന് .മൂന്നോണം മുക്കിയും മൂളിയും കടന്നുപോകും നാലോണം നക്കിയും തോർത്തിയും ....

കഷ്ടപ്പാടും ദാരിദ്ര്യവുമാണെങ്കിലും ഇന്നലെകളിലെ ഓണത്തിന് മധുരമുണ്ടായിരുന്നു. ഇന്ന് ഓണമാഘോഷിക്കാൻ ഒരു പ്രയാസവുമില്ല.പലർക്കും എന്നും ഓണംതന്നെയാണ് . പക്ഷേ ഇന്നത്തെ റെഡിമെയ്ഡ് ഓണത്തിന് എന്തൊക്കെയോ പോരായ്മകളില്ലേയെന്ന് ചോദിച്ചുപോകേണ്ടിവരുന്നത് എന്തുകൊണ്ടാകാം !

കവിത

# ലലാടേ നിധിദർശനം



ആഴത്തിൽ കിളച്ചപ്പോൾ കിട്ടിയ
ചെപ്പുകുടമായിരുന്നു എനിക്കത് .
കേട്ടിട്ടുണ്ടായിരുന്നു
നിധി കിട്ടിയവർ നശിക്കും -
ഞാനും.

പറയുകയാണെങ്കിൽ :

ചെമ്മണ്ണായിരുന്നു,
പണ്ടെന്നോ
മുല്ല പടർത്തിയ മതിലും
അതിന്റെ മുക്കിലൊരു ഉണ്ടച്ചെമ്പരത്തി
യുമുണ്ടായിരുന്നു.
എന്നും പൂത്തിരുന്നു,
പൂത്ത പൂക്കളെ മതിലിനപ്പുറത്തെ
ഇടവഴിയിലേയ്ക്ക് കൊഴിച്ചിട്ടിരുന്നു.

ആദ്യത്തെ കിളയിൽ
പഴയ മതിലിന്റെ കല്ലു കണ്ടു
കല്ലിലൊരു മതിലാകെക്കണ്ടു
പഴയ എടുപ്പുകളിൽ
നിന്നുപോയതിനാൽ
നേരം പോകുന്നുണ്ടായിരുന്നു.

അതിനുമപ്പുറം
ഉണ്ടച്ചെമ്പരത്തിയുടെ
കരിഞ്ഞ വേരു കണ്ടു.
നീണ്ടുനീണ്ടങ്ങേ
കിണറ്റിൻകരവരെ പോയതായിരിക്കാം പണ്ട്.

വറ്റാത്ത ഉറവകളില്ലല്ലോ
ഉണങ്ങാത്ത വേരും.

കിളയ്ക്കുന്തോറും
പലതുമുയർന്നുവന്നു.
പഴയൊരു പാർക്കർ പേനയുടെ
അടപ്പ് , കുഞ്ഞുചെരിപ്പിനറ്റത്തെ
പ്ലാസ്റ്റിക് പൂവ്,
കറന്റ് പോകുമ്പോൾ
അമ്മ പതിവായി തിരഞ്ഞിരുന്ന
ഓട്ടുമെഴുകുതിരിത്തട്ട്,
അച്ഛന്റെ വെറ്റില്ലക്കത്തി
അടിയിൽ,
മുക്കാലും തുരുമ്പിച്ച കളിപ്പാവക്കാറ്.

ബാക്കിയുണ്ടെന്നാരറിഞ്ഞു
ചത്തു മണ്ണിലാണ്ടവയുടെ ഓർമ്മകൾ !

ഓരോന്നു കണ്ടപ്പോഴും വാശിയോടെ കിളച്ചു
നിങ്ങൾ പണ്ടേ പറയാറുണ്ടായിരുന്നല്ലോ
വെറുതേ കിളച്ച്
ആഴത്തിൽ ചെല്ലുന്നതാണെന്റെ
ശീലമെന്ന്.



ഡോ. ലക്ഷ്മി. പി

ഞാനുമതോർത്തു.
വേണ്ട വേണ്ട -
ഇനിയും പോകേണ്ടെന്ന് തടുത്തു ,
തടുത്തേടത്തും പിടിച്ചേടത്തും നിന്നുതന്നില്ല
കിളച്ചു.

കിളച്ചപ്പോൾ
തൂമ്പ തട്ടിയതിൻ ഒച്ചകേട്ടു,
നിധിയാണെന്നോർത്തു
നിധി കിട്ടിയവരുടെയെല്ലാം കഥകളോർത്തു,
നിധികിട്ടിയവരെല്ലാം നശിച്ചതെന്തെന്നോർത്തൂ.

നിധി കിട്ടിയവരെല്ലാം
അതിനെ
ഒച്ചയായ് അറിഞ്ഞു.
മണ്ണടർത്തി മാറ്റുന്തോറും
ചെപ്പുകുടം തെളിഞ്ഞുവന്നു,
കുടം തുറന്നപ്പോൾ അതിനെ
കണ്ണാലറിഞ്ഞു,
ഉള്ളിലേക്കെടുത്തു വച്ചപ്പോൾ
നെഞ്ചാൽ.

നീണ്ടനാൾ
നിധി കിട്ടിയവനെപ്പോലെ വിയർത്തു
നിധി കിട്ടിയവനെപ്പോലെ കിതച്ചു
നിധി കിട്ടിയവനെപ്പോലെ കരഞ്ഞു; ചിരിച്ചു.
ഉറങ്ങിയെഴുന്നേറ്റപ്പോഴെല്ലാം
കൺതടങ്ങൾ കരുവാളിച്ചിരുന്നു.
കണ്ണുമിഴിച്ചിരുന്നു.
വേദനിച്ചപ്പോഴും നിറഞ്ഞു
നിറഞ്ഞപ്പോഴെല്ലാം തുളുമ്പി.

നാൾക്കുനാൾ സ്മൃതി
വാർന്നുപൊയ്ക്കൊണ്ടിരുന്നു
വാർന്ന കണക്കേ
ഉടൽ വിളർത്തുകൊണ്ടിരുന്നു
നെറ്റിയിൽ ഒരുറുപ്പിക വട്ടത്തിൽ
അത് മഞ്ഞിച്ചുകിടന്നു.
ഏഴാംനാൾ പുലർന്നപ്പോൾ
തെക്കൂന്ന് ആദ്യത്തെ കാറ്റടിച്ചു
മുറ്റത്തെ അശോകം
കൊമ്പൊടിഞ്ഞു വീണു.
മൂന്നാമത്തെ കാറ്റടിച്ചപ്പോൾ
എഴുന്നേറ്റ് പായ വിരിച്ചു.
അഞ്ചാമത്തെ കാറ്റടിച്ചപ്പോൾ
ഇറങ്ങിക്കിടന്നു.
ഏഴാമത്തെ കാറ്റടിച്ചപ്പോൾ
കണ്ണടച്ചു;

കണ്ണടച്ച് കിടക്കുമ്പോൾ കേട്ടൂ
കഴുക്കോലിലൊരു ചിലപ്പ്:

ലലാടേ നിധിദർശനം.



# രണ്ടുപേർ



ആദി

1.
പ്രേമത്തിൽ
അകപ്പെട്ടതിനാലാണ്
എന്റെയാകാശങ്ങൾക്ക്
മീതേ
ദൈവം തീതുപ്പിയത്
സോദോമെനിക്ക്
മുന്നറിയിപ്പ് നൽകിയത്
എന്റെ തലയിൽ
ശാപവാക്കും
ഊക്കിലൊരു തെറിയുമെറിഞ്ഞത്

ഞങ്ങൾ ഇരുട്ടുണ്ടാക്കി ഉമ്മ
വെച്ചിരുന്നു
വളരെ പതിയെ
വാ പാതിയും തുറന്ന്
ശ്വാസം പകുത്തിരുന്നു

ചുണ്ടു മുറിയാതെ
ഉമ്മ വെക്കുന്ന സൂത്രം
അവനാണെന്നെ
പഠിപ്പിച്ചത്

പക്ഷെ,എവിടെയും
ഞങ്ങൾ
ഒരിക്കലുമതേറ്റുപറഞ്ഞില്ല

2.
ഞാൻ ദൈവത്തിൽ
വിശ്വസിച്ചതേയില്ല


എന്റെ കാമുകൻ,
സങ്കടം കനക്കുമ്പോളെല്ലാം
നിസ്കരിച്ചു

ഉമ്മ വെക്കാനുള്ള
ചുണ്ടുകളാൽ
തീ തുപ്പിയതിന്
എന്റെ തലയിൽ
ശാപവാക്കും
തെറിയുമെറിഞ്ഞതിന്
ഞങ്ങളെ
പാപികളെന്നുരച്ചതിന്
ഞാൻ
ദൈവങ്ങളെയെല്ലാം പഴിച്ചു

ദൈവത്തെ
സ്നേഹമെന്ന്
പരിഭാഷപ്പെടുത്തിയ
ഞങ്ങൾ
ഇപ്പോൾ വെളിച്ചത്തിലാണ്,
ഉമ്മ വെക്കുകയാണ്

എന്റെ വായിലെ
കവിതയെ അവൻ
തൊടുന്നു,എന്നെയും

ഇനി,
ഞങ്ങളുടെ
ചുണ്ടുകളെ തിരികെ തരിക
ഉമ്മകളെ അനുവദിച്ചുകൊടുക്ക
വെറുതെ വിടുക



നമ്മൾ രണ്ടു അർദ്ധവൃത്തങ്ങൾ
ഭ്രമണപഥത്തിൽ മുറിവേറ്റ മനസ്സ്
നാം പരസ്പരം സമ്മാനിച്ചത്
യാത്ര തുടങ്ങും മുമ്പേ ഒപ്പു വെച്ച ഉടമ്പടി
തിരുത്തിയെഴുതി വീണ്ടുമിതാ ഒരു പുനരൊപ്പ്.
നമ്മൾ രതിയിൽ പോലും പരസ്പരം
ആനന്ദിക്കാനാവാത്ത അരസികരെന്ന്
കാലം പരിഹസിക്കുന്നു
മനസ്സിലെ തളിർനിലങ്ങളിന്നു ചതുപ്പുനിലങ്ങൾ
പ്രണയ മൈത്രമെളുപ്പമെന്ന്
തെറ്റിദ്ധരിച്ച കുഴലൂത്തുകാർ നമ്മൾ
ചെവി പിറകിലുടക്കിയ ചുംബനങ്ങൾ
ഭോഗലഹരിയിലമർത്തിയ കരച്ചിലുകൾ
നീ ഓർമ്മകളിൽ കത്തുന്ന സൂര്യനെ ചൂടാതിരിയ്ക്കുക.
ഭൂത കാലഓർമ്മകളിലിന്നും
ജീവിക്കുന്നവരന്നേ മരിച്ചവർ
എനിക്കിനി വീടിൻറ ജാലകമൊന്നു
തുറന്നിട്ടൊറ്റയ്ക്കിരിയ്ക്കണം
എന്നെ തന്നെ പ്രണയിക്കണം
തിരിച്ചു വരാമെന്നൊരിയ്ക്കലും മഴക്കാലം
പാതി വിടർന്ന പുഷ്പങ്ങൾക്കും
തളിർ മരങ്ങൾക്കും വാക്കു കൊടുക്കുന്നില്ല.
അതുകൊണ്ടു തന്നെയാണ് അവ
പിറകെ വരുന്ന വസന്തത്തിനെ
വാരിപുണരുന്നത്..



രേഖ തോപ്പിൽ

# അർദ്ധവൃത്തം

# സാധ്യതകളുടെയും സങ്കീർണ്ണതകളുടെയും നഗരം –തൃശൂരിനെപ്പറ്റി ഹരിത വി. കുമാർ ഐഎഎസ്

അഭിമുഖം





–സുകുമാർ കൂർക്കഞ്ചേരി

സാധ്യതകളും സങ്കീർണ്ണതകളും ധാരാളമായുള്ള ജില്ലയെന്നാണ് കളക്ടറായി ചാർജെടുത്ത ഹരിത വി. കുമാർ ആദ്യം പ്രതികരിച്ചത്. തൃശൂരിലേക്കുള്ള ഈ ഐഎഎസ് ഉദ്യോഗസ്ഥയുടെ വരവ് ഇത് രണ്ടാം തവണയാണ്. 2015–16 കാലഘട്ടത്തിൽ ഇവിടെ സബ്കളക്ടർ അഥവാ ആർഡിഒ ആയിരുന്നു. അന്ന് തൃശൂരിനെ അടുത്തറിയാൻ സാധിച്ചതിന്റെ തുടർച്ചയായിട്ടാവാം ഇപ്പോൾ ജില്ലാ ഭരണാധികാരിയായിട്ടുള്ള ഈ നിയോഗം.

തീവ്രമായ ദുഃഖം മനസ്സിനെ അലട്ടുമ്പോൾ നമ്മളിൽ പലരും നശ്വരമായ ഭൗതിക ജീവിതത്തിന്റെ നിസ്സാരതയെ കൂട്ടുപിടിക്കാറുണ്ട്. ജീർണ്ണിച്ച വസ്ത്രമുപേക്ഷിക്കുന്നതുപോലെ ശരീരമുപേക്ഷിച്ച് ഈ ഭൂമിയിൽനിന്നും ഒരുനാൾ വിടചൊല്ലി പോകാനുള്ളതാണ്. ഭൂമിയിലെ ജയാപചയങ്ങളെക്കുറിച്ച് പിന്നെയെന്തിനാണ് വേവലാതി എന്നും ഓർത്തു സമാധാനിക്കാറുണ്ട്. എന്നാൽ എത്രയൊക്കെ ന്യായവാദങ്ങൾ നിരത്തിയാലും കൈവന്ന ഈ ചെറിയ ജീവിതത്തിലും സന്തോഷവും സമാധാനവും തരുന്ന നിമിഷങ്ങൾക്കുവേണ്ടി ആഗ്രഹിച്ചുപോകുന്നതാണ് മനുഷ്യമനസ്സിന്റെ രീതി. ജീവിതം ആഗ്രഹിച്ചതു പോലെയൊന്നും എല്ലാവർക്കും അനുഭവവേദ്യമാകാറില്ലെങ്കിലും എല്ലാ അർത്ഥത്തിലും അതു സാർത്ഥകമാകാൻ അനുഗ്രഹം ലഭിച്ച അപൂർവ്വം കുടുംബങ്ങളും നമുക്കിടയിൽ ഉണ്ടാകാറുണ്ട്. അത്തരത്തിലുള്ള ഒരനുഗ്രഹീത കുടുംബമാണ് ഹരിതയുടെ അച്ഛൻ വിജയകുമാറിന്റേത്. ജലഅതോറിറ്റിയിൽ കരാറുകാരനായ അദ്ദേഹം നെയ്യാറ്റിൻകര ഫോർട്ട് വാർഡിലെ 'ചിത്രാലയം' എന്ന വീട് അടച്ചിട്ടിട്ടാണ് മക്കളുടെ പഠനാവശ്യത്തിനുവേണ്ടി തിരുവനന്തപുരം നഗരത്തിലേക്കു വന്നത്.

മൂത്തമകൾ ഹരിത സിവിൽ സർവ്വീസ് പരീക്ഷയെഴുതി ഒന്നാം റാങ്കുമായി വന്നപ്പോഴും വീട്ടിൽ അമിതാഹ്ലാദങ്ങളുടെ ബഹളമില്ലായിരുന്നു. മാധ്യമപ്രവർത്തകർക്കും അറിഞ്ഞെത്തിയ സന്ദർശകർക്കും നടുവിൽ നിൽക്കുമ്പോഴും അച്ഛൻ വിജയകുമാറും അമ്മ ചിത്രയും ഇരട്ടസഹോദരന്മാരായ സാദർശ്, സതീർത്ഥ് എന്നീ എഞ്ചിനീയറിംഗ് ബിരുദധാരികളും എല്ലാ സന്തോഷവും മനസ്സിൽ അടക്കി. മകൾ വളരെ സിംപിളാണെന്നാണ് അമ്മ പറയാറുള്ളത്. ജനസേവനം നടത്തുന്ന സത്യസന്ധയായ ഉദ്യോഗസ്ഥയായി മാത്രം മകളെ കണ്ടാൽ മതിയെന്ന് അച്ഛനും.


കേന്ദ്ര വിവരാവകാശ കമ്മീഷന്റെ നിർദേശമനുസരിച്ച് യു.പി.എസ്.സി ആദ്യമായി സിവിൽ സർവീസ് പരീക്ഷയുടെ അന്തിമ മാർക്കുവിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയതിൽ ആദ്യത്തെ നാലു റാങ്കുകാർക്കു മാത്രമേ അത്തവണ അമ്പതു ശതമാനത്തിലധികം മാർക്കു ലഭിച്ചിരുന്നുള്ളൂ. അതിൽത്തന്നെ മൂന്നു പേരും കേരളീയർ. ജനറൽ വിഭാഗത്തിൽ 42 ശതമാനം മാർക്കാണ് വിജയത്തിന് പരിധി നിശ്ചയിച്ചിരുന്നത്. ഒരുപാടു വർ

ഷങ്ങളുടെ ഇടവേളയ്ക്കുശേഷം കേരളത്തിലേക്കു ഒന്നാം റാങ്കു കൊണ്ടുവന്ന ഹരിത വി. കുമാറിന് മൊത്തം ലഭിച്ചത് 1193 മാർക്ക്. പരമാവധി മാർക്ക് 2250 ഉം. എഴുത്തുപരീക്ഷയിൽ മാത്രം 1013 മാർക്കും വ്യക്തിത്വപരീക്ഷയിൽ (അഭിമുഖം) 250ൽ 180 മാർക്കുമായിരുന്നു ഹരിതയ്ക്കു ലഭിച്ചത്.

ഹരിതയുടെ റാങ്കുനേട്ടത്തിനു പിന്നിൽ അത്യപൂർവ്വമായ സ്ഥിരോത്സാഹത്തിന്റെയും കഠിനാധ്വാനത്തിന്റെയും ചരിത്രമുണ്ടായിരുന്നു. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ഐ.എ.എസ് സ്വപ്നമൊക്കെ ഉപേക്ഷിച്ച് എന്നേ മറ്റേതെങ്കിലും വഴി തേടിപ്പോകുമായിരുന്നു. കാരണം മൂന്നു തവണയും പരിശ്രമം നടത്തി പ്രസാദിക്കാതിരുന്ന സിവിൽ സർവീസ് നാലാം തവണയാണ് ഹരിതയെ അനുഗ്രഹിച്ചത്. ആദ്യത്തെ തവണ പരീക്ഷ എഴുതിയപ്പോൾ ഇന്റർവ്യൂവിനു പോലും തെരഞ്ഞെടുക്കപ്പെട്ടില്ല. 18 മാർക്കിന്റെ കുറവായിരുന്നു കാരണം. നിരാശ തോന്നാതെ വീണ്ടും പഠിച്ച് പരീക്ഷയെഴുതി. അത്തവണ മാർക്കു കുറച്ചു കൂടുതൽ ലഭിച്ചെങ്കിലും ഇന്റർവ്യൂവിൽ വേണ്ടത്ര തിളങ്ങാൻ കഴിഞ്ഞില്ല. മൂന്നാം തവണയും പരീക്ഷയെഴുതിയപ്പോഴാണ് തീർത്തും വിഷമിച്ചുപോയത്. മാർക്കു വല്ലാതെ കുറഞ്ഞു. റാങ്കു പട്ടികയിൽ ഒരുപാട് പിന്നോക്കം പോവുകയും ചെയ്തു. പ്രോത്സാഹനവുമായി മാതാപിതാക്കൾ അപ്പോഴും ഒപ്പം നിന്നതാവാം ഒരുപക്ഷേ വീണ്ടും ഒരിക്കൽ കൂടി പരീക്ഷയെഴുതാൻ പ്രേരണയായത്. എന്തായാലും നാലാമത്തേതും അവസാനത്തേതുമായ ആ പരിശ്രമത്തിൽ ഹരിത മറ്റെല്ലാവരെയും കടത്തിവെട്ടി ഒന്നാം റാങ്കിന്റെ തിളക്കം കരസ്ഥമാക്കുകയായിരുന്നു.

കുട്ടിക്കാലം മുതലേ ഐ.എ.എസുകാരിയാവണമെന്ന ആഗ്രഹമായിരുന്നു ഹരിതയ്ക്ക്. അതും സ്വന്തം നാട്ടിൽത്തന്നെ ഉദ്യോഗം ലഭിക്കണമെന്നുമുണ്ടായിരുന്നു. അച്ഛനിൽ നിന്നാണ് ഈ വക കാര്യങ്ങളെക്കുറിച്ചുള്ള പ്രാഥമിക ജ്ഞാനം ലഭിച്ചത്. ചെറുപ്പത്തിലേ മനസ്സിൽ കടന്നുകൂടിയ മോഹം ഗൗരവതരമായത് 2007ലോ മറ്റോ ആണ്. എഞ്ചിനീയറിംഗ് പൂർത്തിയാക്കിയശേഷം ഐ.എ.എസിനുവേണ്ടി കഠിനമായ പരിശീലനം തുടങ്ങി. ഓരോതവണ പരീക്ഷാഫലം വരുമ്പോഴും നിരാശപ്പെടുകയല്ല മറിച്ച് കൂടുതൽ മെച്ചപ്പെടുത്തണമെന്ന വാശിയാണ് തോന്നിയത്.

സ്വദേശമായ നെയ്യാറ്റിൻകര സെന്റ് തെരേസാസ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഒന്നു മുതൽത്തന്നെ എല്ലാ ക്ലാസിലും ഒന്നാമതായിരുന്നു. ഏഴാം ക്ലാസിൽവച്ച് ശിശുദിനത്തിന് കുട്ടികളുടെ പ്രധാനമന്ത്രിയായി. പത്താം ക്ലാസിൽ ഏഴാം റാങ്കായിരുന്നു ലഭിച്ചത്. നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽനിന്നും പ്ലസ് ടു പൂർത്തിയാക്കി. അതിനുശേഷം തലസ്ഥാനത്തെ ഗവൺമെന്റ് ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളജിൽനിന്നും ഇലക്ട്രോണിക്സിൽ ബി.ടെക് ബിരുദം. തുടർന്ന് എച്ച്സിഎൽ കമ്പനിയിൽ ജോലി ലഭിച്ചിട്ടും അതു



സ്വീകരിക്കാതെയാണ് സിവിൽ സർവീസിനായി യത്നിച്ചത്.

ഹരിതയെ ചരിത്രനേട്ടത്തിലേക്കെത്തിച്ചതിനുള്ള പ്രധാനകാരണം വായനതന്നെയത്രെ. വീട്ടിൽ ബാലമാസിക വരുന്നദിവസം പതിവിലും നേരത്തെ ഉണർന്ന് പത്രവിതരണക്കാരനെ കാത്തിരിക്കുമായിരുന്നു ഈ കുട്ടി. സമപ്രായക്കാർ വിവിധ വിനോദങ്ങളിൽ ഏർപ്പെടുമ്പോഴും അക്ഷരലോകത്തു തന്നെ കഴിയാനായിരുന്നു ഹരിതയ്ക്കു താല്പര്യം. അന്നേ അച്ഛൻ കരുതിവെച്ച മോഹമാണ് മകൾ സാക്ഷാത്കരിച്ചത്. ഒരു വയസുള്ളപ്പോൾ പോലും വാശിപിടിച്ചു കരയുമ്പോഴെല്ലാം കളിപ്പാട്ടങ്ങൾക്കു പകരം വർണ്ണച്ചിത്രങ്ങളുള്ള പുസ്തകങ്ങളായിരുന്നു ഈ ബാലികയെ സന്തോഷിപ്പിച്ചിരുന്നത്. പുസ്തകം കയ്യിൽക്കിട്ടിയാൽ അദ്ഭുതത്തോടെ അവൾ താളുകൾ മറിച്ചുനോക്കിക്കൊണ്ടിരിക്കും. അച്ഛനുമമ്മയും വല്ലപ്പോഴും ഒരു സിനിമയ്ക്കു പോകുമ്പോഴും കുഞ്ഞു കരയാതിരിക്കാനായി കയ്യിലൊരു പുസ്തകം കരുതുക പതിവായി. വായിക്കാൻ അറിയാത്ത പ്രായത്തിലും പുസ്തകത്താളുകളിലെ കഥകൾ അമ്മ പറഞ്ഞുകൊടുക്കുന്നത്

കുഞ്ഞുഹരിത ശ്രദ്ധയോടെ കേൾക്കും. ഈ അഭിരുചിയറിഞ്ഞ് അച്ഛൻ കിട്ടാവുന്നത്ര കുഞ്ഞുമാസികകൾ അവൾക്കു വാങ്ങികൊടുക്കുകയും ചെയ്തു.

സിവിൽ സർവീസ് പരീക്ഷയ്ക്ക് ഇക്കണോമിക്സും മലയാളവുമാണ് ഐച്ഛികവിഷയങ്ങളാക്കിയത്. നിലവിലെ ഇന്ത്യയിലെ സാഹചര്യത്തിൽ സാമ്പത്തിക ശാത്രത്തിന് കൂടുതൽ പ്രസക്തിയുണ്ടെന്ന തോന്നലാണ് അതുതന്നെ തിരഞ്ഞെടുക്കാൻ കാരണം. ഐച്ഛികവിഷയങ്ങളുടെ തിരഞ്ഞെടുപ്പ് ഏറെ സാഹസികമായിപ്പോയെന്ന് സുഹൃത്തുക്കൾ കുറ്റപ്പെടുത്തിയെങ്കിലും സ്വന്തം തീരുമാനത്തെക്കുറിച്ചുള്ള ബോധ്യവും ആത്മവിശ്വാസവുമാണ് ധൈര്യം നൽകിയത്. സ്കൂൾ വിദ്യാഭ്യാസമൊക്കെ ഇംഗ്ലീഷ് മീഡിയത്തിലായിരുന്നെങ്കിലും കുട്ടിക്കാലം തൊട്ടേ മാതൃഭാഷയോടുള്ള പ്രിയമാണ് മലയാളം തിരഞ്ഞെടുക്കാനുണ്ടായ കാരണം. ഹരിത പറയുന്നു: 'മലയാളം നമ്മുടെ സ്വാഭാവിക വിഷയം. അതു പഠിക്കുന്നതായി തോന്നിയതേയില്ല. മറ്റു വിഷയങ്ങൾ പഠിക്കുമ്പോഴുള്ള സമ്മർദം കുറയ്ക്കാനും മലയാളം പഠിച്ചാൽ മതിയാകുന്നതാണ്.' പാലാ സിവിൽ സർവ്വീസ് അക്കാദമിയിലാണ് മലയാളപഠനം നടത്തിയത്. കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളജിൽ അധ്യാപകനായിരുന്ന പ്രഫ. സി.നാരായണനായിരുന്നു സാമ്പത്തിക ശാസ്ത്രത്തിൽ ഗുരുനാഥൻ.

കുട്ടിക്കാലത്ത് മോഹിനിയാട്ടവും ഭരതനാട്യവും പഠിച്ചിരുന്നു. കൂട്ടത്തിൽ കർണ്ണാടക സംഗീതവും അഭ്യസിച്ചു. വായനയുണ്ടായിരുന്നതിനാൽ ചെറുതായി കവിതയെഴുത്തും വശമായിരുന്നു. ഒന്നുകിൽ പഠിത്തം അല്ലെങ്കിൽ കല എന്ന രീതി ശരിയല്ലെന്നാണ് ഹരിതയുടെ അഭിപ്രായം. ഓരോന്നിനും യുക്തിയോടെ സമയം കണ്ടെത്തണം. പലപ്പോഴും കലാപഠനം ജീവിതത്തിൽ അനുഗ്രഹമാവും. ഉദാഹരണത്തിന് ഏറ്റവുമൊടുവിൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ഒരു ചോദ്യമുണ്ടായിരുന്നത് ഹരിത പ്രത്യേകം ഓർക്കുന്നു. ഓടക്കുഴ ലേന്തിയ ശ്രീകൃഷ്ണന്റെ രൂപം ഭാരതീയ സംസ്കൃതിയെ ഒരുപാടു സ്വാധീനിച്ചിട്ടുണ്ടോ - അഭിപ്രായമെന്ത് എന്നായിരുന്നു ചോദ്യം. ഉത്തരമെഴുതാൻ തന്റെ കലാപഠനം സഹായിക്കുകയുണ്ടായെന്ന് ഹരിത. അത്തരം സർഗാത്മകമായ രീതിയിൽ ഉത്തരം ആവശ്യപ്പെടുന്ന ചോദ്യങ്ങളെ നേരിടാൻ വെറും പുസ്തകപഠനം മാത്രം മതിയാവില്ലെന്നു ഹരിത പറയുന്നു.

കലാവാസനകളോടുള്ള ആഭിമുഖ്യം തിരിച്ചറിഞ്ഞപ്പോൾ നൃത്തസംഗീതാദികലകൾ പാഠ്യേതര വിഷയമാക്കാൻ മറന്നില്ല. പഠനകാര്യത്തിലാണെങ്കിൽ യാതൊരുവിധ നിർബന്ധങ്ങളും മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ലതാനും. പഠിക്കണമെന്നു തോന്നുമ്പോൾ മാത്രം പഠിക്കുക. വേണ്ട എന്നു തോന്നുമ്പോൾ നിർത്തുക. ബിടെക് ബിരുദമെടുത്തതിനുശേഷം സിവിൽ സർവീസ് എന്ന ലക്ഷ്യം മുന്നിൽക്കണ്ട് 2007 മുതലേ തയ്യാറെടുപ്പുകൾ തുടങ്ങിയിരുന്നു. പബ്ലിക് ലൈബ്രറിയിൽ അംഗത്വമെടുത്ത് ഗൗരവമായി വായന ആരംഭിച്ചതാണ് തുടക്കം. നളിനി നെറ്റോയെപ്പോലെ രാജ്യത്തിനു പ്രിയപ്പെട്ട ഐ.എ.എസ്സുകാർ ടിവി സ്ക്രീനിൽ മിന്നിമായുമ്പോഴൊക്കെ അതുപോലെ ആവണമെന്നു തോന്നി. കൂടാതെ കെ.ജയകുമാർ, ശാരദ മുരളീധരൻ, ഉഷ ടൈറ്റസ് തുടങ്ങി അറിയാവുന്ന ഐ.എ.എസുകാരെയൊക്കെ നിശ്ശബ്ദം നിരീക്ഷിക്കുകയും ചെയ്തു. സാധാരണക്കാർക്കു വേണ്ടിയാണ് ഐ.എ.എസ്സ് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നത് എന്ന ബോധം നേരത്തെ മനസ്സിൽ കയറിക്കൂടിയിരുന്നു. യഥാർത്ഥത്തിൽ അക്കാര്യം നിർവ്വഹിക്കുന്നതിന് ഒരു എൻ.ജി.ഒ ആയാലും മതിയാവുന്നതാണ്. പക്ഷേ അപ്പോൾ സർക്കാരിന്റെ അധികാരം എടുത്തുപയോഗിക്കാൻ കഴിയില്ലല്ലോ എന്നും കൂടി ആ മനസ്സു പറഞ്ഞുകൊടുത്തു.

പഴയ രീതിയിൽനിന്നും ഏറെ വ്യത്യസ്തമാണ് ഇപ്പോഴത്തെ സിവിൽ സർവീസ് പരീക്ഷയെന്ന് ഹരിത വ്യക്തമാക്കുന്നു. ഉപന്യാസങ്ങൾ എഴുതുക എന്നതിലുപരി ചെറിയ ചെറിയ ചോദ്യങ്ങളുടെ ഉത്തരമെഴുതലാണ് പ്രധാനം. സമയബന്ധിതമായി പരീക്ഷയെഴുതി തീർക്കലും പ്രധാനം തന്നെ. കേരളത്തെ ഒന്നാകെ സംഭ്രമിപ്പിച്ച എന്റോസൾഫാൻ ദുരന്തത്തെക്കുറിച്ചുള്ള ചോദ്യത്തിന് മലയാള പത്രവായന മുടക്കാതിരുന്നതിനാൽ നന്നായി ഉത്തരമെഴുതാൻ കഴിഞ്ഞു.

ഇന്റർവ്യൂ നേരിട്ടതും തികഞ്ഞ ആത്മവിശ്വാസത്തോടെ ആയിരുന്നു. ആദ്യത്തെ ചോദ്യം തന്നെ ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളെക്കുറിച്ചായിരുന്നു. ഇന്ത്യൻ ഭരണകൂടവും ജനാധിപത്യവും പരസ്പരം എതിർദിശയിൽ സഞ്ചരിക്കുകയാണോ? ഇന്ത്യ ഇപ്പോൾ ഒരു പ്രതിസന്ധി ഘട്ടത്തിലാണോ? ഒറ്റ നോട്ടത്തിൽ ഏതൊരാൾക്കും 'അതെ' എന്ന് ഉത്തരം പറയാൻ തോന്നുന്ന ചോദ്യം. എന്നാൽ ഹരിതയുടെ മറുപടി നേരെ മറിച്ചായിരുന്നു.

'നൂറു കോടിയിലേറെ വരുന്ന ജനതയെ ജനാധിപത്യത്തിന്റെ ഒരു കുടക്കീഴിൽ അണിനിരത്തുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങളും വെല്ലുവിളികളുമുണ്ടാവും.' ഹരിത പറഞ്ഞു: 'ഇതിനെ പ്രതിസന്ധിയെന്നു വിളിക്കാനാവില്ല. പ്രശ്നങ്ങളെ തുടർന്ന് ഇന്ത്യയു

ടെ അഖണ്ഡത തകർന്നിട്ടില്ല. അതുകൊണ്ടുതന്നെ ഭരണവും ജനാധിപത്യവും എതിർദിശയിൽ സഞ്ചരിക്കുന്നുവെന്ന് വിലയിരുത്താനുമാവില്ല.'

വ്യക്തമായ കാഴ്ചപ്പാടും ക്രിയാത്മകസമീപനവും ഒത്തുചേർന്ന ഈ മറുപടി ടി.എൻ.ശേഷൻ കൃഷ്ണമൂർത്തി, രാജു നാരായണസ്വാമി എന്നിവർക്കു ശേഷം സിവിൽ സർവീസ് പരീക്ഷയിൽ ഒന്നാമതെത്താൻ ഒരുവേള ഹരിതയെ സഹായിച്ചിട്ടുണ്ടാവാം.

ഇന്ത്യ നേരിടുന്ന നാലു പ്രശ്നങ്ങളെക്കുറിച്ചായിരുന്നു മറ്റൊരു ചോദ്യം. അഴിമതി, ദാരിദ്ര്യം, സ്ത്രീകളുടെ അരക്ഷിതാവസ്ഥ, തൊഴിലില്ലായ്മ എന്നിവയാണ് ആ പ്രശ്നങ്ങളെന്ന് ഉത്തരം നല്കി. ഇവ പരിഹരിക്കാനായി ഒരൊറ്റ മാർഗം നിർദേശിക്കാമോ എന്നായി അടുത്ത ചോദ്യം. ഇൻഫർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജിയുടെ സഹായത്തോടെ സുതാര്യത ഉറപ്പാക്കുകയാണ് പ്രശ്നപരിഹാരത്തിനുള്ള മാർഗമെന്നായിരുന്നു ഉത്തരം.

കേരളത്തെക്കുറിച്ച് എന്തുകൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്നതെന്നും ചോദ്യമുണ്ടായി. മറുപടി പറയുമ്പോൾ ആവേശഭരിതയായിരുന്നു ഹരിത. ദൈവത്തിന്റെ സ്വന്തം നാടെന്നത് ടൂറിസം വകുപ്പിന്റെ ഒരു വിശേഷണവാക്യം മാത്രമല്ലെന്നു പറഞ്ഞു. പിന്നെ കേരളം ദൈവത്തിന്റെ സ്വന്തം നാടുതന്നെയാണെന്നതിനു വിശദീകരണവും നൽകി. നമ്മുടെ ഹരിതാഭയും തോരാത്ത മഴയും തെളിഞ്ഞ അന്തരീക്ഷവും വിദ്യാഭ്യാസമികവുമൊക്കെ എടുത്തുപറഞ്ഞു. കേരളത്തോടുള്ള ഈ കറകളഞ്ഞ സ്നേഹം ഇന്റർവ്യൂ ബോർഡിനും ബോധിച്ചിരിക്കണം. മൺമറഞ്ഞ മലയാളി എഴുത്തുകാരി കമലാസുരയ്യയെക്കുറിച്ചും ഇന്റർവ്യൂ ബോർഡിൽനിന്നും ചോദ്യമുണ്ടായിരുന്നു.

2010ൽ 179-ാം റാങ്കു ലഭിച്ചപ്പോൾ ഐപിഎസിനു പോകാമായിരുന്നിട്ടും ഐ.ആർ.എസാണ് ഹരിത തിരഞ്ഞെടുത്തത്. ഐ.എ.എസ്സുകാരിയായാൽ സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കാം, പാവപ്പെട്ടവരുടെ മുഖം എപ്പോഴും മനസ്സിലുണ്ടാവും എന്നൊക്കെയായിരുന്നു ഹരിത പണ്ടും പറയാറുള്ളത്. എന്നിട്ടും സ്ത്രീകൾക്കുവേണ്ടി ഏറെ കാര്യങ്ങൾ ചെയ്യാമായിരുന്ന ഐ.പി.എസ്സിലേക്കുള്ള ഒരവസരം കൈവന്നിട്ടും എന്തുകൊണ്ടാണ് ഉപയോഗിക്കാഞ്ഞതെന്ന് ഒരു കൂട്ടം വിദ്യാർഥികൾ സംശയം പ്രകടിപ്പിക്കവേ ഹരിതയുടെ സുനിശ്ചിതമായ മറുപടി ഇതായിരുന്നു:

'ഇന്റർവ്യൂ ബോർഡിൽനിന്നും ഇങ്ങനെയൊരു ചോദ്യം താനും പ്രതീക്ഷിച്ചിരുന്നു. ഐപിഎസിലേക്കു ഒരുപാടു സ്ത്രീകൾ കടന്നുവരുന്നുണ്ടെന്നതു ശരിയാണ്. എന്നാൽ എന്റെ സ്വഭാവത്തിനു ചേർന്ന ജോലിയല്ല അത്. ശരിയായ താല്പര്യമുള്ള ജോലി മാത്രമേ ഒരാൾ തിരഞ്ഞെടുക്കാവൂ.'

ഒന്നാം റാങ്കിന്റെ ഖ്യാതിയുമായി പല അഭിമുഖങ്ങളിലും ചർച്ചകളിലും പങ്കെടുത്ത കൂട്ടത്തിൽ ഹരിത പറയുകയുണ്ടായി: 'എന്റെ റാങ്കു നേട്ടത്തിൽ ഭാഗ്യത്തിനും ഒരു വലിയ പങ്കുണ്ടാവാം. എന്റെ തൊട്ടുതാഴെ റാങ്കു നേടിയവരും ഒന്നാം റാങ്കിന് അർഹതയുള്ളവരാണ്.'

മുമ്പേതന്നെ താനൊരു ശരാശരി വിദ്യാർഥിനി മാത്രമായിരുന്നുവെന്നും ഈ കുട്ടി വിനയപൂർവ്വം വ്യക്തമാക്കിയിട്ടുണ്ട്. സാധാരണ സ്കൂളിൽ പഠിച്ചു. സാധാരണ പരിശീലനം മാത്രം നേടി എന്നും.

ഒട്ടും പൊങ്ങച്ചത്തോടെ സംസാരിക്കാത്ത വിനീതയായ ഈ ഐ.എ.എസ്സുകാരിയുടെ ഇഷ്ടങ്ങൾ കൂടി കേട്ടോളൂ - ഇഷ്ട പുസ്തകം - ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ'. മലയാള കൃതി: ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി'. ഇഷ്ടമുള്ള എഴുത്തുകാർ: ടാഗോർ, വൈലോപ്പിള്ളി, എം.ടി. വാസുദേവൻ നായർ. ഇഷ്ട നടൻ: തിലകൻ. ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ കിരീടം എന്ന സിനിമ കണ്ടത് ഇനിയും മറന്നിട്ടില്ല. ഏറ്റവുമൊടുവിൽ തിലകൻ അഭിനയിച്ച ഉസ്താദ് ഹോട്ടലും കണ്ടു. എം.ടി - ഹരിഹരൻ ടീമിന്റെ സിനിമകൾ ഏറെ പ്രിയതരം.

ലാളിത്യത്തിന്റെ പ്രതീകമായ ഈ ഒന്നാം റാങ്കുകാരി തന്റെ പിന്തുടർച്ചക്കാർക്കുവേണ്ടി ഇത്രയുംകൂടി വ്യക്തമാക്കുകയുണ്ടായി: 'ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം അറിയില്ലെങ്കിൽ അറിയില്ല എന്നു തന്നെ പറയുന്നതാണ് അഭികാമ്യം. നമ്മുടെ അറിവിനെയല്ല ഓരോ കാര്യങ്ങളും സാഹചര്യങ്ങളും എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നതും അതിനുള്ള ചിന്താശേഷിയും പരിശോധിക്കുന്നതാണ് സിവിൽ സർവീസ് പരീക്ഷയുടെ കാതൽ'.

2021 ജൂലായ് 12 തിങ്കളാഴ്ച തൃശൂർ ജില്ലാ കളക്ടറായി ചുമതലയേറ്റ ശേഷം ഹൃദയവിശാലതയോടെ പെരുമാറുന്ന ജില്ലയാണ് സാംസ്കാരിക നഗരം കൂടിയായ തൃശൂരെന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തന്നെയാണ് പ്രഥമ പരിഗണനയെന്നും ഹരിത വി. കുമാർ പ്രസ്താവിച്ചിരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും അശരണരുടെയും പ്രശ്നങ്ങൾക്കു പ്രാധാന്യം നൽകുമെന്നും അവർ അറിയിച്ചു.

●

കവിത

# ചിങ്ങം



രാജു.കാഞ്ഞിരങ്ങാട്

ചിങ്ങം പിറന്നു ചിരിച്ചു നിന്നു
ദിക്കുകളൊക്കെ തെളിഞ്ഞുനിന്നു
ചിന്നിച്ചിതറും പുലരൊളിയിൽ
ചിത്രപദംഗങ്ങൾ വട്ടമിട്ടു

മുത്തശ്ശി മുല്ല ചിരിച്ചുനിന്നു
മഞ്ചാടിത്തുമ്പി പതുങ്ങിവന്നു
പഞ്ഞമാസത്തിൻ പതം മറന്ന്
മത്തപ്പു മഞ്ഞിൽ കുളിച്ചുനിന്നു

പിച്ചിയെ പിച്ചിയ പച്ചക്കിളി
പച്ചമേലാപ്പിലൊളിച്ചിരുന്നു
കിരുകിരേ കിങ്ങിണി പാട്ടു മൂളി
കരുമാടിവണ്ടു പറന്നു വന്നു

എന്തൊക്കെ വേണമീ,യോണനാ-
ളിൽ
പുത്തൻ പ്രതീക്ഷതൻ പ്രിയനാ-
ളിൽ
പുത്തനുടുപ്പും പുലിക്കളിയും
പുത്തരിപ്പായസക്കൂട്ടങ്ങളും

ഉണ്ണിതൻ കണ്ണിലെ മിന്നാമിന്നി
മങ്ങിപ്പൊലിയാതെ കാത്തിടേണം
മോലോത്തെ പാടത്ത് പണിയുമില്ല
കോന്തലക്കെട്ടിൽ പണവുമില്ല

എങ്ങനെ കാര്യം നിവർത്തിക്കേണ്ടു
കാതിൽ കാരീയ മൊഴിച്ചപോലെ
അരയിൽ ഞാൻ മുണ്ടു മുറുക്കിക്കെട്ടാം
കുഞ്ഞിന്റെ കാര്യമിതെന്തു ചെയ്യും








ടി.പി.രാധാകൃഷ്ണൻ

## പ്രണയമാപിനി

====================

മനുഷ്യർ  തളിർത്തു
തഴച്ചുപൂക്കുന്നത്
നിന്റെ കണ്ണിൽ പെട്ടിട്ടുണ്ടോ?

പ്രണയിനികളെ കണ്ടതുമുതൽ
എന്റെ കൺകളിലുണ്ടാ
ചെടിയുടെ വസന്തകാലക്കാഴ്ച്ച.

## തിരിച്ചുവരവ്

=============== ===

പണ്ടുമറന്ന പുഞ്ചിരി
തിരിച്ചുവരില്ലെന്നാരു പറഞ്ഞു?

ചിതയെടുത്ത ദേഹം
മഹാപെട്ടലിൽ ചാരമാകുന്നു
വളമേറ്റുന്നു വേരുകൾ
ചെടി പച്ചിച്ച് തുടുക്കുന്നു.
അതിൽ നിറയും പൂക്കളിൽ
പുഞ്ചിരിയില്ലെന്നാരു പറയും.

## പ്രളയം

=========

ചെയ്യാത്ത കുറ്റത്തിന്
ജീവപര്യന്തം തടവിലിട്ടപ്പോഴാണ്
അണക്കെട്ടിന്നകത്തെ വെള്ളത്തിന്
മതിൽ ചാടി
കടലിലൊളിക്കാൻ പൂതിവന്നത്.

# ഒറ്റപ്പെടുമ്പോൾ



അസ്‌ലം തൈപ്പറമ്പിൽ



ചേർന്നിരിക്കാൻ
ആരുമില്ലന്നായാൽ
ജീവനോടെ അടക്കം
ചെയ്തിരിക്കുന്നുവെന്നാണ്.

കണ്ണുകൾ തുറന്ന്
കുഴിമാടത്തിൽ
കിടക്കുന്നത് പോലെ
പകലുറക്കത്തിൽ
ശൂന്യതയിലേക്ക്
എഴുന്നേറ്റ് കിടക്കും.

ഒപ്പം നടക്കാൻ
ആളില്ലാതായത് മുതൽ
ഇടുങ്ങിയ
മതിലുകൾക്കിടയിലൂടെ
ഞെരുങ്ങി നടപ്പാണ്.

ഒറ്റക്ക് നടന്നു നടന്ന്
വൃണപ്പെട്ടകാൽ
വെച്ചു കെട്ടാനാളില്ലാതാകുമ്പോൾ
ഒരു കൂരിരുട്ട് ഹൃദയത്തെ
വെട്ടിപ്പിടിക്കും.

നദിയുടെ ആഴത്തിലേക്ക്
താഴ്ത്തിപ്പിടിച്ച്
ശ്വാസം മുട്ടിക്കുന്നത്
ഒരു നിശബ്ദതതാണ്.

വിളിച്ചുണർത്തിയ വാക്ക്
നിലച്ചു പോകുമ്പോൾ
കരളിലൊരു
തുരുമ്പിച്ച കൂരമ്പ്
തറഞ്ഞിരിക്കും.

# രൗദ്രം

വിജനം, വിമൂകം, ഘനശ്യാമവർണ്ണം
വിപഥം, ഹൃദന്തം ഇരുളിന്റെ കൊത്തളം
മിഴിപ്പൂക്കളെയും ശരത്കാലനൊമ്പരം
അഴലിന്റെ ചോരയൊഴുകുന്നസാഗരം
പാനപാത്രം തുളുമ്പീടുന്ന കാകോളം
വിഷസർപ്പമിഴയുന്ന ദണ്ഡകാരണ്യകം
മരുപ്പച്ചതേടിയുഴലുന്നൊരരേണമായ്
-ത്തളർന്നു മയക്കം നടിക്കുന്ന രാത്രിയിൽ
സംഭ്രമ തീരത്തുനിന്നുപലായനം
കാംക്ഷിച്ചു നിൽക്കുന്നൊരേഴതൻ മാനസം
അഗ്നികൊളുത്തിയുരുകുന്നൊരസ്ഥിയായ്
ചാമ്പലാക്കീടുന്ന പ്രേത ദേവാലയം
സ്വപ്നമരീചിക മിന്നിത്തെളിയുന്ന
പൂത്താലമേന്തുന്ന രാത്രി തൻഗദ്ഗദം
ഏറ്റുവാങ്ങീടും കരാള ഹസ്തങ്ങളിൽ
ഇറ്റിറ്റുവീഴും രുധിര കണങ്ങളിൽ
രാക്കിളിപാടുന്ന ഭീതിദ ഗാനങ്ങൾ!
പോർവിളികൂട്ടുംഭയത്തിൻ നിഴലുകൾ
അറ്റുതെറിച്ചവിരലിന്റെ സ്പർശമായ്
ചാട്ടുളിയേൽക്കുംവ്രണനൊമ്പരങ്ങളായ്
ആകെപ്പുണരുന്ന നീരാളസത്യമായ്
ആണിതറച്ച തിരുദേഹരൂപമായ്
കണ്ടിടാനെന്റെ ഹൃദയം പിളർത്തുന്ന
രൗദ്രരംഗംകണ്ടുകണ്ണുപൊത്തീടുവാൻ
സ്വാർത്ഥമതികളാം നിങ്ങളിലാരുണ്ടു
വ്യർത്ഥമാംജീവിതപ്പാതയിൽ നില്പവർ!!
സ്വപ്ന വിപഞ്ചികമീട്ടിത്തളർന്നവർ!





ഉണ്ണികൃഷ്ണൻ
മുതുകുളം





കെ.കെ.കുമാരൻ

# കൈനീട്ടം

നട്ടുച്ച.... വെയിൽ നാളങ്ങൾ മണ്ണിനെ കാർന്നുതിന്നുന്ന നേരം. റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിലൂടെ ഓവർ ബ്രിഡ്ജിന്റെ അടുത്തുള്ള റോഡിലേക്ക് കയറുന്നതിനാണ് യാത്ര. ഈ വഴി കടന്നു പോകുന്നത് ശീലമാക്കിയിട്ട് കുറച്ച് നാളുകളേ ആയുള്ളു. അതൊരു എളുപ്പവഴിയാണ്. പ്ലാറ്റ്ഫോമിൽ തിരക്ക് വളരെ കുറവാണ്. നടക്കുന്നതിനിടയിൽ അല്പം വിശ്രമിക്കാമെന്ന് കരുതി ആളൊഴിഞ്ഞ കോൺ ഗ്രീറ്റ് ബഞ്ചിൽ ഇരുന്നു.'...

പടിഞ്ഞാറോട്ട് ട്രെയിൻ പോകുന്നതിനുള്ള അനൗൺസ്മെന്റ് മൂന്നു ഭാഷകളിലും മുഴങ്ങി. കച്ചവടക്കാർ ചായയും പലഹാരവും മായി വിൽപനക്ക് തയാറായി.പോകേണ്ടവർ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് കലപില ശബ്ദമുണ്ടാക്കി. ലഗേജുകൾ എടുത്ത് തോള ത്തേക്കിട്ടു.

.. തൊട്ടരികിലുള്ള ബഞ്ചിൽ ഒരു യുവതി ഇരിക്കുന്നുണ്ടായിരുന്നു. അവൾ സുന്ദരിയല്ലെങ്കിലും സൗന്ദര്യത്തിന് കോട്ടം തട്ടാത്ത ഇളം കറുപ്പോടുകൂടിയ ചുരുൾമുടിക്കാരി. ആരേയോ പ്രതീക്ഷിച്ചെന്ന രീതിയിൽ ഇരിക്കുകയാണ് .ദൂരെയാത്രയ്ക്കുള്ള താവാം. പക്ഷേ ലഗേജുകളില്ല വാനിറ്റി ബാഗ് മാത്രം. ചുരുൾമുടികളിൽ ഒട്ടും എണ്ണമയമില്ലാത്തതിനാൽ മുടിയിഴകൾ ഇളം കാറ്റിൽ പാറിക്കളിച്ചു.

ചൂളം വിളിച്ച് ട്രെയിൻ സാവധാനം നിരങ്ങി നിരങ്ങി നിന്നു.ആകെ ബഹളമയം കുറച്ചു പേർ ഇറങ്ങി കുറച്ച് പേർ കയറി ട്രെയിൻ മന്ദം മന്ദം നീങ്ങി ഒരു പൊട്ടു പോലെ അവസാനിച്ചു. ഞാനും യുവതിയും മാത്രം തൊട്ടടുത്ത്. ബാക്കിയുള്ളവർ ദൂരെ മാറിയിരിക്കുകയാണ്. അവൾ എന്നെയൊന്ന് കടാക്ഷിച്ച് പുഞ്ചിരി തൂകി. തിരിച്ച് ഞാനുമൊന്ന് ചിരിച്ചു. അപ്പോൾ കിളിനാദം പോലെയുള്ള ശബ്ദം.

ചേട്ടാ ഒരു രൂപ നാണയം തരുമോ?

'ഒരു രൂപയോ ?' അത്ഭുതപ്പെട്ടു പോയി. എന്റെ ഉള്ളകം മന്ത്രിച്ചു. ഒരു രൂപ യാചിക്കുന്ന യുവതിയിൽ കരുണ തോന്നി പത്തു രൂപ നൽകി. യുവതി പ്രസന്നവദനയാ

യി.ഞാൻ കൈയിലുള്ള മൊബൈലിലെ ഫേസ്ബുക്കിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അല്പം കഴിഞ്ഞപ്പോൾ മധ്യ വയ്സ് കനായ ഒരാൾ യുവതിയുടെ അരികിൽ വന്ന് രഹസ്യമായി മന്ത്രിച്ചു. സന്തോഷത്തോടെ അദ്ദേഹത്തിന് പിന്നാലെ അവൾ നടന്നു നീങ്ങി.

ആരായിരിക്കും അദ്ദേഹം '?

എന്തിനായിരിക്കും തന്നോട് ഒരു രൂപ ആവശ്യപ്പെട്ടത്.'? ചിന്തകൾ കാടുകയറി. ഒരു യാചകയാകാൻ വഴിയില്ല. അവൾക്കതിന്റെ ഒരാവശ്യവുമില്ല.

പിന്നെ എന്തിന്?

ഉത്തരമില്ലാത്ത ചോദ്യവും മായി അന്നത്തെ ഇരിപ്പിന് വിരാമമിട്ട് ജോലി സ്ഥലത്തേക്ക് നടന്നു.

എന്നാൽ യുവതിയും നാണയ തുട്ടും മായാത്ത പ്രകാശം പരത്തി.അത് പിന്നീട് അസ്വസ്ഥതയായി അലട്ടി.

ഒരാഴ്ചക്ക് ശേഷം യാദൃശ്ചികമായി റെയിൽവേ സ്റ്റേഷനിലൂടെ വീണ്ടും പോകാനിടയായി. ഒരു രൂപ ആവശ്യപ്പെട്ട യുവതിയെ ഒരിക്കൽ കൂടി കാണാനിടവന്നു.

ഇന്ന് മറ്റൊരു ബെഞ്ചിലാണ് അവൾ ഇരിക്കുന്നത് .എന്നെ കണ്ടപ്പോൾ പുഞ്ചിരി തൂകി എഴുന്നേറ്റ് വന്നു.

ചേട്ടാ...' ഇന്നും ഒരു രൂപ തരുമോ?

എന്തിനാണ് ഈ ഒരു രൂപ ?

ചേട്ടനിൽ നിന്നും കൈനീട്ടം വാങ്ങിയതാണ്. നല്ല കൈപ്പുണ്യമുണ്ട് നിങ്ങൾക്ക്. അന്ന് എനിക്കത് ബോധ്യപ്പെട്ടു.കൂടുതൽ ആവശ്യക്കാരെയും അന്നെനിക്കു കിട്ടി. അവളുടെ വാക്കുകൾ കേട്ട് ഞാൻ ഞെട്ടിത്തരിച്ചു. വിശ്വസിക്കാനാവുന്നില്ല. ഒന്നും .

ഒരക്ഷരം പോലും ഉരിയാടാതെ ഒരു നാണയത്തുട്ടുനൽകി നടന്നു നീങ്ങി.

തന്നിൽ നിന്നും കൈ നീട്ടം വാങ്ങിയാണ് അവൾ ശരീരവിൽപനയ്ക്കായി പോകുന്നത്. തന്നിൽ മദിച്ചു മറഞ്ഞു കൊണ്ടിരുന്ന വികാരം ഭ്രമാത്മകതയുടെ കൊടുംങ്കാറ്റിൽ ആടിയുലഞ്ഞു.

സ്ത്രീത്വത്തിന്റെ വേദനയും വിഹ്വലതകളും മനസ്സിനെ കാർന്നുതിന്നു'. ജീവിതം ജീവിച്ച് തീർക്കാൻ കെട്ടിയാടപ്പെടുന്ന വേഷങ്ങൾ പലതരത്തിലും പല പല രൂപത്തിലും നിറഞ്ഞാടുകയാണ്. ചില യാഥാർത്യങ്ങൾ ബോധ്യപ്പെടുന്ന നിമിഷങ്ങൾ" :....

പിന്നീട് പല പ്രാവശ്യം എന്നേയും കാത്ത് യുവതി നിൽക്കമായിരുന്നു. ഒരു സങ്കോചവും കൂടാതെ ഞാനും കൈനീട്ടം നൽകി പ്പോരു മാ യി രു ന്നു.

അടുത്ത യാത്രയിൽ ഞാനൊരു തീരുമാനത്തിലെത്തി.

ഒന്ന് പരിചയപ്പെടണം. ഇത്തരത്തിലൊരു ജീവിതം നയിക്കാനുണ്ടായ സാഹചര്യമറിയണം. എന്നിലെ ആകാംക്ഷ അക്ഷമയായി വളർന്നു.

അന്നും പ്രതീക്ഷിച്ചതു പോലെ യുവതി നിൽക്കുന്നുണ്ടായിരുന്നു. എന്നെക്കണ്ടപ്പോൾ സന്തോഷത്താൽ അവൾ അരികിൽ വന്നു. ഒന്ന് പരിചയപ്പെടണമെന്നുണ്ടായിരുന്നു.മുഖ വര കൂടാതെ ഞാൻ പറഞ്ഞു.' പേര് ഇതുവരെ പറഞ്ഞില്ല.

ചേട്ടൻ പേര് ചോദിച്ചതുമില്ല.

നിമിഷ നേരത്തെ നിശബ്ദതയ്ക്കു ശേഷം അവൾ പറഞ്ഞു. പേര് ഗായത്രി .വിവാഹിതയാണോ ?

അവൾ അങ്ങനെയൊരു ചോദ്യം പ്രതീക്ഷിച്ചിരുന്നില്ലെന്നു മുഖഭാവത്തിൽ മനസ്സിലായി.

അതെ '

പിന്നെ എങ്ങനെയാണ് ഇതുപോലെയൊരു ജീവിതത്തിൽ എത്തപ്പെട്ടത്?

പ്ലാറ്റ്ഫോമിലെ തിരക്കിലും ഞങ്ങളെ പലരും സംശയത്തോടെ വീക്ഷിച്ചു.ഏറെ വൈകിയും യാത്ര തുടരുന്ന തീവണ്ടികളുടെ സമയക്രമത്തെക്കുറിച്ചുള്ള അറിയിപ്പും മുഴങ്ങി. അവൾ പറഞ്ഞ് തുടങ്ങി.

'ഭർത്താവും ഒരുമകളും എനിക്കുണ്ട്. അങ്ങേര് ഒരു മാനസിക രോഗിയാണ്. അനാഥയായ എന്നെ എവിടെയെങ്കിലും കെട്ടിയേൽപ്പിക്കാൻ വെമ്പൽപൂണ്ട ബന്ധുക്കൾ'. കിട്ടിയവനെപ്പിടിച്ച് ഏൽപ്പിച്ച് അവർ രക്ഷപ്പെട്ടു. എങ്ങനെയോ ഒരു കുഞ്ഞും പിറന്നു. ജീവിതം ദുരന്തക്കയത്തിലൂടെ തുഴഞ്ഞു നീന്തിയപ്പോൾ കുട്ടിയേയും എടുത്ത് ആത്മഹത്യ ചെയ്യുന്നതിനായി പൊട്ടക്കിണറിനരികിലേക്കു നടന്നപ്പോഴാണ് ഒരു സ്നേഹിത മുന്നിൽ വന്നത്. അവളാണ് ഈ തൊഴിലിലേക്ക് എന്നെ കൊണ്ടുവന്നത്. ഇപ്പോൾ കുട്ടിയുടെ ആഹാരത്തിനും ഭർത്താവിന്റെ ചികൽസയ്ക്കും പണം തികയുന്നുണ്ട്. ചിലപ്പോൾ ചിലവ് കഴിഞ്ഞ് ബാക്കി തുക മി

ച്ചം വരുന്നുമുണ്ട്.

ഇനി ഈ തൊഴിലിൽ നിന്നും കരകയറാനാകില്ല. അത്രയ്ക്ക് ആഴത്തിലേക്കു വേരുകൾ താഴ്ന്നു പോയി ഇത്രയും പറഞ്ഞ് അവൾ മൗനയായി. നിങ്ങൾക്കു നല്ലതു വരട്ടെ'

കൈനീട്ടം നൽകി ഞാൻ നടന്നകന്നു.

ചേട്ടാ... ആ വിളിക്ക് ആർദ്രതയും സ്നേഹവും തോന്നി. ഒരു നിമിഷം തിരിഞ്ഞ് നിന്ന് അവളുടെ മുഖത്തേക്ക് നോക്കി. എന്തെന്നില്ലാത്ത വശ്യത എനിക്കനുഭവപ്പെട്ടു.

എന്താണ്.? ആകാംക്ഷ പൂർവ്വം തിരക്കി.

മുന്നിൽ വരുന്ന എല്ലാ വരേയും ഞാൻ എന്നിലേക്ക് ക്ഷണിക്കാറുണ്ട്. അവരുടെ ക്ഷണികമായ സുഖത്തിന് വേണ്ടി പ്രലോഭിപ്പിക്കാറുണ്ട്.

എന്നാൽ ചേട്ടനെ മാത്രം അതിനായി വിളിക്കില്ല . കളങ്കമില്ലാത്ത സ്നേഹം. അതാണ് അങ്ങെനിക്ക്...അസ്ത ""മിക്കാത്ത ' പ്രഭാകിരണമായി അവ എന്നിലെന്നും നിലനിൽക്കട്ടെ'

ഗായത്രിയുടെ ' കണ്ണുകളിൽ നിന്ന് ഇറ്റ് വീണ കണ്ണീരിന് ദുഃഖ സാന്ദ്രമായ നീറ്റലുണ്ടായതായി അനുഭവപ്പെട്ടു.

വിദൂരതയിലേക്ക് ഗായത്രി നടന്നകന്നു.

കലങ്ങി കുത്തിയൊലിച്ചൊഴുകുന്ന അരുവിയായി അന്തരാത്മാവിൽ നൊമ്പരം തീർത്ത് ഞാനും തിരിച്ച് നടന്നു. അപ്പോൾ പ്രകൃതിയും ശോകമൂകമായി .

പിന്നീട് കുറെ നാളുകൾ ആവഴിയെ ഞാൻ സഞ്ചരിക്കാറുണ്ടായിരുന്നില്ല. ഗായത്രിയെ കാണണമെന്നുള്ള ആഗ്രഹം. വളർന്നു പന്തലിച്ചു നിന്നു.

എന്തിനാണാവോ അങ്ങനെയൊരു തോന്നൽ.? നല്ലതല്ലാത്ത ഒരു ചിന്ത എന്നിൽ വേട്ടയാടപ്പെട്ടു.

വീണ്ടും റെയിൽവേ സ്റ്റേഷനിലൂടെ സഞ്ചരിക്കാൻ തീരുമാനിച്ചു.സ്റ്റേഷനിലെത്തി. യാത്രക്കാരെല്ലാം മൂകമായി നിൽക്കുകയാണ്. ചിലർ അവിടവിടെ മാറി നിന്ന് സ്വകാര്യത കൈമാറുന്നു. പ്ലാറ്റ്ഫോമിന് വെളിയിലായി റെയിൽവേ ട്രാക്കിനരികിലായി ചെറിയൊരാൾ കൂട്ടം.

ആദ്യം എന്റെ കണ്ണുകൾ പാഞ്ഞുചെന്നത് ഗായത്രി ഇരിക്കാറുള്ള കോൺക്രീറ്റ് ബെഞ്ചിലേക്കായിരുന്നു'.

അവിടം ശൂന്യം.. മറ്റൊരിടത്തും അവൾ ഇരിക്കാറില്ല. അതുറപ്പ്.. ഇന്നവൾ എത്തിയിട്ടില്ല. എത്തുമായിരിക്കും. തൊട്ടരികിൽ നിന്ന യാത്രക്കാരനോട് തിരക്കി.അവിടെയെന്താണ് ഒരാൾ കൂട്ടം ?എന്തോ സംഭവിച്ചതുപോലെയുണ്ടല്ലോ?

ഒട്ടും കൂസലില്ലാതെ അദ്ദേഹം പറഞ്ഞു.

ഒരു ബോഡി കിടക്കുന്നു. അൽപം മുമ്പ് കടന്നു പോയ പാസഞ്ചർ ട്രെയിൻ തട്ടിയതാണ്. ആരാണെന്നറിയില്ല.

എന്നിലെ ഹൃദയമിടിപ്പ് വർധിച്ചു. തന്റെ പരിചയക്കാരിൽ ആരെങ്കിലും ആകാതിരിക്കട്ടെയെന്ന് പ്രാർത്ഥിച്ചു.യാന്ത്രികമായി അവിടേക്ക് തിരക്കിട്ടു നടന്നു .ദൂരെ മാറി നിന്നു വീക്ഷിച്ചു.

പ്രജ്ഞയറ്റു നിന്ന നിമിഷങ്ങൾ. റെയിൽവേ ട്രാക്കിൽ പിന്നിപ്പറഞ്ഞു കിടന്ന ഇളം നീലസാരി.'ദൈവമേ...

തലച്ചോറിൽ കൊള്ളിയാൻ മിന്നി. കണ്ണുകളിൽ ഇരുട്ടുകയറി നില തെറ്റി വീഴാതിരിക്കാൻ ഏറെ പാടുപെട്ടു.'

ഉടൽ വേർപെട്ട ശിരസ്സ്... റെയിൽവേ ട്രാക്കിൽ തളം കെട്ടിക്കിടക്കുന്ന ചുടുരക്തം.

'കഷ്ടം'...

ഒന്നേ നോക്കിയുള്ളൂ. പിന്നെ തിരിഞ്ഞു നടന്നു. ദാഹിച്ച് തൊണ്ട വരണ്ടു. വീഴാതിരിക്കാനായി കോൺഗ്രീറ്റ് ബെഞ്ചിൽ ഉരുന്നു. തലയും ഉടലും വേർപെട്ട അനാഥ ശവമായി ഗായത്രി കിടക്കുന്നു. അവൾക്ക് നൽകാനുള്ള ഒരു രൂപ നാണയം പോക്കറ്റിൽ കിടന്ന് ചുട്ടുപൊള്ളുന്നു.

ഈ ദുരന്തം തന്നെ അറിയിക്കാനായിരിക്കും ഇന്ന് ഇതിലെ പോകണമെന്ന് മനസ്സു പറഞ്ഞതും.

മൂകത തളം കെട്ടിയ അന്തരീക്ഷത്തിൽ ചെറുകാറ്റു പോലും അനങ്ങിയില്ല'. എങ്ങും ശൂന്യത മാത്രം. മനസിക രോഗിയായ ഭർത്താവിന്റെയും ഒരു നേരത്തെ ആഹാരത്തിനായി അമ്മയെ കാത്തിരിക്കുന്ന പിഞ്ചു ബാലികയുടേയും ദയനീയ മുഖം എന്നിൽ തീമഴയായി പെയ്തു കൊണ്ടിരുന്നു.

●

കവിത



# ശരിയും തെറ്റും



കണ്ടല്ലൂർ ലാഹിരി

ഞാൻ പറയുന്നതാണ്
ശരിയെന്നും
നീ പറയുന്നത് മാത്രമാണ്
ശരിയെന്നും
തലക്കനം കുറയാതെ
പരസ്പരം
നാം പറയുന്നുണ്ട്.

നമ്മൾ
പറഞ്ഞതിൽ നിന്നും
ശരിയുടെ
ഒരു തരിപോലും
സംവാദ അരിപ്പയിലൂടെ
അരിച്ചെടുക്കുവാൻ
ഇതേവരെ
കഴിഞ്ഞിട്ടുമില്ല.

നമ്മളാണ്
ഏറ്റവും വലിയ തെറ്റെന്ന്
നമ്മൾക്ക് മാത്രം
ശരിയായതിലൂടെ
തെളിയിച്ചുകൊണ്ടേയിരിക്കുന്നു.
തെറ്റുകളാൽ

ആറ്റുനോറ്റ് വാറ്റിയെടുത്ത
വീഞ്ഞ് ലഹരിയിൽ
നമ്മൾ
മയങ്ങിപ്പോവുന്നു.

നിദ്രയുടെ
പാലവും കടന്ന്
വെളിവിന്റെ ഇക്കരപ്പുലരിയിൽ
എത്തുമെന്നും
നിനയ്ക്കുന്നു.

സത്യമര ചില്ലയിലെ
പക്ഷികളുടെ
പാട്ടുകേട്ടുണരാൻ കൊതിക്കുന്നു.
കൂടെപ്പാടുവാൻ,
അവയ്ക്ക് കൂട് ഒരുക്കുവാൻ തോന്നുന്നു.

അങ്ങനെയൊരു മരവിത്ത്
പാകാത്തിടത്തോളം കാലം
ശരിയും തെറ്റും
തമ്മിലുള്ള
വാക്കുലച്ചിൽ യുദ്ധം
തുടർന്നുകൊണ്ടേയിരിക്കും.

കവിത

# തീവണ്ടിപ്പാത



രാജീവ് മാമ്പുള്ളി

തമ്മിലെന്നും ചേരാത്തവർ

ഒട്ടകലാതെന്നും തമ്മിൽ കാണുവോർ

ജീവിതയാനം ചുമക്കുമ്പോൾ
ഉടലുരുകി ഉലയൂതി പായുമ്പോൾ
പരിഭവപറച്ചിലുകളിൽ വിഴുപ്പലക്കി
ഇടയ്ക്കിടെ അവസാനിപ്പിക്കണമെന്ന
തോന്നലിലും

വിട്ടുപോവാനാവാതെ

വീണ്ടും കിതപ്പാറ്റി
കുതിച്ചു പാച്ചിലിൽ കടിഞ്ഞാണിട്ട്
ഇരു പാളത്തിൽ ഒഴുകി നീങ്ങുവോർ.

നമ്മൾ,
ഉടൽ പിണയാതെ ഉയിർപിണഞ്ഞ്
ഇരുമനങ്ങളായി പടമുരഞ്ഞ്
തുടർയാത്രയിൽ
പുനർജ്ജനിക്കുവോർ !

